


# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം

TIMES OF AMERICAN MALAYALI

2026
ആഗസ്റ്റ്





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**


**www.timesofamericanmalayali.com**




സുകുമാർ അഴിക്കോട് തിരിഞ്ഞു നോക്കുമ്പോൾ ജീവിതത്തിലെ ഏറ്റവും ധന്യമായ ദിവസമെന്നു തോന്നുന്ന ദിനമായിരുന്നു അത്. തന്റെ ജീവിതത്തിലെ എല്ലാം നല്ല മുന്നേറ്റങ്ങൾക്കും ആ അവിസ്മരണീയ ദിനം പ്രചോദനം പകർന്നു. സേവാഗ്രാമത്തിലെത്തി ചെലവഴിച്ച നിമിഷങ്ങളാണ് അദ്ദേഹത്തിനു എല്ലാ ധർമ്മസമരങ്ങൾക്കും കരുത്തും ആദർശത്തിന്റെ തെളിച്ചവും ഉണ്ടാക്കിക്കൊടുത്തത്. വർദ്ധ ജീവിതത്തിലൊരു വഴിത്തിരിവായി. പിന്നെ സുകുമാരൻ വർദ്ധയിൽ പോയില്ല. ഡൽഹിയിൽ പലതവണ പോയി. പക്ഷേ, വർദ്ധ സുകുമാരന്റെ ഉള്ളിൽ നിന്നു പോയില്ല. ഡൽഹി ഒരിക്കലും ഉള്ളിൽ കടന്നുമില്ല.





ആ ശബ്ദം മെസ്സാലയുടേതായിരുന്നു.

ബാല്യകാലം മുതൽ ബൻഹറിന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്ന റോമാക്കാരൻ. വെറും പത്തൊൻപത് വയസ്സേ ഉണ്ടായിരുന്നുള്ളൂ എങ്കിലും, കുലീന കുടുംബത്തിൽ ജനിച്ചതിനാൽ മെസ്സാലയ്ക്ക് ഉയർന്ന പദവിയുണ്ടായിരുന്നു. കൊട്ടാരത്തിൽ മിക്ക ദിവസങ്ങളിലും അവൻ വരാറുണ്ടായിരുന്നു. ഇപ്പോൾ മെസ്സാല തന്നെ സഹായിക്കുമല്ലോ. അവർ സഹോദരന്മാരെപ്പോലെയല്ലായിരുന്നു? ബൻഹർ സുഹൃത്തിനുനേരെ കൈനീട്ടി, ആകാംക്ഷ യോടെ അവന്റെ പേര് വിളിച്ചു.

എന്നാൽ മെസ്സാല ബൻഹറിനെ തണുത്ത ഭാവത്തിൽ നോക്കി.

1880ൽ പ്രസിദ്ധീകരിച്ച ലൂ വാലസിന്റെ
പ്രശസ്ത നോവലിന്റെ സ്വതന്ത്ര വിവർത്തനം


**പുസ്തകവിചാരം** **റെജി കെ.എസ്.**




**ഉല്പത്തിയുടെ പുനർജ്ജനി**
(നോവൽ ) .... 10

**പ്രൊഫ.കോശി തലയ്ക്കൽ**
പ്രസാധകർ :
പരിധി പബ്ലിക്കേഷൻസ്,
തിരുവനന്തപുരം.



**കർത്തവ്യകർമ്മത്തിന്റെ സാക്ഷ്യപത്രങ്ങൾ**

**- വി.ഐ.ജോൺസൺ**





പ്രസാധകർ : ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് .... 11
തിരുവനന്തപുരം.

*ചാൾസ് കിംഗ്സ്ലിയുടെ* .... 10
*ലോസ്റ്റ് ഡോൾ എന്ന കവിതയുടെ സ്വതന്ത്ര പരിഭാഷ*

**സാംസ്കാരികം** ........... 12


# ആലാപനത്തിന്റെ തേനും വയമ്പും

**അഭിലാഷ് പുതുക്കാട്**



**ഈ** യുഗത്തിൽ ജനിക്കാനായത് സുകൃതം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ വളരാനായത് ഭാഗ്യം. സംഗീതമെന്ന ഈശ്വരന്റെ സ്വരം നുകരാനായത് കടാക്ഷം. ജാനകിയമ്മയെ കൂടുതലറിയാനായൊരു ജന്മം.



മലയാളം ശ്രേഷ്ഠഭാഷയാണ്. ആ ഭാഷയെ മധുരമായി കേട്ട് പരിശീലിച്ചതിൽ എസ്.ജാനകിയ്ക്കുള്ള സ്വാധീനം ഒരു മലയാളിയ്ക്കും തള്ളിക്കളയാനാകില്ല. ചെറുപ്പകാലത്ത് എന്റെ അമ്മ, രാധാണി, പാട്ടുപാടിയിരുന്നതെല്ലാം ജനകിയമ്മയുടെ പാട്ടുകളായിരുന്നു. വളർന്നപ്പോൾ പിന്നെ പാട്ടുകൾ തേടിയുള്ള യാത്രയായി. അന്നൊന്നും എസ്.ജാനകി എന്ന പേര് കേൾക്കും എന്നല്ലാതെ ഒന്ന് കാണുവാൻ പോലും കഴിഞ്ഞിട്ടില്ല. പക്ഷേ, അമ്മയ്ക്കും അപ്പാവുക്കും ജാനകിയമ്മയുടെ സ്വരം കേട്ടാൽ തിരിച്ചറിയാനാകുമായിരുന്നു, റേഡിയോയിൽ ഒഴുകിവരുന്ന ശബ്ദം അവർ തിരിച്ചറിഞ്ഞ് ഒരുപോലെ പറയും എസ്.ജാനകിയെന്ന്. അമ്മയ്ക്കു ബാബുരാജ്, ദക്ഷിണാമൂർത്തി, എ.ടി. ഉമ്മർ എന്നി വരുടെ സംഗീതമാണ് പ്രിയമെങ്കിൽ അപ്പാവുക്കു തമിഴ് ഗാനങ്ങളോടാണ് ഇഷ്ടം. ലോറി ഡ്രൈവറായിരുന്ന അപ്പ തമിഴ്നാട്ടിൽ പോയിവരുമ്പോൾ എസ്.ജനകിയുടെ ചില കാസറ്റുകളുമായി വരും. അന്നുവരെ പുതുക്കാട് കേൾക്കാത്ത പാട്ടുകളുമായിരിക്കും അവ.

സ്കൂൾ പഠനകാലത്ത് എന്റെ സംഗീതവളർച്ചയ്ക്കു ഏറെ സഹായകമായത് തൃശ്ശൂർ ആകാശവാണി നിലയമാണ്. വീട്ടിൽ ദിവസത്തിന്റെ പകുതിയിലേറെയും റേഡിയോ (ഒറ്റസ്പീക്കറുള്ള സാനിയോ) പാടിയിരുന്നു. രാവിലെ സുപ്രഭാതം മുതൽ രാത്രി രഞ്ജിനിയോ, കഥകളിപദങ്ങൾ വരെയോ അത് അവിടെ പ്രവർത്തിച്ചുകൊണ്ടേയിരിക്കും. വീട്ടിൽ നിന്നും റേഷൻകടയിലേക്ക് നടന്നു പോകുമ്പോൾ പോലും റേഡിയോയിലെ ഒരു പരിപാടിയും നഷ്ടപ്പെടാറില്ല, കാരണം പോകുംവഴിയിലല്ലാം ഓരോ വീട്ടിൽനിന്നും റേഡിയോയുടെ ഉച്ചത്തിലുള്ള ശബ്ദം കേൾക്കാം. സത്യം പറഞ്ഞാൽ ദിനം തുടങ്ങുന്നതും അവസാനിക്കുന്നതും റേഡി യോയുടെ ശബ്ദത്തിനൊപ്പമാണ്. പത്താം ക്ലാസ് പാസ്സായി കഴിഞ്ഞപ്പോൾ തോന്നി പാട്ട് പഠിക്കണമെന്ന്. എന്റെ ഒരു ആഗ്രഹത്തിനും എതിരു നിൽക്കാത്തവരാണ് മാതാപിതാക്കൾ, എവിടെ വേണേലും പഠിക്കുവാനുള്ള അനുമതിയുണ്ട്. അങ്ങനെ കുട്ടിക്കാലത്തെ സുഹൃത്തായ രഞ്ജിത്തിനൊപ്പം കുറച്ചുകാലം പാലാഴി ശ്രീകൃഷ്ണാശ്രമത്തിൽ മണി ടീച്ചറുടെ ശിക്ഷണത്തിൽ കർണ്ണാടകസംഗീതം അഭ്യസിച്ചു. അമ്മയ്ക്കു ഇഷ്ടമുള്ള പാട്ടുകൾ റേഡിയോയിൽ വരുമ്പോൾ ഓടിച്ചെന്ന് റെക്കോർഡ് ബട്ടൺ അമർത്തും. അപ്പോൾ അനുജത്തി ആശ വന്ന് ടേപ്പ് റെക്കാർഡിനു മുന്നിൽ ഓരോ ശബ്ദമുണ്ടാക്കും. അതൊക്കെയായിരുന്നു കുട്ടിക്കാലം.... പിന്നീട് പാട്ടുകൾ ശേഖരിക്കുവാൻ അവൾ ഒരുപാട് സഹായിച്ചിട്ടുണ്ട്

ഡിപ്ലോമയ്ക്കു മാളയിൽ മോഡൽ പോളിടെക്നിക്കിൽ ചേർന്നു. അപ്പോഴാണ് റേഡിയോയുമായുള്ള അടുപ്പം കുറയുന്നത്. രാവിലെയുള്ള ഐലന്റ് എക്സ്പ്രസ്സിൽ പോകുവാൻ വീട്ടിൽനിന്നും 7.40ന് ഇറങ്ങണം. വാർത്തകൾ കഴിഞ്ഞാൽ പിന്നെ ചലച്ചിത്രഗാനങ്ങളാണ്. എങ്ങനെവന്നാലും ഒരു ചലച്ചിത്രഗാനം കേൾക്കാനുള്ള സമയമേ ലഭിക്കാറുള്ളൂ. ആ ഗാനമായിരിക്കും അന്നത്തെ ദിവസം മുഴുവൻ. ഭാഗ്യമുണ്ടെങ്കിൽ ഒരു ജാനകി ഗാനം, എന്നാൽ പിന്നെ പറയുകയും വേണ്ടാ. പോളിടെക്നിക്കിൽ നിന്നു കിട്ടിയ പ്രധാന കൂട്ടുകാരാണ് തൃശ്ശിവപേരൂർ നെല്ലങ്കരയുള്ള പ്രസാദ് നമ്പീശൻ. എന്റെ ജാനകിഭ്രാന്ത് അവൻ കൂട്ടി




# അഴീക്കോട് എന്ന വിചാരശില്പി



പോൾ മണലിൽ

പത്തനാപുരത്ത് ജനിച്ചു.
മാതാപിതാക്കൾ: മണലിൽ എം.ജി. അലക്സാണ്ടർ കെ.സി. ഏലിയാമ്മ. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ്, തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ്, മൈസൂർ യൂണിവേഴ്സിറ്റി ജേണലിസം ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ പഠിച്ചു. പത്രപ്രവർത്തനത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദാനന്തരബിരുദങ്ങൾ. കാലിക്കറ്റ് യൂണിവേഴ്സിറ്റി ജേണലിസം ആന്റ് മാസ്സ്കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിൽനിന്ന് മലയാള പത്രപ്രവർത്തന ചരിത്രത്തിൽ പി.എച്ച്.ഡി. മലയാള മനോരമ അസിസ്റ്റന്റ് എഡിറ്ററായും കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായും പ്രവർത്തിച്ചു.
കേരള യൂണിവേഴ്സിറ്റി ജേണലിസം ബോർഡ് ഓഫ് സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ജേണലിസം പോസ്റ്റ് ഗ്രാജേറ്റ് പാസ്സ് ബോർഡ്, കേരള സർക്കാർ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേന്ദ്ര ഫിലിം സെൻസർ ബോർഡ് എന്നിവയിൽ അംഗമായിരുന്നു. എം.ജി. യൂണിവേഴ്സിറ്റി ജേണലിസം ഡിപ്പാർട്ട്മെന്റ്, ഭാരതീയ വിദ്യാഭവൻ, കോട്ടയം പ്രസ്ക്ലബ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം ബിഷപ്പ് സ്പീച്ച്ലി കോളജ് ജേണലിസം ഡിപ്പാർട്ട്മെന്റ്, കോഴിക്കോട് മഹാത്മാഗാന്ധി കോളജ് ഓഫ് മാസ്സ്കമ്മ്യൂണിക്കേഷൻ എന്നിവിടങ്ങളിൽ അദ്ധ്യാപനം നടത്തിയിട്ടുണ്ട്. മലേഷ്യയിലെ ലിങ്കൺ യൂണിവേഴ്സിറ്റിയുടെ കുട്ടിക്കാനം സെന്ററിൽ റിസേർച്ച് ഗൈഡാണ്.
കേരള സർക്കാരിന്റെ അക്ഷരകേരളം അവാർഡും കേരള പ്രസ്അക്കാദമിയുടെ വി.കരുണാകരൻ നമ്പ്യാർ അവാർഡും ഉൾപ്പെടെ പത്രപ്രവർത്തനത്തിൽ സംസ്ഥാനദേശീയരാജ്യാന്തര തലത്തിൽ ഇരുപത്തിയഞ്ചോളം അവാർഡുകൾ ലഭിച്ചു.
മലയാള പത്രപ്രവർത്തന ചരിത്രം, പത്രപ്രവർത്തനം: സിദ്ധാന്തവും പ്രയോഗവും, മാധ്യമ വിചാരങ്ങൾ എന്നിവയുടെ കർത്താവും മീഡിയ ഫോർ സൊസൈറ്റി, ഡൈനാമിക്സ് ഓഫ് മോഡേൺ കമ്മ്യൂണിക്കേഷൻ, മാധ്യമ നിരീക്ഷണം, മാധ്യമങ്ങളും സമൂഹവും എന്നിവയുടെ എഡിറ്ററുമാണ്. കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങൾ എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി അവാർഡും അഴീക്കോട് എന്ന വിചാരശില്പി എന്ന കൃതിക്ക് എസ്.കെ. പൊറ്റെക്കാട്ട് അവാർഡും ലഭിച്ചു. ജീവചരിത്രം, ചരിത്രം, സാഹിത്യപഠനം തുടങ്ങിയ വിഷയങ്ങളിൽ മുപ്പതോളം കൃതികൾ രചിച്ചു. ബഷീർ പഠനപരമ്പരയിൽ പത്തു പുസ്തകങ്ങളും സുകുമാർ അഴീക്കോട് പഠനപരമ്പരയിൽ 25 പുസ്തകങ്ങളും ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ നൂറിലധികം പുസ്തകങ്ങൾ എഡിറ്റ് ചെയ്തു.
ഭാര്യ : ബീനാ പോൾ
മക്കൾ : മീരാ പോൾ, ഡോ. വീണാ പോൾ

## 1. ഗാന്ധിജി വഴിത്തിരിവായി



**ഡൽ**ഹിയിൽ വന്നിട്ടു രണ്ടു ദിവസമായതേയുള്ളു. ജോലി തേടി വന്നതാണ്. അത് കിട്ടുമെന്ന് ഉറപ്പാക്കുകയും ചെയ്തു. പക്ഷേ, മൂന്നാം ദിവസമായപ്പോൾ ആ വലിയ നഗരത്തോട് വെറുപ്പു തോന്നിത്തുടങ്ങി. പൊള്ളുന്ന ചൂട്. തിരക്കിട്ടു നീങ്ങുന്ന മനുഷ്യർ. പട്ടാളക്കാർ റോന്ത് ചുറ്റുന്നു. തിരക്കേറിയ നഗരത്തിൽ തികച്ചും ഒറ്റപ്പെട്ടവനായി തോന്നി. മനസ്സ് അന്വേഷിച്ച വഴി അപ്പിടെയൊന്നും കണ്ടെത്താനായില്ല.

ഇരുപത്തൊന്നുകാരനായ സുകുമാരൻ കേരളത്തിലെ ഒരു നാട്ടു മ്പുറത്തുനിന്ന് ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ എത്തിയത് ഒരു ബി.കോം. ഡിഗ്രിയുടെ ബലത്തിന്മേലായിരുന്നു. ഡൽഹിയിൽ ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ ഒരു ജോലി വേണം. ഏതെങ്കിലും ഒരു ജോലി. അന്നൊക്കെ സർക്കാർ ജോലി വലിയ മാന്യതയായിരുന്നു.

സുകുമാരന് ആ മഹാനഗരത്തിൽ ആരെയും പരിചയമില്ല. ഒരു ചെറിയ കോമേഴ്സ് ബിരുദം കൊണ്ട് അവിടെ എവിടെയും എത്താൻ പറ്റില്ല. അതിനാൽ അച്ഛൻ ഒരു പിൻബലം ശരിയാക്കിക്കൊടുത്തിരുന്നു. വി.പി. മേനോന് ഒരെഴുത്ത്. മേനോൻ അന്നു കരുത്തനാണ്. മൗണ്ട് ബാറ്റൻ പ്രഭുവിന്റെ ഭരണഘടനാ ഉപദേഷ്ടാവ്, പട്ടേലിന്റെ വലംകൈ.

സുകുമാരന്റെ അച്ഛന് മേനോനെ നേരിട്ടറിയില്ല. എന്നാൽ, മേനോന്റെ ഭാര്യ കണ്ണൂർക്കാരിയാണ്. അവരുടെ വീട്ടുകാരെ അച്ഛനു നല്ല പരിചയമുണ്ട്. മേനോനു നല്ല അടുപ്പമുണ്ടായിരുന്ന പഴയ ഒരു റാവുസാഹേബും കണ്ണൂരിലുണ്ടായിരുന്നു. അദ്ദേഹത്തിൽ നിന്നൊരു കത്തു വാങ്ങിയിട്ടാണ് അച്ഛൻ സുകുമാരനെ ഭാഗ്യാന്വേഷണത്തിന് ഡൽഹിയിലേയ്ക്ക് അയച്ചത്. ഡൽഹി സെക്രട്ടറിയേറ്റിൽ ഉയർന്ന ജോലിയുള്ള ഒരു കണ്ണൂർ സ്വദേശി ഉണ്ടായിരുന്നു. താമസം അവരുടെ വീട്ടിൽ.

സുകുമാരൻ ജോലി തേടി ഡൽഹിയിൽ എത്തിയത് 1946ലാണ്. സ്വാതന്ത്ര്യത്തിനു തൊട്ടുമുമ്പ്. ഇടക്കാല ഗവൺമെന്റ് വാഴുന്നു. 1946 സെപ്റ്റംബർ രണ്ടിനാണല്ലോ ഈ ഭരണസംവിധാനം നിലവിൽവന്നത്. അധികാരം ഇന്ത്യാക്കാരുടെ കൈയിലേക്കു പകരുക എന്ന ലക്ഷ്യത്തിലേക്ക് വളരെ അടുത്തപ്പോൾ സ്വീകരിക്കപ്പെട്ട ഒരു പരിപാടിയായിരുന്നു ഇടക്കാലഗവൺമെന്റ്. അന്ന് കോൺഗ്രസ്സിന്റെ ലക്ഷ്യം ദേശത്തിന്റെ മോചനവും സ്വാതന്ത്ര്യമായ ഭരണസംവിധാനം കൈവരിക്കുകയും ആയിരുന്നു. ഇടക്കാല ഗവൺമെന്റ് അതിന്റെ സാക്ഷാത്കാരസോപാനം കയറുവാനുള്ള ഒന്നാംപടിയായിരുന്നു. ഇന്ത്യ ഭരിക്കുന്നതിന് ഇന്ത്യക്കാരെത്തന്നെ ഏൽപ്പിക്കാമെന്ന തത്ത്വചിന്ത ബ്രിട്ടീഷുകാർ ഇടയ്ക്കു നൽകിയ ഒരു സമ്മതമൂളലായിരുന്നു അത്.

ഇടക്കാലഗവൺമെന്റ് ഏർപ്പെടുത്തിയതിനെ തുടർന്നുള്ള ദിനങ്ങൾ അസ്വാസ്ഥ്യജനകങ്ങളായിരുന്നു. നേരത്തെ നടന്ന കാബിനറ്റ് മിഷന്റെ സന്ദർശനത്തിനുശേഷം സംസ്ഥാന മന്ത്രിസഭകൾ ജനപ്രതിനിധിസഭകളിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുത്തിരുന്നു. ഇതിലും, തുടർന്നുണ്ടായ ഇടക്കാലഗവൺമെന്റിലും ലീഗ് ആദ്യം സഹകരിച്ചില്ല. മാറി നിൽക്കുക മാത്രമല്ല, ജിന്ന ഒരു പ്രത്യക്ഷസമരം പ്രഖ്യാപിക്കുകയും ചെയ്തു. ഹിന്ദുക്കളും മുസ്ലിങ്ങളും ഏറ്റുമുട്ടി. പലേടത്തും അക്രമവും കൊലയും നടന്നു.

ഇടക്കാലഗവൺമെന്റിന്റെ തലവനായിരുന്ന ജവഹർലാൽ നെഹ്റുവിനെ കൂടാതെ കോൺഗ്രസ്സിന്റെ പ്രതിനിധികളായി സർദാർ വല്ലഭഭായ് പട്ടേൽ, രാജേന്ദ്രപ്രസാദ്, ആസഫലി, സി.രാജഗോപാലാചാരി, ശരത്ചന്ദ്രബോസ്, ഡോ.ജോൺ മത്തായി, സർദാർ ബലദേവ് സിംഗ്, ഷാഫത്ത് അഹമ്മദ് ഖാൻ, ജഗജീവൻറാം, സയ്യിദ് അലിസഹീർ, സി. എച്ച്. ഭാഭാ എന്നിവരും മന്ത്രിസഭയിൽ ഉണ്ടായിരുന്നു. ഇടക്കാലഗവൺമെന്റ് അധികാരമേറ്റതോടെ കല്ക്കത്തയിലും മാറ്റം ഉണ്ടായ വർഗീയ കലാപത്തിൽ ഏഴായിരത്തിലധികം പേർ കൊല്ലപ്പെട്ടിരുന്നു. അക്രമങ്ങൾ തുടരുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ജോലി തേടി സുകുമാരൻ ഡൽഹിയിലെത്തുന്നത്. അവിടെ എല്ലായിടത്തും അസ്വസ്ഥത നിറഞ്ഞു നിൽക്കുന്നതായി സുകുമാരന് മനസ്സിലാക്കാൻ കഴിഞ്ഞു.

ഇടക്കാലഗവൺമെന്റിന്റെ തുടക്കത്തിൽ കോൺഗ്രസ് മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിലും 1946 ഒക്ടോബറിൽ മുസ്ലിം ലീഗും അതിൽ ചേരുന്നതിന് സമ്മതം അറിയിച്ചു. ലിയാഖത്താലിഖാൻ, ചന്ദ്രിഗർ, അബ്ദുറബ്, നിഷ്ടാർ, ഗസ്നഫർ അലിഖാൻ, ജോഗേന്ദ്രനാഥ് മണ്ഡൽ എന്നിവരുടെ പേരുകൾ മന്ത്രിസഭയിലേക്കു ജിന്ന വൈസ്രോയിക്ക് സമർപ്പിക്കുകയും ചെയ്തു. ഇവർക്കു സ്ഥാനം കൊടുക്കാൻ വേണ്ടി കോൺഗ്രസ്സിലെ ശരത്ചന്ദ്രബോസ്, ഷഫാത്ത് അഹമ്മദ് ഖാൻ, സയ്യിദ് അലിസഹീർ എന്നിവർ മന്ത്രിസ്ഥാനം ഒഴിയുകയും ചെയ്തു. അങ്ങനെ ലീഗും കോൺഗ്രസ്സും ചേർന്ന് ആ താല്കാലിക വ്യവസ്ഥയുടെ കാലത്ത് ഇന്ത്യ ഭരിച്ചു.

ഇടക്കാലഗവൺമെന്റിൽ ശക്തനായ ഒരംഗമായിരുന്നു സർദാർ വല്ലഭഭായ് പട്ടേൽ. ഈ ഗവൺമെന്റിന്റെ ആരംഭത്തിൽ പട്ടേലായിരുന്നല്ലോ കോൺഗ്രസ്സിന്റെ പ്രസിഡന്റ്. സുകുമാരൻ കത്തുമായി കാണാൻ പോയ വി.പി. മേനോൻ പട്ടേലിന്റെ വലകൈ എന്ന് പ്രസിദ്ധനായ സഹപ്രവർത്തകനും സുഹൃത്തുമായിരുന്നു. ഇടക്കാലഗവൺമെന്റിൽ മേനോൻ ഒരു സെക്രട്ടറിയായിരുന്നു. ഒരു സർക്കാർ സെക്രട്ടറി എന്നതിലുപരി ഒരു അപൂർവ്വ വ്യക്തിത്വമായിരുന്നു മേനോൻ. അത്ര ശക്തനായ ഒരു മലയാളി അതിനു മുമ്പോ പിമ്പോ ഡൽഹി സെക്രട്ടറിയേറ്റിൽ ഭരണചക്രം തിരിച്ചിരുന്നുവെന്നു തോന്നുന്നില്ല. ആ മേനോനെ കാണാനാണ് സുകുമാരൻ കത്തുമായി പോയത്.

1946ൽ സുകുമാരൻ മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിൽ നിന്ന് ബി.കോം. പരീക്ഷ പാസായിട്ടേയുള്ളൂ. ഇന്നത്തെപ്പോലെ തൊഴിൽ കിട്ടാൻ വർഷങ്ങൾ കാത്തു കെട്ടിക്കിടക്കേണ്ട കാലമല്ലായിരുന്നു അത്. പക്ഷേ, സുകുമാരന് അന്നു ജോലി ഉടനെ ലഭിച്ചേ പറ്റൂ എന്ന സ്ഥിതിയിലായിരുന്നു. കാരണം, മറ്റൊന്നുമല്ല. കുടുംബഭാരം ലഘൂകരിക്കണം; കുടുംബം പുലർത്തുന്നതിനു പ്രയാസപ്പെടുന്ന അച്ഛനെ സഹായിക്കണം. അച്ഛന്റെ ആഗ്രഹമനുസരിച്ചാണ് അങ്ങനെ സുകുമാരൻ ഡൽഹിക്കു പുറപ്പെട്ടത്. അല്പം കാത്തിരുന്നെങ്കിൽ ബാങ്കിലോ ഇവിടെയോ ഒരു ജോലി കിട്ടുമായിരുന്നു. എങ്കിൽ നല്ല ബാങ്ക് ബാലൻസോടുകൂടി റിട്ടയർ ചെയ്യാമായിരുന്നു. സഹപാഠികൾ പലരും അങ്ങനെയാണ് റിട്ടയർ ചെയ്തത്.

ഡൽഹിയിൽ സെക്രട്ടറിയേറ്റിൽ ചെന്ന് വി.പി. മേനോനെ കണ്ടു. കത്തു കൊടുത്തു. ജോലി ശരിയാക്കാമെന്ന് മേനോൻ പറഞ്ഞു. പ്രയാസമൊന്നുമില്ല. ബി.കോം. ഡിഗ്രി ഉണ്ടല്ലോ. ഒരു യു.ഡി. ക്ലാർക്കായിട്ടോ മറ്റോ ഉടനെ ജോലി കിട്ടും. കുറെ കഴിഞ്ഞു ഭേദപ്പെട്ടൊരു ജോലിക്കു ശ്രമിക്കാം. എന്തായാലും രണ്ടു ദിവസം ഡൽഹിയിൽ തങ്ങാൻ മേനോൻ ആവശ്യപ്പെട്ടു. അതു കഴിഞ്ഞ് ഏതെങ്കിലും ഒരു ജോലിയിൽ പ്രവേശിക്കാം.

ജീവിതത്തിൽ ആദ്യമായി ഒരു ജോലി കിട്ടാൻ പോകുന്നു. സുകുമാരന് സന്തോഷമായി. രണ്ടു ദിവസം കഴിഞ്ഞ് മേനോനെ ചെന്നു കാണാമെന്നു പറഞ്ഞു. തന്റെ താമസ സ്ഥലത്തേക്ക് മടങ്ങി. ചൂട് അസഹ്യമായിരുന്നു. പരിചയമില്ലാത്ത ഒരു വീട്ടിൽ വെറുതെ പാർക്കാനും സുകുമാരന്റെ അഭിമാനം തടസ്സം സൃഷ്ടിച്ചു. പോരെങ്കിൽ....

'സ്വാതന്ത്ര്യത്തിന്റെ മുമ്പുള്ള ഡൽഹിയും ഭാരതത്തിന്റെ മറ്റൊരറ്റവുംഞാൻ ആദ്യമായി കാണുകയാണ്. എവിടെയൊക്കെയോ അസ്വസ്ഥതകൾ. ഉള്ളിലും പലേടത്തും വർഗീയത തലപൊക്കയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പാതയിൽ ലക്ഷ്യം മറന്നതുപോലുള്ള നീക്കങ്ങൾ. അധികാരത്തിനുവേ



# അഴീക്കോട് എന്ന വിചാരശില്പി

**സുകുമാർ അഴിക്കോട് തിരിഞ്ഞുനോക്കുമ്പോൾ ജീവിതത്തിലെ ഏറ്റവും ധന്യമായ ദിവസമെന്നു തോന്നുന്ന ദിനമായിരുന്നു അത്. തന്റെ ജീവിതത്തിലെ എല്ലാം നല്ല മുന്നേറ്റങ്ങൾക്കും ആ അവിസ്മരണീയ ദിനം പ്രചോദനം പകർന്നു. സേവാഗ്രാമത്തിലെത്തി ചെലവഴിച്ച നിമിഷങ്ങളാണ് അദ്ദേഹത്തിനു എല്ലാ ധർമ്മസമരങ്ങൾക്കും കരുത്തും ആദർശത്തിന്റെ തെളിച്ചവും ഉണ്ടാക്കിക്കൊടുത്തത്. വർദ്ധ ജീവിതത്തിലൊരു വഴിത്തിരിവായി. പിന്നെ സുകുമാരൻ വർദ്ധയിൽ പോയില്ല. ഡൽഹിയിൽ പലതവണ പോയി. പക്ഷേ, വർദ്ധ സുകുമാരന്റെ ഉള്ളിൽ നിന്നു പോയില്ല. ഡൽഹി ഒരിക്കലും ഉള്ളിൽ കടന്നുമില്ല.**

ണ്ടിയുള്ള കടിഞ്ഞാൺ വലികളും. നഗരത്തിൽ ആകെപ്പാടെ ചൂടും. അവിടെ നിൽക്കാൻ തോന്നിയില്ല. ഉടനെ മടങ്ങണമെന്നു തോന്നി. അവിടെ നിൽക്കാൻ മനസ്സും സമ്മതിക്കുന്നില്ല. അങ്ങനെ മൂന്നാം ദിവസം ഞാൻ ആ മഹാനഗരത്തോട് യാത്ര പറഞ്ഞു. മേനോനെ കാണാനും പോയില്ല. ഞാൻ ചെന്നു കാണാതിരുന്നതു മേനോനും പ്രയാസമുണ്ടാക്കി കാണില്ലായിരിക്കും. അവിടെ ഒരു ജോലി വേണ്ടെന്നു തീരുമാനിക്കാൻ അധികം ചിന്തിക്കേണ്ടിവന്നില്ല. എന്നാൽ,അച്ഛനെന്തു തോന്നും എന്നൊരാശങ്ക മനസ്സിൽ എവിടെയോ ഒളിച്ചിരിപ്പുണ്ടായിരുന്നു. ഇന്നും ആ മൂലയിലേക്കു നോക്കാൻ എനിക്ക് ധൈര്യം പോര....'

സെക്രട്ടറിയേറ്റിയിൽ ജോലി തേടിപ്പോയ സുകുമാരൻ എന്ന സുകുമാർ അഴിക്കോട് തന്റെ ജീവിതത്തിലെ വഴിത്തിരിവിനെപ്പറ്റി വിവരിക്കുകയായിരുന്നു.

'ഞാൻ അന്നവിടെ താമസിച്ചിരുന്നെങ്കിൽ ഒരു ജോലി കിട്ടുമായിരുന്നു. വലിയ ഒരു വാതിൽ തുറന്നു കിട്ടിയതാണ്. ഞാൻ ഉള്ളിലേക്കു കയറിയില്ല. കയറിയിരുന്നെങ്കിൽ ഗുമസ്ത വേല ചെയ്ത് ഒരുപക്ഷേ, ചെറിയൊരു കല്യാണവും കഴിച്ച്, ജീവിതം തള്ളിനീക്കാമായിരുന്നു. ചിലപ്പോഴൊക്കെ പടിപടിയായി ഞാനിന്ന് ഒരു അംബാസഡറോ ഹൈക്കമ്മിഷണറോ മറ്റോ ആയിത്തീർന്നേനെ. കുറഞ്ഞപക്ഷം, ഒരു ചീഫ് സെക്രട്ടറി. ഭാഗ്യം! അതൊന്നും വേണ്ടിവന്നില്ല. അങ്ങനെയെങ്കിൽ എനിക്കു സുഖം കിട്ടുമായിരുന്നോ? എന്റെ വഴി അതല്ലെന്നു പെട്ടെന്നു തോന്നി. എന്നാൽ, അത്ര എളുപ്പം വഴി മാറിപ്പോകാമായിരുന്നു. ഭാഗ്യം! ഭാഗ്യം എന്ന് ഇന്നും തോന്നുന്നു!'

ഡൽഹിയിൽനിന്ന് മടങ്ങുമ്പോൾ സുകുമാരന്റെ പക്കൽ അധികം പണമൊന്നുമില്ലായിരുന്നു. തീവണ്ടിയാത്രയ്ക്കും ഭക്ഷണത്തിനും ഉള്ളതു മാത്രം. പണമുണ്ടെങ്കിലും നാടുചുറ്റി അതു ധൂർത്തടിക്കാമെന്ന ചിന്തയും സുകുമാരന് ഉണ്ടായിരുന്നില്ല. കൈയിൽ ആകെ ഉണ്ടായിരുന്ന രണ്ടു മൂന്നു ജോഡി വസ്ത്രങ്ങളാണ്. പിന്നെ കുറച്ചു പുസ്തകങ്ങളും. ജോലി സ്വീകരിക്കാതെ മടങ്ങിയപ്പോൾ സുകുമാരന് അല്പം ഭീതിയുണ്ടായിരുന്നു. അച്ഛൻ ശകാരിച്ചേക്കും. അച്ഛന് കോപം പിടിച്ചാൽ ആളിക്കത്തും. പക്ഷേ, വെറുതെ കോപിക്കില്ല. വീട്ടിലെ ഭാരം ലഘൂകരിക്കാൻ സുകുമാരന് ഒരു ജോലി കിട്ടണമെന്നേ അച്ഛൻ ആഗ്രഹിച്ചുള്ളു. അതൊരു വലിയ ആവശ്യവുമായിരുന്നു. വേറെ ജോലി കിട്ടും. പക്ഷേ, കിട്ടാറായ ജോലി വേണ്ടെന്നുവച്ചതു ശരിയായോ? പോരെങ്കിൽ ജ്യേഷ്ഠൻ ജയകൃഷ്ണൻ കുടുംബം രക്ഷിക്കാൻ കുറച്ചുവർഷം മുമ്പ് പട്ടാളത്തിൽ ചേർന്നിരുന്നു. അതുമൂലം കിട്ടിയ ഫീസ് സൗജന്യവും മറ്റും ഉപയോഗപ്പെടുത്തിയാണ് കോളേജ് വിദ്യാഭ്യാസം വലിയ ബുദ്ധിമുട്ടില്ലാതെ നടത്തിയത്. ജ്യേഷ്ഠനു കൂടുതൽ കുടുംബസ്നേഹമുണ്ടായിരുന്നു. ജ്യേഷ്ഠൻ തന്നെക്കാൾ എത്രയോ വലിയ ഹൃദയമുള്ള ആളാണെന്ന് അനുജൻ ഇപ്പോഴും കരുതുന്നു.

സുകുമാരന്റെ മനസ്സ് ഏറെ അസ്വസ്ഥമായിരുന്നു. അന്വേഷണം എവിടെയോ തടയുന്നതുപോലെ. തന്റെ രഹസ്യമായ പല ഹൃദയനിയമങ്ങളും ഡൽഹിയിലെ ചൂടിൽ ഉണങ്ങിപ്പോകുമെന്നായിരുന്നു വലിയ ഭയം. എന്നാൽ, മനസ്സ് ശാന്തമായപ്പോൾ അന്വേഷണത്തിന്റെ പാത സുഗമമായിത്തീരുന്നതു പോലെ തോന്നി. ഉദ്യോഗം തേടിയുള്ള ആ യാത്ര ഒടുവിൽ ഏതോ പുണ്യം അന്വേഷിച്ചുകൊണ്ടുള്ള തീർത്ഥയാത്രയായി ഭവിച്ചത് അങ്ങനെയാണ്; കാശിയിലൊന്നും പോയിട്ടല്ല.

സുകുമാർ അഴിക്കോട് ആ പഴയ കാലത്തേക്കു തിരിഞ്ഞു നോക്കിയപ്പോൾ തികച്ചും ആത്മധന്യത അനുഭവപ്പെടുന്ന തീർത്ഥയാത്രയായി അതിനെ കണ്ടു. ആ കഥ അദ്ദേഹം വിവരിച്ചു.

ഡൽഹിയിൽനിന്ന് മദ്രാസിലേക്കു ടിക്കറ്റെടുത്ത് തീവണ്ടിയിൽ കയറി. ഗ്രാൻഡ് ട്രങ്ക് എക്സ്പ്രസിൽ. മൂന്നാം ക്ലാസിലാണ്. അന്ന് കേരളത്തിലെത്താൻ മദ്രാസ് വഴിവേണം സഞ്ചരിക്കാൻ. തീവണ്ടിയാത്ര അന്നൊരു ദുസ്സഹമായ ഏർപ്പാടായിരുന്നു. തിക്കും തിരക്കും അതികലശൽ. ഒന്നിരിക്കാൻ പോലും ഇടംകിട്ടില്ല. പകലാണെങ്കിൽ ചുട്ടുപൊള്ളുന്ന വെയിൽ. തിരക്കു കാരണം രാത്രിയിലും ഉഷ്ണം തന്നെ. സുകുമാരന് ഒരു കോണിൽ ഇറ്റു സ്ഥലം കിട്ടി. മദ്രാസ് വരെ വായിക്കാനുള്ള പുസ്തകം കൈയിലുണ്ട്. സുകുമാരൻ നിരവധി തവണ വായിച്ചിട്ടുള്ള 'പ്രാചീനാര്യവർത്തം' എന്ന പുസ്തകം അന്നും കരുതിയിട്ടുണ്ടായിരുന്നു. രമേശചന്ദ്രന്റെ ഈ പുസ്തകം സുകുമാരന്റെ ചരിത്രബോധത്തിന് അടിത്തറ പാകിയ മുഖ്യഘടകമാണ്. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ സുകുമാരൻ അതു വായിച്ചിട്ടുണ്ട്.

ഇഴഞ്ഞും കുതിച്ചും തീവണ്ടി നാഗപ്പൂരിലെത്തി. നാഗ്പ്പൂർ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു അന്നു പ്രസിദ്ധമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പല സമ്മേളനങ്ങളും സ്വാതന്ത്ര്യത്തിനു മുമ്പ് അവിടെവച്ചു നടത്തിയിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തെ ത്വരിതപ്പെടുത്തിയ പല സുപ്രധാന തീരുമാനങ്ങളും നാഗർപ്പൂരിൽ വച്ചുണ്ടായിട്ടുണ്ടല്ലോ. 1923 മേയ് ഒന്നുമുതൽ നാഗപ്പൂരിൽ ആരംഭിച്ച പതാകസത്യാഗ്രഹം പ്രസിദ്ധമാണല്ലോ. സ്വരാജ്യക്കൊടിയുടെ മാനം കാത്തു സൂക്ഷിക്കാനായിരുന്നു ഈ പതാകസമരം. അതുവരെ ജബൽപ്പൂരി നടന്നുവന്നിരുന്ന ഈ സമരം നാഗപ്പൂരിലേക്കു മാറ്റിയതിനെ തുടർന്നാണ് പ്രസ്തുത സമരം ദേശീയശ്രദ്ധ പിടിച്ചു പറ്റിയതെന്നു പറയാം. അതൊരു അഖിലേന്ത്യാ സമരമായിത്തീരുകയും ചെയ്തു. കേരളത്തിൽനിന്ന് വെങ്കിടരാമ ശർമ്മ, എം.കുമാരൻ, കൊച്ചുണ്ണിനായർ, ജി.ശ്രീധരൻ, എൻ.പി. കുരുക്കൾ, കുലശേഖരപ്പെരുമാൾ, കെ.മാധവൻനായർ, വി.ആർ. സുബ്രഹ്മണ്യയ്യർ എന്നിവർ പതാകാസത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റു വരിച്ചിട്ടുണ്ട്. ഓഗസ്റ്റ് 15നു ആ സമരത്തെ ബ്രിട്ടീഷുകാർ അംഗീകരിക്കുകയും ചെയ്യുകയുണ്ടായല്ലോ.




ഇങ്ങനെ ദേശീയമായ പല പ്രാധാന്യങ്ങളും നാഗ്പ്പൂരിനുണ്ട്. അക്കാലത്തു സ്വാതന്ത്ര്യസമരപ്രസ്ഥാനവും അതിന്റെ ചരിത്രവും സുകുമാരന് എന്നും ഒരു പ്രചോദനമായിരുന്നു. ഭാരതം സ്വാതന്ത്ര്യത്തിന്റെ പടിമുറ്റത്തെത്തിയിരിക്കുകയാണ്. ഏവർക്കും പ്രതീക്ഷ ഉളവാക്കിയ കാലം. വള്ളത്തോൾ പാടിയ 'പുലർക്കാലം'. സുകുമാരന് വലിയ ഒരു ആവേശമായിരുന്നു. ഭാരതം കോൺഗ്രസ് ഭടന്മാരുടെ കർമ്മചൈതന്യത്തിൽ സ്വാതന്ത്ര്യത്തിലേക്ക് നീങ്ങുകയാണ്. ആ കർമ്മചൈതന്യത്തിന്റെ സിരാകേന്ദ്രമായിരുന്നല്ലോ ഗാന്ധിജി. ആ പുണ്യപുരുഷൻ സുകുമാരന്റെ ആദർശചക്രവാളത്തിലെ അനശ്വര ജ്യോതിസായിരുന്നു.

നാഗ്പ്പൂർ കഴിഞ്ഞാൽ അടുത്ത തീവണ്ടിസ്റ്റേഷനാണ് വർദ്ധ-അന്നും ഇന്നും മലയാളികൾ 'വാർദ്ധ' എന്നു ഈ സ്ഥലത്തെ വിളിക്കുന്നു. വർദ്ധയ്ക്കു അടുത്താണല്ലോ സേവാഗ്രാമം.

'ഞാൻ സേവാഗ്രാമത്തപ്പറ്റി ധാരാളം കേട്ടിരുന്നു. അവിടെ ഗാന്ധിജിയുടെ ആശ്രമമുണ്ട്. തീവണ്ടി വർദ്ധയിൽ എത്തിയപ്പോൾ നേരം വെളുത്തിരുന്നു. എന്റെ മനസ്സിൽ ചെറുപ്പം മുതൽ ഒളിച്ചു കൂടിയിരുന്ന ഒരു വമ്പൻ ആഗ്രഹം ഗാന്ധിജിയെ നേരിട്ട് കാണണം എന്നുള്ളതായിരുന്നു. തീവണ്ടി വർദ്ധയിൽ എത്തിയപ്പോൾ ഞാൻ തീരുമാനിച്ചു, അവിടെ ഇറങ്ങി ഗാന്ധിജിയെ കാണുകതന്നെ. എന്നിട്ടാകാം മറ്റു കാര്യങ്ങൾ. ഗാന്ധിജി സേവാഗ്രാമിൽ ഉണ്ടോ എന്നൊന്നും അറിയില്ല. അതേപ്പറ്റി അന്വേഷിച്ചതുമില്ല. ഗാന്ധിജിയില്ലെങ്കിൽ ഗാന്ധിജിയില്ലാത്ത സേവാഗ്രാമം കാണാം. പക്ഷിയില്ലെങ്കിൽ പക്ഷിക്കൂടില്ലേ? ഞാൻ വർദ്ധയിൽ തീവണ്ടിയിറങ്ങി. ടോങ്കോ എന്ന് ഉത്തരേന്ത്യയിൽ അറിയപ്പെട്ട വാഹനത്തിൽ കയറി പൂഴിമണ്ണിലൂടെ കുറെ നാഴിക താണ്ടി സേവാഗ്രാമിൽ എത്തി. എട്ടു രൂപയോ മറ്റൊ കൊടുത്തെന്നു തോന്നുന്നു. ടോങ്കോക്കാരൻ എന്നെ വഹിച്ചുകൊണ്ട് അപ്പോൾത്തന്നെ എനിക്കറിയാമായിരുന്നു. വിധിതന്നെ എന്നെ പറ്റിക്കുന്ന സന്ദർഭത്തിൽ ഈ ചെറിയ പറ്റിക്കൽ ഞാൻ കാണക്കാക്കിയില്ല.'

വർദ്ധ എന്ന നാമം സുകുമാരന്റെ മനസ്സിൽ ആഴത്തിൽ വീണ ഒന്നാണ്. വർദ്ധ വിദ്യാഭ്യാസ പദ്ധതി! ആ സ്റ്റേഷനിൽ ഇറങ്ങാതെ തെക്കോട്ടു മടങ്ങിപ്പോകുന്നത് എങ്ങനെ? ഇനി എന്നാണു വടക്കോട്ടു വരാൻ പറ്റുക എന്ന് ഒരു നിശ്ചയവുമില്ലല്ലോ? വർദ്ധ അന്ന് എപ്പോഴും തലക്കെട്ടുകളിൽ വന്നിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് മേധാവിത്വത്തെ പിടിച്ചു കുലുക്കിയ ക്വിറ്റിന്ത്യാ സമരത്തിന്റെ തുടക്കം വർദ്ധയാണല്ലോ? വർദ്ധയിൽ 1942 ജൂലൈ ആറു മുതൽ സമ്മേളിച്ച കോൺഗ്രസ് പ്രവർത്തകസമിതിയാണു ജൂലൈ പതിന്നാലിനു ചരിത്രപ്രസിദ്ധമായ ക്വിറ്റിന്ത്യാ പ്രമേയം ചർച്ച ചെയ്ത് അംഗീകരിച്ചത്. താൻ വിഭാവന ചെയ്യുന്ന ക്വിറ്റിന്ത്യാ പ്രസ്ഥാനത്തെപ്പറ്റി ഗാന്ധിജി വർദ്ധയിൽവച്ചു അന്നു കോൺഗ്രസ് പ്രസിഡന്റായിരുന്ന അബുൽകലാം ആസാദുമായി ചർച്ച ചെയ്തിരുന്നു. ബ്രിട്ടീഷുകാരെ പുറത്താക്കുന്നതിന് അഹിംസാത്മകമായ ഒരു സമരത്തിന് ഒരുക്കമാണെന്നു ഗാന്ധിജി അറിയിച്ചു. ഗാന്ധിജിയുടെ നേതൃത്വം സ്വീകരിച്ചുമാണ് കോൺഗ്രസ് അന്നു ക്വിറ്റിന്ത്യാ പ്രമേയം അംഗീകരിച്ചതു.

വർദ്ധയ്ക്കു വേറെയും ചരിത്രപരിവേഷങ്ങൾ ഉണ്ട്. 1942ൽ ക്വിറ്റിന്ത്യാ സമരം ആളിപ്പടർന്നത്. 1940 ഒക്ടോബറിൽ ആരംഭിച്ച വ്യക്തിസത്യാഗ്രഹം എന്ന തീപ്പൊരിയിൽ നിന്നായിരുന്നല്ലോ. ബ്രിട്ടീഷുകാരുടെ രക്ഷയ്ക്കു വേണ്ടി ലോക മഹായുദ്ധത്തിൽ ഭാരതത്തിന്റെ ആത്മാവിനെ ബലികൊടുക്കാൻ സാമ്രാജ്യഗവൺമെന്റ് തീരുമാനിച്ചു. അതിനെതിരെ ഒരു മനുഷ്യനെ ഉപയോഗിച്ച് അപൂർവ്വസേനാനിയായ ഗാന്ധിജി നടത്തിയ വിശുദ്ധ സമരമാണ് വ്യക്തിസത്യാഗ്രഹം. അതു തുടങ്ങിയതു വർദ്ധയിലാണ്. ആചാര്യ വിനോബാഭാവെ എന്ന സത്യാഗ്രഹിയായിരുന്നു അതിന്റെ ചൈതന്യപ്രഭാവം ആളിപ്പടർത്തിയത്. യുദ്ധവിരുദ്ധ പ്രസംഗം എന്ന രീതിയിലാണു അതു നടത്തിയത്. അങ്ങനെ വർദ്ധയിൽ തുടങ്ങിയ സമരം നാടെങ്ങും വ്യാപിപ്പിച്ചു. ദേശിയനേതാക്കളും സംസ്ഥാന നേതാക്കളും ഓരോരുത്തരായി സമരപ്രഖ്യാപനം നടത്തി. വല്ലാത്തൊരു സമരമായിരുന്ന അത്. വർദ്ധയിൽ കത്തിയ തീപ്പൊരി അങ്ങനെ ആസേതുഹിമാചലം ആളിപ്പടർന്നു.



# അഴീക്കോട് എന്ന വിചാരശില്പി

**സുകുമാർ അഴിക്കോട് തിരിഞ്ഞുനോക്കുമ്പോൾ ജീവിതത്തിലെ ഏറ്റവും ധന്യമായ ദിവസമെന്നു തോന്നുന്ന ദിനമായിരുന്നു അത്. തന്റെ ജീവിതത്തിലെ എല്ലാം നല്ല മുന്നേറ്റങ്ങൾക്കും ആ അവിസ്മരണീയ ദിനം പ്രചോദനം പകർന്നു. സേവാഗ്രാമത്തിലെത്തി ചെലവഴിച്ച നിമിഷങ്ങളാണ് അദ്ദേഹത്തിനു എല്ലാ ധർമ്മസമരങ്ങൾക്കും കരുത്തും ആദർശത്തിന്റെ തെളിച്ചവും ഉണ്ടാക്കിക്കൊടുത്തത്. വർദ്ധ ജീവിതത്തിലൊരു വഴിത്തിരിവായി. പിന്നെ സുകുമാരൻ വർദ്ധയിൽ പോയില്ല. ഡൽഹിയിൽ പലതവണ പോയി. പക്ഷേ, വർദ്ധ സുകുമാരന്റെ ഉള്ളിൽ നിന്നു പോയില്ല. ഡൽഹി ഒരിക്കലും ഉള്ളിൽ കടന്നുമില്ല.**

സ്വാതന്ത്ര്യത്തിന്റെ ചരിത്രം പഠിച്ചിട്ടുള്ള സുകുമാരന് വർദ്ധ എന്ന പുണ്യഭൂമി ഏറെ മഹത്തായ ആന്തഃപ്രചോദനമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. വർദ്ധ പലപ്പോഴും ഇന്ത്യയുടെതലസ്ഥാനംആയിരുന്നു. 'ഗാന്ധിജി എവിടെ ഇരിക്കുന്നുവോ അവിടെ ഇന്ത്യയുടെ തലസ്ഥാനമാകുന്നു' എന്ന് നെഹ്റുവും പറഞ്ഞിട്ടുണ്ടല്ലോ. ഇന്ത്യയുടെ ഭരണതലസ്ഥാനമായ ഡൽഹിയിൽ എത്തിയ സുകുമാരൻ അതേ യാത്രയിൽ ഇന്ത്യയുടെ ആത്മീയതലസ്ഥാനം സന്ദർശിക്കുകയും ചെയ്തു. ജോലി കിട്ടിയില്ല. പക്ഷേ, ലക്ഷ്യം ഉറപ്പായി. ഡൽഹിയിൽനിന്ന് വർദ്ധയിലേക്കുള്ള യാത്രയാണു സുകുമാരൻ തന്റെ ജീവിതത്തിൽ നടത്തിയ ഒരേയൊരു തീർഥയാത്ര. ആ പുണ്യസഞ്ചാരം ഇന്നും അവസാനിച്ചിട്ടില്ല.

സുകുമാർ അഴിക്കോട് തിരിഞ്ഞുനോക്കുമ്പോൾ ജീവിതത്തിലെ ഏറ്റവും ധന്യമായ ദിവസമെന്നു തോന്നുന്ന ദിനമായിരുന്നു അത്. തന്റെ ജീവിതത്തിലെ എല്ലാം നല്ല മുന്നേറ്റങ്ങൾക്കും ആ അവിസ്മരണീയ ദിനം പ്രചോദനം പകർന്നു. സേവാഗ്രാമത്തിലെത്തി ചെലവഴിച്ച നിമിഷങ്ങളാണ് അദ്ദേഹത്തിനു എല്ലാ ധർമ്മസമരങ്ങൾക്കും കരുത്തും ആദർശത്തിന്റെ തെളിച്ചവും ഉണ്ടാക്കിക്കൊടുത്തത്. വർദ്ധ ജീവിതത്തിലൊരു വഴിത്തിരിവായി. പിന്നെ സുകുമാരൻ വർദ്ധയിൽ പോയില്ല. ഡൽഹിയിൽ പലതവണ പോയി. പക്ഷേ, വർദ്ധ സുകുമാരന്റെ ഉള്ളിൽ നിന്നു പോയില്ല. ഡൽഹി ഒരിക്കലും ഉള്ളിൽ കടന്നുമില്ല.

'ഞാൻ അവിടെ ചെന്നപ്പോൾ ഗാന്ധിജി സേവാഗ്രാം ആശ്രമത്തിലുണ്ട്. വളരെ യാദൃച്ഛികമായി കൈവന്ന പരമ ഭാഗ്യം. അദ്ഭുതം തോന്നുന്നു ഇന്നും. ഡൽഹിയിൽ അധികാരമാറ്റത്തിന്റെ മുന്നോടിയായി പല രാഷ്ട്രീയ ചരടുവലികളും മറ്റും മുറയ്ക്കു നടക്കുമ്പോൾ ഗാന്ധിജി അവിടെ ചെറിയൊരു കുടിലിൽ പരുക്കൻ ഖാദി ജവുക്കാളത്തിൽ ചമ്രം പടഞ്ഞിരുന്നു നൂൽനൂൽക്കുന്നു. അവിടെ എല്ലാം ശാന്തം. ഇതിലേറെ സുന്ദരവും ഒരുപക്ഷേ, ഭയങ്കരവുമായ ചിത്രം അന്നു സങ്കല്പിക്കാൻ കഴിഞ്ഞില്ല. കോൺഗ്രസ് നേതാക്കളുടെ തിരക്കിട്ട പ്രവർത്തനങ്ങളൊന്നും അറിയുന്നില്ലെന്ന മട്ടിൽ ചർക്ക തിരിച്ചു ശാന്തി സംഭരിക്കുകയായിരുന്നു ഗാന്ധിജി. കോൺഗ്രസ്സുകാർ ഇന്നും ചരടു വലിക്കുന്നതിൽ നിപുണരാണ്. പക്ഷേ, ഗാന്ധിജി വലിച്ച ചരടു ഖാദി നൂൽ മാത്രമായിരുന്നു. അതു വലിക്കാൻ കോൺഗ്രസ്സുകാർക്ക് അറിഞ്ഞുകൂടാ.

'ഞാൻ അന്നവിടെ ചെന്നെത്തുമ്പോൾ ആഗ്രഹത്തിൽ ഒട്ടും തിരക്കില്ല. സന്ദർശകരും കുറവാണ്. ഗാന്ധിജിയുടെ അടുത്ത് അനുയായിയും വർദ്ധയിലെ വിദ്യാഭ്യാസത്തിന്റെ ഒരു അധികൃതവക്താവുംആയിരുന്ന ആര്യനായകം അവിടെ ഉണ്ടായിരുന്നു. ഭാര്യ ആശാനായകവും. ഞാൻ ഗാന്ധിജിയെ കാണാൻ ചെന്നതാണെന്നും അദ്ദേഹത്തോടു പറഞ്ഞു. ഗാന്ധിജിയെ അടുത്തൊന്നു കാണണം. ഗാന്ധിജി അവിടെതന്നെ ഇരുന്നു നൂൽ നൂൽക്കുകയായിരുന്നു. അതിനാൽ കണ്ടു. പറ്റുമെങ്കിൽ ഒന്നും സംസാരിക്കണം. അനുഗ്രഹം വാങ്ങണം. അതായിരുന്നു ആഗ്രഹം.

'ഗാന്ധിജി ഇന്നു സംസാരിക്കുന്നില്ലല്ലോ.ആര്യനായകം ഉടനെ തന്നെ എന്നോടു പറഞ്ഞു.

'അതുകൊണ്ട് സംസാരിക്കണമെന്ന ആഗ്രഹം ആദ്യമേ വെടിഞ്ഞു. ഗാന്ധിജി മൗനം ആചരിക്കുന്ന ദിവസമായിരുന്നു അന്ന്. ആഴ്ചയിലൊരിക്കൽ ഗാന്ധിജി അങ്ങനെ ചെയ്യുമായിരുന്നു. ആ ദിവസം ഒരു വാക്കു സംസാരിക്കില്ലെന്നു മാത്രമല്ല, ആരുടെയും മുഖത്ത് നോക്കുകപോലും ചെയ്യില്ല. അത്രയ്ക്കും നിഷ്ഠയായിരുന്നു. അതിനാൽ ഗാന്ധിജിയോടു സംസാരിക്കണമെന്നു എനിയ്ക്കൊട്ടും നിർബന്ധവുമില്ലായിരുന്നു. മൗനിയായിരുന്ന ചർച്ചയിൽ നൂൽ നൂൽക്കുന്ന ഗാന്ധിജിയോട് ഒന്നു വർത്തമാനം പറഞ്ഞുകളയാമെന്നു മനുഷ്യനായി പിറന്ന ആർക്കും തോന്നുകയില്ല, എന്നാൽ, അടുത്തൊന്നു കാണണം. ആ അപൂർവ്വ തേജസ്സ് നേരിട്ടൊന്ന് അനുഭവിച്ചറിയണം. അതിനാൽ ആര്യനായകത്തിന്റെ മുന്നറിയിപ്പ് എന്നെ ഒട്ടും നിരാശപ്പെടുത്തിയില്ല.

'സേവാഗ്രാം ആശ്രമത്തിലെ പ്രവർത്തനങ്ങൾ ആര്യനായകം എനിക്കു പറഞ്ഞുതന്നു. വിശാലമായ ഒരു സ്ഥലത്താണ് ആശ്രമം. ചെറിയ ചെറിയ കുടിലുകൾ. ഗാന്ധിജിയുടെ കുടിലാണ് 'ബാപ്പുക്കുടി.ആ കുടിലിൽ ഗാന്ധിജി ഉപയോഗിച്ച കണ്ണടയും കിടക്കയും ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്. ഇന്നും പലരും അവിടെയെത്തി അവ കണ്ട് കൃതാർത്ഥത നേടി മടങ്ങുന്നു.

സേവാഗ്രാമിൽ ഞാൻ ഉച്ചവരെ തങ്ങി. അവിടെ ഞാൻ കണ്ട ഗാന്ധിജി ഇന്നും എന്റെ മനസ്സിലുണ്ട്. അർദ്ധനഗ്നൻ, ഉഗ്രവ്രതൻ, ഏകാഗ്രചിത്തൻ. തറയിലാണ് ഇരിപ്പ്. കണ്ണട വച്ചിട്ടുണ്ട്. മൊട്ടത്തല. പ്രസന്നമായ മുഖം. നല്ല നിറം. വളരെ വേഗത്തിലാണ് ചർക്കയുടെ ചക്രം തിരിക്കുന്നതു. അദ്ദേഹത്തിന്റെ ഓരോ ചലനവും തിരക്കിട്ടായിരുന്നു. എല്ലാ ശ്രദ്ധയും നൂൽനൂല്പിൽതന്നെ. പൂർണമായും അതിൽ സമർപ്പിച്ചിരിക്കുന്നു. അത്രയ്ക്കും ഏകാഗ്രതയാണ്.

'ആ മനസ്സ് എവിടെയോ പ്രതിഷ്ഠിച്ചിരിക്കുന്നതായി മുഖം കണ്ടാൽ വ്യക്താകും. ഗാന്ധിജിയെപ്പറ്റി ഞാൻ നേരത്തെ ധാരാളം വായിച്ചിട്ടുണ്ട്. പക്ഷേ, ഗാന്ധിജിയെ കാണുന്നതുപോലെ അതൊന്നും വരില്ല. ഏതോ മഹനീയമായൊരു പ്രകൃതിദൃശ്യം എന്നെ ആകർഷിച്ചു നിർത്തിയതുപോലെ തോന്നി. ഒരു മനുഷ്യനെ കാണുംപോലെയല്ലായിരുന്നു അത് എന്നും പറയട്ടെ. വർണിച്ചു വഷളാക്കുന്നില്ല. വർണിക്കാൻ കഴിയാത്തതുകൊണ്ട്, ഒരു ദിവസാന്നിധ്യം എന്നു പറയാം. അതിനു മുമ്പോ പിൻപോ അതുപോലൊരു വിസ്മയപൂർണ്ണമായ, വിസ്മയ സ്തബ്ധമായ നില എനിക്കുണ്ടായിട്ടില്ല,



പ്രകൃതിയുടെ മുമ്പിലോ മനുഷ്യരുടെ മുമ്പിലോ.

'സാധാരണ വലിയ ആളുകളിൽ പ്രൗഢിയുടെ എന്തെങ്കിലും അടയാളം കാണും. എന്നുവച്ചാൽ താൻ അല്പം മുന്തിയവനാണെന്ന സ്വയം വിശ്വാസത്തിന്റെ അടയാളം. ഗാന്ധിജിയുടെ ഏറ്റവും വലിയ അസാധാരണത്വമായി എനിക്കു തോന്നിയത് അതിന്റെ അഭാവമാണ്. തന്റെ ശരീരത്തെപ്പറ്റി അദ്ദേഹം പരിഗണിക്കുന്നില്ലെന്നു തോന്നും. അതുപോലൊരു എളിമ ഒരാളിലും ഞാൻ കണ്ടിട്ടില്ല. സന്യാസികളിൽ പോലും. ഗാന്ധിജി പറഞ്ഞിട്ടില്ലേ make oneself a zero എന്ന്. മനുഷ്യ പ്രൗഢികൾ പൂജ്യം ആകുന്ന പൂജ്യാനുഭവം ഞാൻ അവിടെ അപ്പോൾ കണ്ടു. ഗാന്ധിജി പറഞ്ഞതിനു നിദർശനം ഗാന്ധിജിതന്നെ. ജീവിതം തന്നെ സന്ദേശം. ഗാന്ധിജി എവിടെയുണ്ടോ അവിടെ ഇന്ത്യയുടെ തലസ്ഥാനമാകുന്നു എന്ന് നെഹ്റു പറഞ്ഞെങ്കിലും ഗാന്ധിജിയിൽ ഒരു ചക്രവർത്തിയുടെയോ യജമാനന്റെയോ ഭാവമില്ലായിരുന്നു. ഗാന്ധിജിയിൽ മാത്രമേ ഈ ഭാവമില്ലായുള്ളൂ.

'നെഹ്റുവിൽപോലും പൂജ്യമായ ഈ എളിമ ഞാൻ കണ്ടിട്ടില്ല. നെഹ്റുവിനെ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്; അദ്ദേഹത്തിന്റെ മരണത്തിനു തൊട്ടടുത്ത കാലത്ത്. നെഹ്റുവിന്റെ 'A Bunch of Old Letters' ഞാൻമാതൃഭൂമിയുടെ ആവശ്യപ്രകാരം വിവർത്തനം ചെയ്തിരുന്നു,ഒരുകൂട്ടം പഴയ കത്തുകൾ എന്ന പേരിൽ. മാതൃഭൂമിക്ക് നെഹ്റുവിന്റെ കൃതികളുടെ മലയാളവിവർത്തനത്തിനുള്ള അവകാശമുണ്ട്. എന്റെ വിവർത്തനവുംമാതൃഭൂമികമ്പനി പുസ്തകമാക്കി. ടാഗോർ, ഗാന്ധിജി, സുഭാഷ് ചന്ദ്രബോസ്, സരോജിനി നായിഡു എന്നിവർ നെഹ്റുവിന് അയച്ച കത്തുകളാണ് അതിൽ കൂടുതലും. ഞാൻ മൂത്തകുന്നം ട്രെയിനിങ് ട്രെയിനിംഗ് കോളേജിൽ പ്രിൻസിപ്പൽ ആയിരുന്ന കാലത്താണ് നെഹ്റുവിനെ കണ്ടത്. ഡൽഹിയിൽ തീൻമൂർത്തി ഭവനിൽ വെച്ച്. ഇന്ന് അതൊരു പ്രദർശനാലയമാണ്. അന്നും അതൊരു പ്രദർശനാലയമായിരുന്നു. ജവഹർ എന്ന ലോകോത്തര പ്രദർശനവസ്തു ഉണ്ടായിരുന്ന സ്ഥലം.

'ഡൽഹിയിൽ പോകാൻ ശരിയായ കാരണം മറ്റൊന്നായിരുന്നു. അന്ന് ഒരു നാഷണൽ ചിൽഡ്രൻസ് ലിറ്ററേച്ചർ കമ്മിറ്റിയുണ്ടായിരുന്നു. അതിന്റെ ഒരു യോഗം നിശ്ചയിച്ച സമയത്ത് ഞാൻ വിവർത്തനം ചെയ്ത പുസ്തകം അച്ചടിച്ചുതീർന്നതേ ഉണ്ടായിരുന്നുള്ളു. അതിനാൽ ഞാൻ പോകുമ്പോൾ 'ഒരു കൂട്ടം പഴയ കത്തുകളുടെ'പ്രതി നെഹ്റുവിനു നേരിട്ടു സമ്മർപ്പിക്കാമെന്ന ആലോചന വന്നു. അതിന്റെ രണ്ടു കോപ്പിയും എടുത്തു പുറപ്പെട്ടു. നെഹ്റുവിനെ സന്ദർശിക്കാൻ സമയം മുൻകൂട്ടി നിശ്ചയിച്ചു. രാവിലെ എട്ടരയ്ക്കായിരുന്നു. മുറിയിലും മുറ്റത്തും നിറയെ സന്ദർശകർ ഉണ്ടായിരുന്നു. അങ്ങനെയായിരുന്നു പലരും നെഹ്റുവിനെ അടുത്തു കണ്ടിരുന്നത്. നെഹ്റു അവരുടെ ഇടയിലൂടെ നടക്കും. ഞാൻ മുറിയിൽ വച്ചാണ് കണ്ടത്; അന്ന് നെഹ്റുവിന്റെ കൂടെ ഇന്ദിരയും ഉണ്ടായിരുന്നു. ഇന്ദിര രാഷ്ട്രീയത്തിൽ ഒന്നുമല്ലാതിരിക്കുന്ന കാലമാണ്. എന്നാൽ, സദാ നെഹ്റുവിന്റെ കൂടെയുണ്ടാകും. ഞാൻ നിന്ന സ്ഥലത്തു വന്നപ്പോൾ നെഹ്റു ഒന്നു നിന്നു. ഉടനെതന്നെ ഞാൻ പുസ്തകത്തിന്റെ പ്രതി നെഹ്റുവിനെ ഏൽപ്പിച്ചു. പുസ്തകം തിരിച്ചു മറിച്ചു നോക്കി അദ്ദേഹം അത് ഇന്ദിരയെ ഏൽപ്പിക്കുകയും ചെയ്തു. തന്റെ പുസ്തകം മലയാളത്തിൽ തർജ്ജമ ചെയ്തത് നെഹ്റുവിനെ സന്തുഷ്ടനാക്കിയെന്ന് സന്തുഷ്ടനാക്കിയിരുന്നു. ഞാൻ കൈയിൽ ബുദ്ധിപൂർവം കരുതിയിരുന്ന മറ്റൊരു കോപ്പി കൈയൊപ്പിനുവേണ്ടി നെഹ്റുവിനു നീട്ടി. അദ്ദേഹം ഉടനെതന്നെ ആ പുസ്തകത്തിൽ ഒപ്പിട്ടുതന്നു. പക്ഷേ, തീയതി എഴുതിയപ്പോൾ ഒരു വർഷം പിന്നോട്ടുപോയി. ചൂണ്ടിക്കാട്ടിയപ്പോൾ അതു തിരുത്തിയിട്ട് പറഞ്ഞു 'I am sorry' – അത്രയും പറഞ്ഞിട്ട് മുമ്പോട്ടു നീങ്ങിപോകുകയും ചെയ്തു.

'നെഹ്റുവിൽ, പക്ഷേ, ഞാൻ ഗാന്ധിജിയെ കണ്ടില്ല. അതു പ്രതീക്ഷിക്കുന്നതുതന്നെ ശരിയല്ല. നെഹ്റു നെഹ്റുവാണ്. അധികാരത്തിന്റെ ഹൃഷ്ടനും വാർദ്ധക്യത്തിൽ വ്യഥിതനുമാണ്. തന്റെ മനസ്സിൽ താൻതന്നെ ഒരു വിഷയമായി കഴിയുന്ന നെഹ്റു. അദ്ദേഹത്തിൽ ഒരു പ്രധാനമന്ത്രിയും ഉണ്ടായിരുന്നു.



# അഴീക്കോട് എന്ന വിചാരശില്പി

**രണ്ട് മഹാത്മാക്കളുടെ ജീവിതമാണ് സുകുമാർ അഴിക്കോടീന് എന്നും മാർഗദീപങ്ങളായി നിൽക്കുന്നത്, ഗാന്ധിജിയുടെയും സ്വാമി വിവേകാനന്ദന്റെയും. അഴിക്കോട് അവരെയാണ് ഇന്ത്യയുടെ നവോത്ഥാന ശില്പികളായി കാണുന്നതും. വിവേകാനന്ദന്റെ തീനാളും ശരിക്കും ആത്മാവിൽ ഏറ്റത് ഗാന്ധിജിമാത്രമാണെന്ന് അഴിക്കോട് കരുതുന്നു. വിവേകാനന്ദനെയും ഗാന്ധിജിയെയും താരതമ്യപ്പെടുത്തി അധികംപേർ എഴുത്തിയിട്ടില്ല. അഴിക്കോട് വളരെ മുമ്പേ അപ്രകാരമൊരു ഉപന്യാസം എഴുതിയിട്ടുണ്ട്. ഗാന്ധിജിയുടെയും വിവേകാനന്ദന്റെയും ആദർശങ്ങൾ മിക്കവാറും സദൃശ്യങ്ങളാണല്ലോ. ഇവരുടെയും വ്യക്തിത്വത്തിന്റെ ജ്വാലകൾ ഉൾക്കൊള്ളാൻ സുകുമാർ അഴിക്കോടും എളിയതോതിൽ ആഗ്രഹിച്ചിട്ടുണ്ട്.**

'ഗാന്ധിജി സ്വയം ചെറുതാകുന്ന കലയിൽ വിജയം നേടിയപ്പോൾ മഹാത്മാവായി. അഹംബോധത്തിന്റെ പരിപൂർണ്ണമായ അസ്തമയംകൊണ്ട് മഹത്വപ്പെട്ട് ഈ നൂറ്റാണ്ടിലെ ഏക വ്യക്തിയെന്നു ഞാൻ വർദ്ധയിൽ വച്ച കണ്ടു. എന്നാൽ, നെഹ്റുവിന്റെ അമരമായ അംശം ജാജ്വല്യമാനതയാണ്. കർമ്മത്തിൽ സാക്ഷാത്കാരത്തിനു വെമ്പുന്ന വിജിഗീഷുവിന്റെ വെട്ടിത്തിളക്കം. ഗാന്ധിജിതന്നെ ഒരിക്കൽ നെഹ്റുവിനെ ആശംസിച്ചില്ലേ, 'ഭവാൻ ഏറെക്കാലം ഇന്ത്യയുടെ ജവാഹർ ആയി ജീവിച്ചാലും' എന്ന്. ജവാഹർ എന്നാൽ രത്നം.

'ലാഹോർ കോൺഗ്രസ്സിന്റെ അധ്യക്ഷനായി നെഹ്റു നിയമിക്കപ്പെട്ടപ്പോൾ, 1929-ൽ ഗാന്ധിജി 'യങ് ഇന്ത്യ'യിൽ എഴുതിയത് എന്താണെന്നു പറയാം. 'ധൈര്യത്തിൽ അദ്വിതീയൻ, പളുങ്കുപോലെ പരിശുദ്ധൻ, സത്യസന്ധതയിൽ അശങ്കിതൻ- അദ്ദേഹത്തിന്റെ കൈകളിൽ രാഷ്ട്രം സുരക്ഷിതമാണ്.' പക്ഷേ, നെഹ്റു വിജിഗീഷുവായിരുന്നു. അതിനപ്പുറത്ത് അദ്ദേഹം എത്തിയില്ല. വിജിഗീഷു എന്നും അസ്വസ്ഥതനാണ്; മഹാനായ അലക്സാണ്ടറെപ്പോലെ.

'ഗാന്ധിജിയും ജേതാവാണ്. തന്നെത്തന്നെ ജയിച്ച ജേതാവ്. ഗാന്ധിജി ഒരിക്കലും അസ്വസ്ഥനല്ല. ഗാന്ധിജി ലോകത്തെ ജയിച്ചത് ഗാന്ധിജിയി



ലൂടെയാണ്. നെഹ്റുവും ഒടുവിൽ ചെറുതാകുന്നതിന്റെ വലിപ്പം ഉൾക്കൊള്ളാൻ ശ്രമിച്ചിരുന്നു എന്നും കാണാം. മഹത്തായ കലയുടെ മുമ്പിൽ നെഹ്റു ചെറുതായി. ഒരു സദസ്സിൽവച്ചു എം.എസ്. സുബ്ബുലക്ഷ്മിയെ അഭിനന്ദിച്ച് നെഹ്റു പറഞ്ഞത് എന്താണെന്നോ? 'സംഗീതത്തിലെ മഹാറാണിയായ ഭവതിയെപ്പറ്റി വെറുമൊരു പ്രധാനമന്ത്രിയായ ഞാൻ ആരാണ്?' ഇങ്ങനെ പറയാനുള്ള ചെറുപ്പവും വലിപ്പവും കലർന്ന ആദ്യത്തെയും അവസാനത്തെയും പ്രധാനമന്ത്രിതന്നെ.


'ഗാന്ധിജി നെഹ്റുവിനെപ്പോലെയായിരുന്നില്ല. ചെറിയവരിൽ ചെറിയവരുടെ നേതാവ് എന്നും ആന്ന് ആരും പറഞ്ഞുപോകും. ചാർളി ചാപ്ലിനെപ്പോലുള്ള പാശ്ചാത്യകലാകാരന്മാർ അതു പറഞ്ഞു. ഗാന്ധിജിയെ അടുത്തറിഞ്ഞ ലൂയി ഫിഷറും ഇങ്ങനെ പറഞ്ഞിട്ടുണ്ട്....'

വർദ്ധയിലെ സേവാഗ്രാം ആശ്രമത്തിലെത്തിയ സുകുമാരന് അവിടത്തെ അന്തരീക്ഷം നന്നെ പിടിച്ചു. അവിടെ കറച്ചു ദിവസം കഴിച്ചുകൂടണമെന്നു ആഗ്രഹിച്ചു. കാരണം മറ്റൊന്നുമല്ല. ഡൽഹിയിൽ അനുഭവപ്പെട്ട അസംതൃപ്തി സേവാഗ്രാമിൽ തോന്നുന്നിയില്ല. എങ്കിലും അവിടെ അന്തേവാസിയായി പാർത്ത് ആശ്രമത്തിൽ തന്നെ വളർത്തിയെടുക്കാൻ സുകുമാരൻ ഉദ്ദേശിച്ചിരുന്നില്ല. എങ്കിലും അവിടെ കൂടിയാലെന്താ എന്നൊരു വിചാരം സുകുമാരന്റെ മനസ്സിലൂടെ അന്നു പെട്ടെന്നു കടന്നു പോകാതിരുന്നില്ല; ' ആശ്രമത്തിൽ തങ്ങാനാണ് എന്റെ ഉദ്ദേശ്യമെന്ന' ആര്യനായകം മനസ്സിലാക്കിയപ്പോൾ, 'വീട്ടിലേക്കു മടങ്ങുന്നതാണ്' അഭികാമ്യമെന്ന് അദ്ദേഹം ഉപദേശിച്ചു. അതിനാൽ ഉച്ചയൂണു കഴിഞ്ഞ് ഞാൻ മടങ്ങി. അതുവരെ ഞാൻ ഗാന്ധിജിയെ നോക്കിയിരിക്കുകയായിരുന്നു. ഏതൊ ഒരു നിമിഷം അദ്ദേഹം എന്നെ നോക്കി. ഒറ്റനോട്ടം. പിന്നെ എന്നെ ശ്രദ്ധിച്ചതേയില്ല. വീണ്ടും നൂല് നൂല്പിൽ മുഴുകി. ഗാന്ധിജിയുടെ സന്നിധിയിൽ ഞാൻ എളിയവനായിത്തീർന്നതിന്റെ അനുഭവം ഉണ്ടായി. ഗാന്ധിജി എന്നെക്കൊരു നിത്യപ്രേമാവലംബിയായി മാറി....'

അങ്ങനെ ഉദ്യോഗത്തിനു അന്വേഷണം സുകുമാരന് അപ്രതീക്ഷിതമായ ഒരു തീർത്ഥയാത്രയായി മാറി. ആ ഡൽഹി യാത്രയിൽ നടത്തിയ ഗംഗാസ്നാനം അതായിരുന്നു. മനസ്സിൽ പാവനമായൊരു സാന്നിധ്യത്തെ വഹിച്ചുകൊണ്ടാണ് സുകുമാരൻ നാട്ടിലേക്കു മടങ്ങിയത്. ജീവിതത്തിൽ എളിയ മനുഷ്യനായി നിന്നുകൊണ്ട് എളിയവർക്കുവേണ്ടി പ്രവർത്തിപ്പാൻ മനസ്സിൽ നിത്യസന്നിഹിതമായ ഒരു പ്രേരണ ഉണ്ടായി. ചർക്കയിൽ നിന്നു നീളുന്ന നൂലിഴപോലെ ചെറിയ ചെറിയ കർമ്മങ്ങൾ മനുഷ്യനിൽ നിന്ന് എന്നും പുറത്തു വരേണ്ടതാണ്. പൊട്ടുന്ന ഇഴകൾ ചേർത്തു പൊട്ടാത്ത കയർ ഉണ്ടാക്കാം.

രണ്ട് മഹാത്മാക്കളുടെ ജീവിതമാണ് സുകുമാർ അഴിക്കോടീന് എന്നും മാർഗദീപങ്ങളായി നിൽക്കുന്നത്, ഗാന്ധിജിയുടെയും സ്വാമി വിവേകാനന്ദ







ന്റെയും. അഴിക്കോട് അവരെയാണ് ഇന്ത്യയുടെ നവോത്ഥാന ശില്പികളായി കാണുന്നതും. വിവേകാനന്ദന്റെ തീനാളും ശരിക്കും ആത്മാവിൽ ഏറ്റത് ഗാന്ധിജിമാത്രമാണെന്ന് അഴിക്കോട് കരുതുന്നു. വിവേകാനന്ദനെയും ഗാന്ധിജിയെയും താരതമ്യപ്പെടുത്തി അധികംപേർ എഴുത്തിയിട്ടില്ല. അഴിക്കോട് വളരെ മുമ്പേ അപ്രകാരമൊരു ഉപന്യാസം എഴുതിയിട്ടുണ്ട്. ഗാന്ധിജിയുടെയും വിവേകാനന്ദന്റെയും ആദർശങ്ങൾ മിക്കവാറും സദൃശ്യങ്ങളാണല്ലോ. ഇവരുടെയും വ്യക്തിത്വത്തിന്റെ ജ്വാലകൾ ഉൾക്കൊള്ളാൻ സുകുമാർ അഴിക്കോടും എളിയതോതിൽ ആഗ്രഹിച്ചിട്ടുണ്ട്.

നാട്ടിൽ മടങ്ങിയെത്തിയ സുകുമാരനെ ജോലിപ്രശ്നം വീണ്ടും അലട്ടി. സുകുമാരൻ അന്നു വളരെ ചെറുപ്പമാണെന്ന് പറഞ്ഞല്ലോ. എങ്കിലും ജോലിക്ക് ഒരു ബി.കോം. സർട്ടിഫിക്കറ്റുണ്ട്. എന്നാൽ, എവിടെയെങ്കിലും ഒരു കണക്കപ്പിള്ളയായി ചടഞ്ഞുകൂടാൻ സുകുമാരന് ഒട്ടും താൽപര്യമില്ലായിരുന്നു. വെറും അക്കങ്ങളേക്കാൾ ജീവനുള്ള അക്ഷരങ്ങളെ സുകുമാരൻ എന്നും സ്നേഹിച്ചിരുന്നു. അക്ഷരങ്ങളുടെ ജീവനും സൗന്ദര്യം സുകുമാരൻ ബാല്യത്തിൽതന്നെ മനസ്സിലാക്കിയിരുന്നു. സാഹിത്യം തത്ത്വചിന്തയും സുകുമാരന് ബാല്യംമുതൽതന്നെ ലഹരിയായിരുന്നു. സാമൂഹിക പരിഷ്കരണപ്രവർത്തനങ്ങളിലും ദേശീയപ്രസ്ഥാനത്തിലും ചെറുപ്പംമുതൽ തന്നെ അദ്ദേഹം ചെറിയമട്ടിൽ പങ്കെടുത്തിരുന്നു. മാത്രമല്ല, പതിനെട്ടാമത്തെ വയസു മുതൽ ഒരു എഴുത്തുകാരനെന്ന ഖ്യാതിയും നേടിയെടുത്തു. സുകുമാരൻ അന്നു മുതലാണ് സുകുമാർ ആയിത്തീർന്നത്. തൂലികാനാമത്തിൽ സ്വന്തം മണ്ണിന്റെ നാമവും ചേർത്തു. ഇന്നു നമുക്കെല്ലാം ആ നാമം പ്രിയപ്പെട്ടതാണ്. പരക്കെ അറിയപ്പെടുന്നതാണ്.

ഉദ്യോഗം തേടി ഡൽഹിയിൽ പോയി മടങ്ങിയെത്തിയ സുകുമാർ അഴിക്കോട് പിന്നെ വായനയിലും സാഹിത്യപ്രവർത്തനങ്ങളിലും മുഴുകി. അക്കാലത്താണ് പത്രപ്രവർത്തകനാകാൻ ക്ഷണം ലഭിക്കുന്നത്. ആദ്യത്തെ ജോലി പത്രപ്രവർത്തന്റേതായത് അങ്ങനെയാണ്. പിന്നെ ജീവിതത്തിൽ പല പടവുകൾ ചവിട്ടിക്കയറി; സ്കൂൾ അധ്യാപകൻ, കോളേജ് അധ്യാപകൻ, പ്രിൻസിപ്പൽ, പ്രോ വൈസ് ചാൻസലർ, യൂണിവേഴ്സിറ്റി മലയാളം വകുപ്പ് അധ്യക്ഷൻ, ഒടുവിൽ എമിരിറ്റസ് പ്രൊഫസർ.

ഔദ്യോഗിക ജീവിതത്തിൽ ഉന്നതമായ സ്ഥാനങ്ങൾ കൈവരിച്ചപ്പോൾതന്നെ സാഹിത്യരംഗത്തും പൊതുരംഗത്തും സുകുമാർ അഴിക്കോട് ആചാര്യപദവിയിലേക്കു ഉയരുകയും ചെയ്തു. എല്ലാം രംഗത്തും അദ്ദേഹം ആത്മാവിമാനത്തോടെ, അധികാരികതയോടെ പ്രവർത്തിച്ചു. ഒടുവിൽ തല കുനികാത്ത പ്രകൃതം. എവിടെ അനീതി കണ്ടാലും പ്രതികരിക്കുന്ന സ്വഭാവം. ചെറുപ്പം മുതൽത്തന്നെ സുകുമാർ അഴിക്കോട്ടിൽ ആ സ്വഭാവം വളർന്നുവന്നിരുന്നു. നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമത്തിനും അനാചാരങ്ങൾക്ക് എതിരെ പോരാടുന്നതിനും വാഗ്ഭടാനന്ദന്റെ പ്രബോധനങ്ങൾ അദ്ദേഹത്തിന് പ്രേരണയായി. നവഭാരതം കെട്ടിപ്പടുക്കുന്നതിനും നാഷണൽ കോൺഗ്രസും ഗാന്ധിജിയും. പ്രചോദനം പകർന്നു. കോൺഗ്രസ് പ്രസ്ഥാനം വിഭാവനം ചെയ്ത മൂല്യങ്ങൾ ഗാന്ധിജിയുടെ അനുയായികളായവർ ചവിട്ടിമെതിച്ചപ്പോൾ സുകുമാർ അഴിക്കോട് 'നവഭാരതവേദി'ക്കു രൂപം നൽകി. അഴിമതിക്കും അനീതിക്കും എതിരെയുള്ള പോരാട്ടം തുടങ്ങി. സമൂഹരംഗത്ത് അദ്ദേഹമൊരു പ്രവാചകനായി. ഒരു പ്രകാശഗോപുരമായി. നന്മയുടെ കല്പവൃക്ഷമായി.

സാഹിത്യരംഗത്ത് സുകുമാർ അഴിക്കോട് ആദരിക്കപ്പെടുന്നത് ശ്രേഷ്ഠമായ ആചാര്യനായിട്ടാണ്. ആചാര്യൻ 'സീതാകാവ്യം'മുതൽ 'തത്ത്വമസി'യിലൂടെ എത്രയോ രചനകൾ അദ്ദേഹത്തെ ലോകപ്രശസ്തനാക്കി. സാഹിത്യ വിമർശനത്തിലെ അവസാനവാക്കായി.

സാഹിത്യത്തിലെ ആചാര്യസ്ഥാനവും മാത്രമല്ല പ്രസംഗ കലയിലെ ചക്രവർത്തിസ്ഥാനവും അഴിക്കോട് നേടി. ആ പ്രസംഗം ഗംഗാപ്രവാഹം പോലെ പരിശുദ്ധമാണ്. രസമയമാണ്. ധർമച്യുതിക്കെതിരെ ആഞ്ഞടിക്കുന്നതാണ്.

ബഹുമുഖമാണ് അഴിക്കോടിന്റെ കർമ്മം പ്രതിയോഗം. കേരളത്തിന്റെ വികാരവിചാരങ്ങളിൽ എന്നും അന്തർലീനമായുള്ള ചൈതന്യത്തിന്റെ നവോത്ഥാനമാണ് അദ്ദേഹം. ഗാന്ധിജിയിൽ നിന്ന് ഏറ്റുവാങ്ങിയ ആ ഒരു നിമഷത്തിലെ നോട്ടത്തിന്റെ ആ ദർശനമാത്രയിൽ നിന്ന് ആവാഹിച്ചെടുത്ത ചൈതന്യത്തിന്റെ, ദീപ്തി സുകുമാർ അഴിക്കോട് എല്ലാ കർമ്മത്തിലും ചിന്തയിലും അണയാതെ സൂക്ഷിച്ചു.

# ആലാപനത്തിന്റെ തേനും വയമ്പും



നാളെ പരിപാടിക്ക് പോകുമ്പോൾ മോൻ തന്ന സാരി ഉടുക്കണം. പുതിയ സാരിക്ക്, ചില മണമുണ്ടാകും. എനിക്കു അലർജിയല്ലേ... പുറത്തു പോയി വരുമ്പോഴേയ്ക്കും എല്ലാം ശരിയാകുമെന്ന് അമ്മ ധൃതി പിടിച്ച് പറയുന്നത് കേട്ടപ്പോൾ നിറഞ്ഞുപോയി. പറഞ്ഞതു പോലെതന്നെ അടുത്ത ദിവസം ജാനകിയമ്മ സാരിയുടുത്ത് സ്റ്റേജിൽ നിന്നപ്പോൾ എനിക്കു കിട്ടിയ ആത്മനിർവൃതി എങ്ങനെ പറഞ്ഞറിയിക്കും. അതുപോലെ മറ്റൊരു സഭയും, പ്രഥമ വയലാർ അവാർഡ് ജാനകിയമ്മയ്ക്കായിരുന്നു. അതും തൃശൂരിൽവച്ച്. ഞാനാണെങ്കിൽ ദുബായിലും. തൃശൂർക്ക് പോകുന്ന കാര്യമെല്ലാം ജാനകിയമ്മ മുൻപേ പറഞ്ഞിരുന്നു.

തന്നിട്ടേയുള്ളൂ, എങ്ങനെയെന്ന് അറിയാമോ? അവനു ജാനികയമ്മയെ ഇഷ്ടമാണെങ്കിലും എതിരെ പറയൂ.. അതു കേട്ടുനിൽക്കാനുള്ള ക്ഷമയൊന്നും എനിക്കുണ്ടാവില്ല. ഞാൻ പാട്ടിലെ വ്യക്തതകളും മറ്റും അറിയുന്നപോലെ തർക്കിക്കും. അപ്പോഴൊക്കെ അറിഞ്ഞിരുന്നില്ല എന്നിൽ ജാനികയമ്മ നിറയുകയായിരുന്നുവെന്ന്. മൂന്നു വർഷത്തെ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കി ഞങ്ങൾ പിരിയുമ്പോൾ പ്രസാദ് എനിക്കൊരു സമ്മാനം തന്നു. എച്ച്.എം.വി. പുറത്തിറക്കിയ 'ഗോപുരമുകളിൽ', 'താമരക്കുമ്പിൾ' എന്ന ഒർജിനൽ കാസറ്റുകൾ. ഇന്നും ഞാനത് നിധിപോലെ സൂക്ഷിക്കുന്നു.

ഇടപ്പള്ളിയിലുണ്ടായിരുന്ന ടാറ്റാ ഹണിവെല്ലിൽ ജോലി നോക്കുമ്പോൾ, റേഡിയോയുമായുള്ള സൗഹൃദം പിന്നെയും കുറഞ്ഞു. രാവിലെ സുഭാഷിതവും കുറച്ച് ഭക്തിഗാനങ്ങളും രാത്രിയിൽ കഥകളിപദങ്ങളും മാത്രമായി കുറഞ്ഞു. ഞാൻ കേൾക്കുന്നില്ലെന്നെയുള്ളൂട്ടോ.... വീട്ടിൽ റേഡിയോ പഴയതുപോലെ തന്നെ പ്രവർത്തിച്ചിരുന്നു. ഒരിക്കൽ ചെട്ടികുളങ്ങര ലോർഡ് കൃഷ്ണ ബാങ്കിലെ അലാം സിസ്റ്റം ശരിയാക്കുവാൻ ജോലിയുടെ ഭാഗമായി പോകേണ്ടിവന്നു. രാവിലെ ടൂൾബാഗുമായി വൈറ്റിലയിൽ നിന്നും ചെട്ടികുളങ്ങരയ്ക്കു കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്ര തുടങ്ങി. ചെട്ടികുളങ്ങര ജംഗ്ഷനിലുള്ള കെട്ടിടത്തിനു മുകളിലായി ഒന്നാം നിലയിലാണ് ബാങ്ക്. പ്രശ്നം പരിഹരിച്ച് ബാങ്കിൽ നിന്നുമിറങ്ങി. മുന്നിലിതാ ഒരു വലിയ ബോർഡ് 'ചെട്ടികുളങ്ങര ക്ഷേത്രം 500 മീറ്റർ'. സമയം 12 മണിയായി; എന്നാലും സാരമില്ല. ഇവിടെവരെ വന്നിട്ട് എങ്ങനെയാണ് അമ്മയെ കാണാതെ പോകുക...? നടന്നു. വലിയ ക്ഷേത്രം. നന്നായി തൊഴുതു, അമ്പലത്തിൽ നിന്നും മുതിര പുഴുക്കും നാളികേരക്കൊത്തും കഞ്ഞിയും കഴിച്ചു. തിരിച്ച് പുറപ്പെടുകയായി. നല്ല ചൂടുണ്ട്. നാരങ്ങാവെള്ളം കുടിച്ചുകൊണ്ട് കടയൊന്നു നോക്കി. ആ കട മുൻപൊരു കാസറ്റുകടയായിരുന്നു. മൂലയിൽ പൊടിയും മാറാലയും പിടിച്ച് രണ്ട് കാസറ്റുകൾ; സംഗീത ഓഡിയോസിന്റെ ത്യാഗരാജകൃതിയും, സെമി ക്ലാസ്സിക്കൽ സോങ്ങ്സും. ആ കാസ്റ്റുകൾ വേണമെന്ന് പറഞ്ഞപ്പോൾ കടക്കാരൻ 'ഒരുപാടു പഴയതാ; പകുതി വില തന്നാൽ മതി'യെന്നു പറഞ്ഞു. അങ്ങനെ 21 രൂപ കൊടുത്തു വാങ്ങി. അതുവരെ കേട്ടിരുന്ന ജാനകിയമ്മയുടെ പാട്ടുകളിൽ നിന്നും വ്യത്യസ്തമായ അപൂർവ നിധി.

ടാറ്റാ ഹണിവെല്ലിൽ നിന്നും ഞാൻ വിപ്രോയിൽ കയറി. കേരളം മുഴുവൻ യാത്ര ചെയ്യാനുള്ള അവസരം എനിക്കു ലഭിച്ചു. ജോലിയ്ക്കുള്ള യാത്രയിൽ ജാനകിയമ്മയുടെ പാട്ടുകളും തേടി നടന്നു. ഒരുപാട് ഒർജിനൽ കാസറ്റുകൾ കിട്ടി.

പാട്ടുകൾ തേടി പതുക്കെ ഇന്റർനെറ്റിലും പരതിത്തുടങ്ങി. അങ്ങനെ എസ്. ജാനകി യാഹൂ ഗ്രൂപ്പിൽ അംഗമായി. നിറയെ സുഹൃത്തുക്കളെ ലഭിച്ചു. കൂട്ടത്തിൽ ഷാർജയിലുള്ള ഡോ.ശ്രീകുമാറിനെയും. 2003ൽ അബുദാബിയിലെ സൈറ്റ് ടെക്നോളജിയെന്ന് സ്ഥാപനത്തിൽ ജോലിയിൽ കയറി. അപ്പോൾ ഡോ.ശ്രീകുമാറുമായി ഇടയ്ക്ക് ഫോണിൽ ബന്ധപ്പെടും. ഒരിക്കൽ അദ്ദേഹത്തെ നേരിട്ടു പോയികണ്ടു. അദ്ദേഹവും ജാനകിയമ്മയും ഒന്നിച്ചുള്ള ഫോട്ടോ കണ്ടു ഞാൻ അത്ഭുതപ്പെട്ടുപോയി. ജാനകിയമ്മയുടെ കുറച്ച് ഹിന്ദിഗാനങ്ങൾ അദ്ദേഹം തന്നു. അന്നൊന്നും ജാനകിയമ്മയെ നേരിട്ടു കാണുവാനുള്ള മോഹമൊന്നുമില്ല. ഒരു ദിവസം ഡോ. ശ്രീകുമാർ ഫോണിൽ വിളിച്ചു, സംസാരിക്കുന്നതിനിടയിൽ അദ്ദേഹം ഫോൺ കൈമാറി. ആർക്കാണെന്ന് അറിയുമോ..? സാക്ഷാൽ ജാനകിയമ്മയ്ക്ക്.. എനിക്ക് വാക്കുകളൊന്നും വരുന്നില്ല. തൊണ്ട ഇടറിയപോലെയായി. നാളെ വരൂ, കാണാം എന്ന് ജാനകിയമ്മ പറഞ്ഞത് കേട്ടുവെന്നല്ലാതെ ഞാൻ ഒന്നും അങ്ങോട്ട് പറഞ്ഞില്ല. ഫോൺ വീണ്ടും ശ്രീകുമാറിലേക്ക്. മറ്റന്നാൾ വരാം എന്നു പറഞ്ഞ് വരേണ്ട സ്ഥലത്തിന്റെ വിവരങ്ങൾ കുറിച്ചെടുത്തു. വെള്ളിയാഴ്ച രാവിലെ ഷാർജയിൽ അൽനഹ്ത ചൈനാമാർട്ടിനു എതിർവശമുള്ള വെങ്കിടേഷിന്റെ ഫ്ളാറ്റിൽ ഞാനും സുഹൃത്ത് അജിത്ത് കുമാറും ചെന്നു. അവിടെ മുഴുവനും ആരാധകരെയും റേഡിയോക്കാരെയും കൊണ്ടുള്ള തിരക്കാണ്. ശ്രീകുമാർസാറിനെ പോയി കണ്ടശേഷം സോഫയിൽ ചെന്നിരുന്നു, ജാനകിയമ്മയുടെ ഇന്റർവ്യൂ അങ്ങനെ ലൈവായി കാണുകയാണ്. തിരക്കൊഴിഞ്ഞപ്പോൾ ശ്രീകുമാർ, ജാനകിയമ്മയെയും കൂട്ടി ഞങ്ങളുടെ അരികിലെത്തി. വെളുത്ത കോട്ടൺ സാരി, നെറ്റിയിൽ ഇളം മഞ്ഞ ചന്ദനക്കുറി. അതിനുമുകളിൽ ഭസ്മക്കുറി. ചിരിച്ച മുഖം... ആദ്യമായി നേരിട്ട് കാണുകയായിരുന്നു... മനം നിറഞ്ഞു. അമ്മയുടെ കാൽത്തൊട്ട് വണങ്ങി. കെട്ടിപ്പിടിച്ചു. സന്തോഷമടക്കുവാനായില്ല. വിശേഷങ്ങൾ പറഞ്ഞിരുന്നു. അതിനിടയിൽ വീട്ടിലെ നമ്പർ വാങ്ങി എന്റെ അമ്മയോട് ജാനകിയമ്മ കുറച്ച് സംസാരിച്ചു. പിന്നെ ഫോട്ടോകൾ എടുത്തു. കണ്ടു മതിയായില്ലെങ്കിലും ജാനകിയമ്മയുടെ തിരക്ക് അറിയാമായിരുന്ന ഞങ്ങൾ പുറപ്പെടാൻ തുടങ്ങി. എന്നാലും നേരിട്ട് അടുത്ത്.... രണ്ട് വരി കേൾക്കണമെന്ന ആഗ്രഹം പറഞ്ഞു. ജാനകിയമ്മ പാടി. 'കേശാദിപാദം തൊഴുന്നേൻ'. ആ പ്രാർത്ഥാഗാനം മനം നിറയ്ക്കുന്നതായിരുന്നു. അതായിരുന്നു ജാനികയമ്മയെന്ന് സംഗീസരസ്വതിയെ ആദ്യമായി കണ്ട നിമിഷം.

അബുദാബിയിൽ നിന്നും ആഴ്ച്ചകളിലൊരിക്കൽ മാത്രമാണ് വീട്ടിലേക്കു വിളിക്കാറുള്ളത്. ഒരു ദിവസം വിളിച്ചപ്പോൾ അമ്മ പറയുകയുണ്ടായി. ജാനകിയമ്മ വിളിച്ചിരുന്നുവെന്നും സംസാരിക്കണമെന്നുമുണ്ട്. ഉടനെ അമ്മയിൽ നിന്നും നമ്പർ വാങ്ങി ജാനകിയമ്മയെ വിളിച്ചു സംസാരിച്ചു. ഞാൻ മലയാളത്തിലും ജാനകിയമ്മ മലയാളവും തമിഴും കലർന്ന ഭാഷയിലും. തുടർന്ന് ആ ബന്ധം കൂടുതൽ വളർന്നു. ഇടയ്ക്കു വിളിക്കും. അതും സമയം പോലും നോക്കാതെ. തുടർന്ന് ആ ബന്ധം കൂടുതൽ വളർന്നു. അതൊരാത്മബന്ധമായി. സംഗീത പരിപാടിയിലാണെങ്കിൽ പോലും ജാനകിയമ്മ ഫോൺ എടുക്കും. ഇല്ലെങ്കിൽ കുറച്ച് കഴിഞ്ഞ് തിരിച്ചുവിളിക്കും. പാട്ടിന്റെ അമ്മയോടു പാട്ടിനെകുറിച്ചൊന്നും സംസാരിക്കാറില്ലയെന്നത് മറ്റൊരു വസ്തുത. മുൻപ് എപ്പോഴൊ അമ്മയുമായി സംസാരിക്കുന്നതിനിടയിൽ എന്റെ കൈവശം തുളു, സൗരാഷ്ട്ര, ബംഗാളിപാട്ടുകളില്ലെന്ന് പറഞ്ഞിരുന്നു. ജാനകിയമ്മയെ കാണുവാൻ ദുബായിയിൽ നിന്നും വന്ന ഒരു ആരാധകന്റെയടുത്ത് കൊടുത്തുവിട്ടതും അദ്ദേഹം നേരിട്ട് തന്നതുമെല്ലാം മറക്കാൻ കഴിയില്ല. ഗൾഫ് മലയാളം മ്യൂസിക്കൽ അവാർഡ് ചടങ്ങിനെത്തിയ ജാനകിയമ്മയ്ക്കു ദുബായ് അയ്യപ്പാസിൽനിന്നും വെള്ളയിൽ ഇളംപച്ച കരയുള്ള കോട്ടൺസാരി വാങ്ങി ഫോൾവച്ച് തയ്ച്ചുകൊടുക്കുവാനായി. ജാനകിയമ്മയ്ക്കു വലിയ സന്തോഷമായി. അന്ന് ഞങ്ങൾ പുറത്ത് പോകുന്നതിനുമുൻപ് ജാനകിയമ്മ സാരി വിടർത്തി കട്ടിലിലും കസേരയിലുമായി വിരിച്ചിട്ടുണ്ടായിരുന്നു. എനിക്ക് ഒന്നും മനസ്സിലായില്ല. നാളെ പരിപാടിക്ക് പോകുമ്പോൾ മോൻ തന്ന സാരി ഉടുക്കണം. പുതിയ സാരിക്ക്, ചില മണമുണ്ടാകും. എനിക്കു അലർജിയല്ലേ... പുറത്തു പോയി വരുമ്പോഴേയ്ക്കും എല്ലാം ശരിയാകുമെന്ന് അമ്മ ധൃതി പിടിച്ച് പറയുന്നത് കേട്ടപ്പോൾ നിറഞ്ഞുപോയി. പറഞ്ഞതു പോലെതന്നെ അടുത്ത ദിവസം ജാനകിയമ്മ സാരിയുടുത്ത് സ്റ്റേജിൽ നിന്നപ്പോൾ എനിക്കു കിട്ടിയ ആത്മനിർവൃതി എങ്ങനെ പറഞ്ഞറിയിക്കും. അതുപോലെ മറ്റൊരു സഭയും, പ്രഥമ വയലാർ അവാർഡ് ജാനകിയമ്മയ്ക്കായിരുന്നു. അതും തൃശൂരിൽവച്ച്. ഞാനാണെങ്കിൽ ദുബായിലും. തൃശൂർക്ക് പോകുന്ന കാര്യമെല്ലാം ജാനകിയമ്മ മുൻപേ പറഞ്ഞിരുന്നു. വീട്ടിൽനിന്നും അമ്മ, അപ്പ, ചേച്ചി, പെരിയമ്മ, പെരിയപ്പ, മാമ, അരുൺ, ആശ... അങ്ങനെ നല്ലൊരു സേന തന്നെ ജാനകിയമ്മയെ സ്വീകരിക്കുവാൻ ചെന്നിരുന്നു. അമ്മയെ കണ്ടു ജാനകിയമ്മ കെട്ടിപ്പിടിച്ചു. എന്നിട്ട് അമ്മയോടു പറയുകയാണ്, മോൻ തന്ന സാരിയാണിത് ട്ടോ'യെന്ന്.



അവധിക്ക് നാട്ടിൽ വരുമ്പോൾ ചെന്നൈയിൽ പോകുകയെന്നത് പിന്നെയൊരു പതിവായി. ആദ്യമായി ജാനകിയമ്മയുടെ വീട്ടിൽ പോയത് ഒരു സംഭവമായിരുന്നു. തൃശൂരിൽ നിന്നും ചെന്നൈ എക്സ്പ്രസിലായിരുന്നു യാത്ര. രാവിലെ 7 മണിക്ക് ഞാനും അനിയൻ അരുണും ജാനകിയമ്മയുടെ വീട്ടിലെത്തി. ജാനകിയമ്മയുടെ മുരുമകൾ ഉമ ഞങ്ങളെ പൂമുഖത്തിരുത്തി. ഞങ്ങൾ കാപ്പി കുടിക്കുകയാണ്. പെട്ടെന്ന് ഇളം പച്ചനിറത്തിലുള്ള ഇന്നോവ കാർ വന്നു നിന്നു. ധൃതിപിടിച്ച് കാറിൽ നിന്നുമിറങ്ങി വരുന്നു ജാനകിയമ്മ. വെള്ളയിൽ ഇളംനീല പൂക്കളുള്ള സാരി, നെറ്റിയിൽ പതിവ് ഭസ്മക്കുറിയും ചന്ദനക്കുറിയും. 'രാവിലെ എത്തുമെന്ന് പറഞ്ഞില്ലേ... ഞാൻ വൈകിയോ...?' ഇതായിരുന്നു അമ്മയുടെ വാക്കുകൾ. ഞങ്ങൾ കെട്ടിപ്പിടിച്ചു. കാലു തൊട്ടു വന്ദിച്ചു.

കുളികഴിഞ്ഞ് അമ്മയുടെ മുറിയിലേക്കു പോയി. ഗോവണിയോടു ചേർന്നുള്ള ചുമരിൽ മുഴുവനും അവാർഡ് പത്രികളാണ്. മലയാളത്തിന്റെ സംസ്ഥാന അവാർഡുകളും നാലു ദേശീയ അവാർഡുകളും ഞാൻ കൺനിറയെ കണ്ടു. പിന്നെ ജാനകിയമ്മയുടെ മുറി, ഒരു ഡബിൾ ബെഡ് കട്ടിൽ; അതിനു പിന്നിൽ വലിയ ഷെൽഫ്, അതു മുഴുവനും കൊച്ചു കൊച്ചു സാധനങ്ങൾ (സ്പൂൺ, കൃഷ്ണൻ, കുടം, പേന, കീചെയിൻ, ഗ്ലാസ്, കപ്പ്...). ചുവരിൽ കൃഷ്ണന്റെ വലിയ പടം. മുറി നന്നായി അലങ്കരിച്ചിരുന്നു. അമ്മ ഭാസ്മമെടുത്ത് നെറ്റിയിൽ തൊട്ടു തന്നു. വിശേഷങ്ങളും പാട്ടുവർത്തമാനങ്ങളുമായി പെട്ടെന്ന് അന്തരീക്ഷം തന്നെ മാറി.

മനോരമ, ദീപിക, മംഗളം, ജന്മഭൂമി, തേജസ്സ്, ഫോർ പി.എം., ഇ-പത്രം

# ആലാപനത്തിന്റെ തേനും വയമ്പും



**കല്യാണത്തിനു ജാനകിയമ്മ വന്നത് വലിയ സംഭവമായിരുന്നു; എനിക്കു മാത്രമല്ല വീട്ടുകാർക്കും, ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമൊക്കെ. കല്യാണത്തിനു തലേദിവസം തന്നെത്തിയ, പുറപ്പെടുന്നതിനു മുൻപ് ഓരോ കാര്യങ്ങൾ അമ്മ വിളിച്ചന്വേഷിക്കുമ്പോൾ സത്യത്തിൽ എന്റെ പെരിയമ്മയുടെ കുറവ് ഞങ്ങളാരും അറിഞ്ഞില്ല. അമ്മ വന്നു; ഒപ്പം അമ്മയുടെ ആധാരകനും എന്റെ സുഹൃത്തുമായ ബദ്രിയും. എല്ലാവരും അത്ഭുതപ്പെട്ടു. എനിക്കു അഹങ്കാരം തോന്നിയ നിമിഷമായിരുന്നു വന്നത്.**



തുടങ്ങിയ പത്രങ്ങളിലുമൊക്കെ എസ്.ജാനകിയെ കുറിച്ച് എഴുതിയിരുന്ന പ്രത്യേക പതിപ്പുകളും ഒപ്പം കരുതിയിരുന്നു. അതെല്ലാം ഒപ്പമിരുന്ന് ജാനകിയമ്മയ്ക്ക് വായിച്ചുകൊടുത്തു. അന്ന് ഉച്ചയ്ക്ക് ജാനകിയൊന്നിച്ചുള്ള ഊണ്. അതൊരു അനുഭവമായിരുന്നു. ജാനകിയമ്മയും സഹായിയും ചേർന്ന് ഞങ്ങൾക്കു ഭക്ഷണം വിളമ്പി. വാഴയിലയിൽ ചോറ്, അവിയൽ, തോരൻ, പപ്പടം, വിവിധ തരം അച്ചാറുകൾ, മോര് ഇതൊക്കെ വിളമ്പുന്നതിനിടയിൽ ഞാനും അനുജൻ അരുണും ഇടയ്ക്ക് ഭക്ഷണത്തിന്റെ രുചി നോക്കുന്നുണ്ടായിരുന്നു. എല്ലാം വിളമ്പിയശേഷം ജാനകിയമ്മ വന്നിരുന്ന് പ്രാർത്ഥിക്കുന്നതു കണ്ടപ്പോൾ ഞങ്ങളാകെ വല്ലാതെയായി. ജാനകിയമ്മ ചോറുരുളയുരുത്തി എന്റെ മുന്നിലേയ്ക്കു നീട്ടി. കൈനീട്ടി വാങ്ങണോ എന്താ ചെയ്യേണ്ടതെന്ന് ശങ്കിച്ചിരിക്കുമ്പോൾ 'ആ ആ' എന്നു ജാനകിയമ്മ കാണിച്ചു. അങ്ങനെ കൊച്ചുകുഞ്ഞുങ്ങൾക്കു കൊടുക്കുന്ന രീതിയിൽ ഞങ്ങൾക്കും അമ്മ തന്നു അമൃത്. ഉച്ച ഊണും കഴിഞ്ഞ് തിരിച്ചു മുറിയിലെത്തി വർത്തമാനം പറഞ്ഞുതീരുന്നുണ്ടായില്ല.... സമയത്തിനാണെങ്കിൽ വേഗത കൂടിക്കൊണ്ടുമിരുന്നു. വൈകുന്നേരം 7 മണിയായായി, ഒമ്പതു മണിക്കുള്ള ചേരൻ എക്സ്പ്രസിൽ നാട്ടിലേക്ക് പോകാനൊരുങ്ങുകയാണ്. രണ്ട് ദിവസങ്ങൾ എങ്ങനെ പോയെന്ന് അറിഞ്ഞില്ല. താഴത്തെ നിലയിൽ വന്നു. അപ്പോളതാ പ്ലേറ്റിൽ ദോശയും ചട്ണിയും വിളമ്പി വച്ചിരിക്കുന്നു. ഞങ്ങൾ കഴിക്കാനൊരുങ്ങുമ്പോൾ ജാനകിയമ്മയും കൂടെക്കൂടി. ഭക്ഷണം കഴിച്ച് വീടിന്റെ പൂമുഖത്തെത്തുമ്പോൾ ഇളംപച്ച ഇന്നോവ കാർ, ഡ്രൈവർ എല്ലാം റെയിൽവേ സ്റ്റേഷനിൽ വിടുവാൻ തയ്യാറായി നിൽക്കുകയാണ്. ഞങ്ങൾ മുരളിയേട്ടനോടും ഉമ ചേച്ചിയോടും യാത്ര പറഞ്ഞു. ജാനകിയമ്മയെ കെട്ടിപ്പിടിച്ചു. ആരും ഒന്നും മിണ്ടുന്നില്ല. അതിനിടയിൽ ജാനകിയമ്മ ഒരു പെപ്സി കുപ്പിയിൽ വെള്ളം നിറച്ചു കൊണ്ടുവന്നു. ഞങ്ങൾ ഇന്നോവയിൽ കയറിയിരുന്നു, ഒപ്പം ജാനകിയമ്മയും. പോകുന്ന വഴിയ്ക്കു നല്ല ട്രാഫിക്ക്. അപ്പോഴും ആരും ഒന്നും മിണ്ടുന്നില്ല. എന്തിനു ഒന്ന് മുഖത്തുപ്പോലും നോക്കുന്നില്ല. ചെന്നൈ റെയിൽവേ സ്റ്റേഷനിലെത്തിയതും നല്ല മഴ. ഞങ്ങൾ ഒന്നുകൂടി ജാനകിയമ്മയുടെ കവിളിൽ ഉമ്മ കൊടുത്തുകൊണ്ട് വെയിൽവേ സ്റ്റേഷനിലേക്ക് ഓടിപ്പോയി. ട്രെയിനിൽ കയറി കുറച്ചു കഴിഞ്ഞ് ജാനകിയമ്മയെ വിളിച്ചു. 'സീറ്റ് കിട്ടിയോ കണ്ണാ...'

കല്യാണത്തിനു ജാനകിയമ്മ വന്നത് വലിയ സംഭവമായിരുന്നു; എനിക്കു മാത്രമല്ല വീട്ടുകാർക്കും, ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമൊക്കെ. കല്യാണത്തിനു തലേദിവസം തന്നെത്തിയ, പുറപ്പെടുന്നതിനു മുൻപ് ഓരോ കാര്യങ്ങൾ അമ്മ വിളിച്ചന്വേഷിക്കുമ്പോൾ സത്യത്തിൽ എന്റെ പെരിയമ്മയുടെ കുറവ് ഞങ്ങളാരും അറിഞ്ഞില്ല. അമ്മ വന്നു; ഒപ്പം അമ്മയുടെ ആധാരകനും എന്റെ സുഹൃത്തുമായ ബദ്രിയും. എല്ലാവരും അത്ഭുതപ്പെട്ടു. എനിക്കു അഹങ്കാരം തോന്നിയ നിമിഷമായിരുന്നു വന്നത്. കല്യാണത്തിനു വന്നവർക്കെല്ലാം അമ്മയെ കൂടുതൽ അടുത്തറിയുവാനും ഒപ്പം ഫോട്ടോസ് എടുക്കുവാനുമായി. എ.സി. ഇല്ലാത്ത ഫാനിറ്റിന്റെ കാറ്റുപോലുമില്ലാതെ അമ്മ വിയർത്തൊഴുകിയെങ്കിലും അമ്മയുടെ നിറസാന്നിധ്യം ഞങ്ങൾക്കു ഈശ്വരസാന്നിധ്യം പോലെയായിരുന്നു. ജാനകിയമ്മ പുതുക്കോടു വന്നത് വലിയ സംഭവമായിരുന്നു. കല്യാണത്തിനു പുതുക്കാട് വരാം എന്നാണ് മുന്നെ പറഞ്ഞിരുന്നുത്, പക്ഷെ താലികെട്ട് കോഴിക്കോട്ടായിരുന്നു. അതുകൊണ്ട് അവിടേക്ക് നേരെ വരികയായിരുന്നു. പുതുക്കോട് വന്നില്ലല്ലോ എന്ന പരിഭവം എനിക്കുണ്ടായിരുന്നു. വി. ദക്ഷിണാമൂർത്തി സ്വാമിയുടെ സ്മരണാർത്ഥമുള്ള പ്രഥമ പുരസ്കാരം എസ്. ജാനകിക്കായിരുന്നു. ജനുവരി പതിനേഴിനു തൃശൂർ പെരിങ്ങോട്ടുകരയിൽ വച്ചാണ് സമർപ്പണം. ജനുവരി പതിനെട്ടിനു എന്റെ പിറന്നാളാണ്. പരിപാടി കഴിഞ്ഞ് നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്കു പോകുംവഴി വീട്ടിൽ വരാം, കുറച്ചു നേരമിരിക്കാമെന്ന് ജാനകിയമ്മ പറഞ്ഞു. എന്റെ പിറന്നാളിനു അതും സാക്ഷാൽ ജാനകിയമ്മ വീട്ടിൽ വരിക... മഹാഭാഗ്യമല്ലേ! വലിയ സന്തോഷമായിരുന്നു. അടുത്ത ബന്ധുക്കളോടും സുഹൃത്തുക്കളോടും സൂചിപ്പിച്ചു. ജനുവരി പതിനഞ്ചിനു വീട്ടിൽ പൊങ്കൽ ആഘോഷം, അന്ന് ഉച്ച തിരിഞ്ഞ് ജാനകിയമ്മ വിളിക്കുകയുണ്ടായി. പതിനെട്ടാം തീയതി രാവിലെയാണ് വിമാനം. വീട്ടിൽ വരുവാനുള്ള സമയം കിട്ടുമെന്നു തോന്നുന്നില്ല കണ്ണാ... പരിപാടിക്ക് കാണാം എന്നു പറഞ്ഞപ്പോൾ, ആദ്യം വിഷമം തോന്നിയെങ്കിലും അമ്മയുടെ അവസ്ഥ നമ്മളല്ലേ മനസ്സിലാക്കേണ്ടത്. പൊങ്കലിന്റെ തിരക്കെല്ലാം കഴിഞ്ഞു. അത്താഴവും കഴിച്ചു അമ്മയും അപ്പായുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. സമയം പതിനൊന്ന് മണിയായിക്കാണും. ജാനകിയമ്മ വിളിയ്ക്കുന്നു, ഞാൻ നാളെ വരട്ടെയെന്നു ഒരു ചോദ്യവും. 'നാളെ രാവിലെ ഞങ്ങൾ വരും; സന്തോഷമായോ.. നാളെ കാണാം മോനെ.. നല്ല തൂങ്ക്...' ഫോൺ വച്ചു. അതിനിടയിൽ എന്റെ അമ്മ കലണ്ടർ നോക്കി പറയുകയാണ്, നാളെയാണ് നാൾപ്രകാരമുള്ള ശരിക്കുള്ള പിറന്നാൾ. എന്റെയും അമ്മയുടെയും പിറന്നാൾ ഒരു ദിവസമാണ്. മകരമാസത്തെ വിശാഖം. നോക്കൂ ജാനകിയമ്മ എന്നത് ഒരു സത്യം തന്നെയല്ലേ. പിറന്നാളിനു വരാം എന്നു പറഞ്ഞത് എത്ര അർത്ഥവർത്തായാണ് സംഭവിക്കുന്നത്. പറഞ്ഞതു പോലെ നോക്കൂ ജാനകിയമ്മ എന്ന് ഒരു സമയം തന്നെയല്ലേ. പിന്നാലിന്നു വരാം എന്നു പറഞ്ഞത് എത്ര അർത്ഥവത്തായാണ് സംഭവിക്കുന്നത്. പറഞ്ഞതു പോലെ ജാനകിയമ്മയും മകനും വന്നു, കേക്ക് മുറിച്ചു. പിറന്നാൾ സമ്മാനം തന്നു. അമ്മയൊന്നിച്ച് മൂന്നു നാലു മണിക്കൂർ, ഒപ്പം സദ്യയും.

ജാനകിയമ്മയുമൊന്നിച്ച് ഓർക്കാൻ അങ്ങനെ ഒരുപാട് സന്ദർഭങ്ങളുണ്ട്; എല്ലാം നിറമുള്ള ഓർമ്മകൾ. ചെറുപ്പത്തിൽ ഇന്റർനെറ്റിലും പത്രത്തിലുമൊക്കെ ജാനകിയമ്മയെ കുറിച്ചുള്ള വാർത്തകൾ അന്വേഷിക്കും. കാര്യമായി ഒന്നും ലഭിക്കാറില്ല. അങ്ങനെയാണ് മനോരമയിൽ എഴുതുവാനുള്ള അവസരം ലഭിക്കുന്നത്. പിന്നീട് ഒന്നും വിളിക്കാതെ അപ്രതീക്ഷിതമായി അതിനുവേണ്ട പ്രോത്സാഹനങ്ങളും അവസരങ്ങളും തന്ന സന്തോഷ് ജോർജ് ജേക്കബ് (ഹെഡ്, കണ്ടന്റ്, മനോരമ) സാറിനു പ്രത്യേകം നന്ദി പറഞ്ഞുകൊള്ളട്ടെ. മനോരമയിൽ എഴുതാൻ തുടങ്ങിയപ്പോൾ ശരിക്കും വളരുകയായിരുന്നു. ഒപ്പം ജാനകിയമ്മയുടെ പാട്ടുകൾ കൂടുതൽ ഗാഢമായി അറിയുവാൻ തുടങ്ങുന്നതും. പിന്നെ തോന്നി ഇതെല്ലാം ചേർന്ന് ജാനകിയമ്മയുടെ പാട്ടുകളെക്കുറിച്ചുള്ള പുസ്തകം തയ്യാറാക്കിയാലോയെന്ന്. എന്റെ വിവാഹം ക്ഷണിക്കുവാനായി മീഡിയ വൺ/മാധ്യമം എഡിറ്റർ എം.സി.എ. നാസറിനെ കാണുവാൻ ഞാനും അനൂപ് രാമചന്ദ്രനും ചേർന്നു പോയി. അദ്ദേഹത്തെ കണ്ടു. കുറെ സംസാരിച്ചു. അപ്പോൾ അദ്ദേഹം പറയുകയാണ് 'ജാനകിയമ്മയെ മറന്നുതുടങ്ങുന്ന സമയത്ത് എസ്. ജാനകി എന്ന ബ്രാന്റ് അഭിലാഷുണ്ടാക്കി' ഏറെ അഭിമാനം തോന്നിയ നിമിഷമായിരുന്നു അത്. എനിക്കു ഏറെ പ്രചോദനവും പ്രോത്സാഹനവും തന്നത് എന്റെ എല്ലാമായ പെരിയമ്മയാണ്. അമ്മാവനും അപ്പായും അമ്മയും സഹോദരി ആശയും, രാജേഷും എല്ലാത്തിനും എന്നോടൊപ്പമുള്ള അനിയൻ അരുണും ഏറെ സഹായിച്ചു.

ശ്രീകുമാരൻ തമ്പി, പൂവച്ചൽ ഖാദർ, മങ്കൊമ്പ് ഗോപാലകൃഷ്ണൻ, പി. ജയചന്ദ്രൻ, എ.കെ.അർജ്ജുനൻ, ബിച്ചു തിരുമല, ദർശൻ രാമൻ, കാവാലം നാരായണപ്പണിക്കർ, ഒ.എൻ.വി. കുറുപ്പ്, സാവിത്രി രാജീവൻ, ദക്ഷിണാമൂർത്തി സ്വാമി, ചുനക്കര രാമൻകുട്ടി, ജോൺസൺ, ബി. വസന്ത, ചിത്ര, അനിൽ, ലതിക, മിന്മിനി, പ്രതാപ്സിംഗ്, വിദ്യാധരൻ, പി.ആർ.മുരളി, ഔസേ



പ്പച്ചൻ, കൃഷ്ണചന്ദ്രൻ, മധു ബാലകൃഷ്ണൻ, ജെറി അമൽദേവ്, യൂസഫലി കേച്ചേരി, ഒ.എൻ.വി.കുറുപ്പ്, ഷിബു ചക്രവർത്തി, ബാലു കിരിയത്ത്, ശാരദ, സതീഷ് ബാബു, കല്ലറ ഗോപൻ, ജെൻസി കൂടാതെ സുഹൃത്തുക്കൾ, ബന്ധുക്കൾ, സോഷ്യൽ മീഡിയ സുഹൃത്തുക്കൾ...

അബ്ദുള്ള അൽ നെയ്മി, കുഴൂർ വിത്സൺ, പി.പി.മാത്യു, അജയ് പി.നായർ, ലക്ഷ്മി മേനോൻ, ബിന്ദു സന്തോഷ്, ഇ.എം.അഷ്റഫ്,വി.ജെ.റാഫി, സാദിഖ് കാവിൽ, അബൂബക്കർ, പ്രദാസ് രാംദാസ്, അനൂപ് രാമചന്ദ്രൻ, കൃഷ്ണകുമാർ, ഷെനിൻ ഹസ്സൻ, മുഹമ്മദ് നിയാസ്, അരുൺ കാർത്തിക, പ്രവീൺ കുമാർ, വിപിൻ കുമാർ, മധു ഭട്ട്, ഷെരിൾ ചന്ദ്രബോസ്, മൂത്തേടത്ത് സന്തോഷ് കുമാർ, അനീഷ് തമ്പി, സിജോ മങ്ങാട്, മാർവിൻ ജോർജ്, വിനോദ് കട്ടചിറ, പ്രഭു ത്യാഗരാജൻ, കരീം മലപ്പുറം, രാജേഷ് കൊല്ലം, രാജീവ് ഗ്രാമം, ശാലിനി എസ്. തമ്പാൻ, എം.തങ്കമണി, ശശി പുതുക്കാട്.... തുടങ്ങിയവരെല്ലാം എന്നോടൊപ്പം കൂടി. അങ്ങനെയാണ് 2015ൽ ഒരു പതിറ്റാണ്ടുകാലത്തെ എന്റെ പരിശ്രമത്തിനു വിരാമം ഉണ്ടാകുന്നതും ആലാപനത്തിന്റെ തേനും വയമ്പും എന്ന ജാനിയമ്മ പാട്ടുജീവിതം സഹൃദയർക്കു മുന്നിൽ സമർപ്പിക്കുന്നതും.

ജാനകിയമ്മ പാടിയ തിരഞ്ഞെടുത്ത 2000 ഗാനങ്ങളെ കുറിച്ചുള്ള സംസാരങ്ങളും ആ നിമിഷങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകളുമാണ് 'ആലാപനത്തിന്റെ തേനും വയമ്പും.' അതിനെന്നെ പ്രാപ്തനാക്കിയ കാലത്തിനും, കാലാതിവർത്തിയായ ജാനികയമ്മയ്ക്കും നമസ്കാരം.



## 1880ൽ പ്രസിദ്ധീകരിച്ച ലൂ വാലസിന്റെ പ്രശസ്ത നോവലിന്റെ സ്വതന്ത്ര വിവർത്തനം




**പ**ർവ്വതങ്ങൾക്കു മുകളിലൂടെ സൂര്യൻ ഉദിച്ചുയർന്നപ്പോഴാണ് യുവാവായ ജൂദാ ബെൻഹർ ആ വിധിനിർണായകമായ പ്രഭാതത്തെ വരവേറ്റത്.

കൊട്ടാരത്തിലെ വിസ്തൃമായ മുറിയുടെ കമാനാകൃതിയിലുള്ള ജനാലയിലൂടെ, ജറുസലേമിലെ മേൽക്കൂരകൾക്കു മുകളിലൂടെ കൂട്ടംകൂട്ടമായി പറന്നിറങ്ങുന്ന പ്രാവുകളെ അയാൾ കണ്ടു. അവയുടെ ചിറകുകളുടെ തിളക്കം ഭൂമിയിലേക്ക് ഇറങ്ങിവരുന്നതുപോലെ തോന്നി.

ബൻഹർ കിടന്നു കൊണ്ടു തന്നെ അവയെ കണ്ടു. എഴുന്നേൽക്കാൻ യാതൊരു തിടുക്കവും ഉണ്ടായിരുന്നില്ല. ആ പ്രഭാതം മറ്റേതൊരു പ്രഭാതത്തെയും പോലെ തന്നെയായിരുന്നു.

ഭയമോ പ്രതീക്ഷയോ ഒന്നും അയാളുടെ മനസ്സിലൽ ഉണ്ടായിരുന്നില്ല. പതിനേഴുവർഷമായി താൻ അനുഭവിച്ചിരുന്ന സുഖകരവും ശാന്തവുമായ ജീവിതത്തിലേക്കുള്ള അവസാന പ്രഭാതമാണിതെന്ന് മുന്നറിയിപ്പ് നൽകത്തക്കതായ ഒന്നുമുണ്ടായിരുന്നില്ല; തന്നെ കാത്തിരിക്കുന്ന ഭയാനകമായ സംഭവങ്ങളെക്കുറിച്ച് സൂചന നൽകാനും ഒന്നും ഉണ്ടായിരുന്നില്ല...

ഒടുവിൽ അവൻ എഴുന്നേറ്റു. ചെറുപ്രായത്തിൽ തന്നെ വളർത്തിയ ഈ ജിപ്ഷ്യൻ അടിമ അംറാഹിനെ വിളിച്ചു. അവൾ ഉടൻ തന്നെ കൈ കഴുകാനുള്ള പാത്രവും തൂവാലയും വെള്ളവും കൊണ്ടുവന്നു.

രണ്ടാമത്തെ വിളിക്കുശേഷം, വിശ്വസ്തനായ അടിമ പ്രഭാത ഭക്ഷണവുമായി വേഗത്തിൽ എത്തി; അത് ഒരു തട്ടിൽ വെച്ച് ചെറിയ സ്റ്റൂളിന്മേൽ വച്ചു. ബൻഹർ ഭക്ഷണം കഴിക്കുമ്പോൾ, പതിനഞ്ച് വയസ്സുള്ള അവന്റെ സഹോദരി തിർസാ അവനോടൊപ്പം ചേർന്നു. മെലിഞ്ഞതും അതിസുന്ദരിയുമായ അവൾ പട്ടുവസ്ത്രങ്ങളും ശിരോവസ്ത്രവും ധരിച്ചിരുന്നു; സ്വർണ്ണത്തളകളും വളകളും അണിഞ്ഞ്, ഹൂർ കുടുംബത്തിലെ ഒരു രാജകുമാരിക്ക് യോജിക്കുന്ന പ്രൗഢിയോടെയായിരുന്നു അവളുടെ വരവ്.

സഹോദരനും സഹോദരിയും ചിരിച്ചും സംസാരിച്ചും ഇരിക്കുമ്പോൾ, താഴെയുള്ള തെരുവിൽ നിന്ന് ഒരു വലിയ ശബ്ദവുംകാഹളങ്ങളുടെ മുഴക്കവും സൈനികരുടെ ഭാരമേറിയ ഷൂസിന്റെ മുഴക്കവും കേട്ടു.

റോമൻ സൈനികർ!

ബൻഹർ ചാടി എഴുന്നേറ്റു. തനിക്കവരെ കാണണം!

ആവേശം കൊണ്ട് അവന്റെ കണ്ണുകൾ തിളങ്ങി.

കാഹളങ്ങളുടെ യുദ്ധവിളി അവന്റെ ഹൃദയത്തെ ഉണർത്തി.

അവൻ മുറിയിൽ നിന്ന് പടികൾ കയറി കൊട്ടാരത്തിന്റെ വിശാലവും വിസൃതവുമായ മേൽക്കൂരയിലേക്ക് ഓടി. മേൽക്കൂരയുടെ വടക്കുകിഴക്കേ മൂലയെ സംരക്ഷിച്ചിരുന്ന ഓടുകൊണ്ടുള്ള കൈവരിയിൽ ചാഞ്ഞുനിന്ന് അയാൾ താഴേക്ക് നോക്കി.

തെരുവിന് പത്തടി വീതിയിൽ കൂടുതൽ ഉണ്ടായിരുന്നില്ല. ഇടയ്ക്കിടെ പാലങ്ങൾ കുറുകെ പണിതിരുന്നു. വഴിനീളെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും നിറഞ്ഞുതുടങ്ങിയിരുന്നു.

റോമൻ സൈനികർ മുന്നേറിവരുന്ന കാഴ്ച അതിമനോഹരമായിരുന്നു. അവരുടെ നിര മതിൽ മുതൽ മതിൽ വരെ തെരുവ് മുഴുവൻ നിറഞ്ഞിരുന്നു; അതിന് അവസാനമില്ലെന്നു തോന്നി. ധീരവും കൃത്യമായ താളത്തിലും അളവിലും അവർ മാർച്ച് ചെയ്തു. സൂര്യപ്രകാശം അവരുടെ വാളുകളിലും കുന്തങ്ങളിലുമായി, മിനുക്കിയ നെഞ്ചു കവചങ്ങളിലും പരിചകളിലും ശിരസ്ത്രാണങ്ങളിലുമായി മിന്നിത്തിളങ്ങി.

ആ നീണ്ട സൈനിക നിരയുടെ മധ്യത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒറ്റയ്ക്കു കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു. അദ്ദേഹത്തിന് തൊട്ടുപിന്നാലെ ഒരു കുതിരപ്പട കാവലായി തൊട്ടു പിന്നാലെ ഉണ്ടായിരുന്നു. സൈനിക ഉദ്യോഗസ്ഥന് തലപ്പാവ് ഉണ്ടായിരുന്നില്ല. എന്നാൽ പൂർണമായ യുദ്ധകവചം ധരിച്ചിരുന്നു. ധൂമ്രനിറത്തിലുള്ള തുണിയിലായിരുന്നു അദ്ദേഹം ഇരുന്നത്. അദ്ദേഹം പിടിച്ചിരുന്ന കടിഞ്ഞാണുകൾ മഞ്ഞനിറത്തിലുള്ള പട്ടുകൊണ്ടുള്ളതും താഴെ തൂവലുകൾപോലുള്ള അലങ്കാരങ്ങൾ ഉള്ളതുമായിരുന്നു.

ഒരു നോട്ടത്തിൽ തന്നെ ഈ ഉന്നത ഉദ്യോഗസ്ഥൻ ആരാണെന്ന് ബൻഹർ മനസ്സിലാക്കി. അദ്ദേഹം യെഹൂദ്യയുടെ പുതിയ ഗവർണറായ വലേറിയസ് ഗ്രാറ്റസ് ആയിരുന്നു. അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് ജറുസലേം മുഴുവൻ കേട്ടിരുന്നു; ഭയത്തോടെയാണ് എല്ലാവരും അതിനെ കാത്തിരുന്നത്. റോമാക്കാർക്കു നൽകേണ്ട നികുതികൾ യഹൂദന്മാരിൽ നിന്ന് കർശനമായി

നോവലിലൂടെയും സിനിമയിലൂടെയും പ്രശസ്തമായ നോവലാണ് ബൻഹർ. ലോകത്തിലെ മിക്കവാറും എല്ലാ ഭാഷകളിലും ഇതിന്റെ വിവർത്തനങ്ങൾ വന്നിട്ടുണ്ട്.

ല്യൂ വാലസ് (1827–1905), യുഎസ് എഴുത്തുകാരനാണ്. ഇന്ത്യാന ഗവർണറുടെ മകനായ ല്യൂ വാലസ് മെക്സിക്കൻ യുദ്ധത്തിലും അമേരിക്കൻ ആഭ്യന്തരയുദ്ധത്തിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മേജർ ജനറൽ പദവിയിൽ ഇരിക്കവെ വിരമിച്ചു. പിന്നീട് അദ്ദേഹം നിയമരംഗത്തേക്ക് മടങ്ങി

മെക്സിക്കോയുടെ സ്പാനിഷ് കീഴടക്കലിനെക്കുറിച്ചുള്ള *ദി ഫെയർ ഗോഡ്* (1873); ബൈസന്റൈൻ സാമ്രാജ്യത്തെക്കുറിച്ചുള്ള *ദി പ്രിൻസ് ഓഫ് ഇന്ത്യ* (1893); ക്രിസ്തുവിന്റെ കാലത്ത് റോമൻ സാമ്രാജ്യത്തിൽ നടക്കുന്ന ഒരു പ്രണയകഥയായ *ബെൻഹർ* എന്നിവയാണ് ല്യൂ വാലസിനെ പ്രശസ്തനാക്കിയത്. ഈ ലക്കത്തിലൂടെ നോവലിന്റെ സ്വതന്ത്ര വിവർത്തനം ആരംഭിക്കുന്നു.

# 1. അപകടം

പിരിച്ചെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ചുമതല.

റോമൻ അധിനിവേശകാരൻ. അതിൽ അദ്ദേഹം അഭിമാനിച്ചിരുന്നുവെന്നു മാത്രമല്ല, ഒരളവുവരെ അഹങ്കരിക്കുകയും ചെയ്തിരുന്നു. കലകപ്രകൃതൻ. ക്ഷോഭം മുഖഭാവത്തിൽ പ്രകടമായിരുന്നു. ഏതുവിധേനയും നികുതി പിരിക്കുവാൻ അയാൾക്ക് അറിയാമെന്ന തോന്നൽ ഓരോ ചനലത്തിലും പ്രകടമാക്കിയിരുന്നു.

നികുതി പിരിക്കുന്നവരെ ജനം വെറുത്തിരുന്നു. അശുദ്ധവസ്തുവിനെ കണ്ട ഭാവമായിരുന്നു അപ്പോൾ അവരുടെ മനോഭാവത്തിലാകെ നിറഞ്ഞിരുന്നത്.

അയാളെ കാണുന്ന മാത്രങ്ങൾ ജനം ഉള്ളിൽ തന്റെ കോപമടക്കി നിന്നു. ചിലർ മുഷ്ടികൾ ചുരുട്ടി. സേന പാലങ്ങൾക്കടിയിലൂടെ കടന്നുപോകുമ്പോൾ അവർ നിഷേധസ്വരത്തിൽ ഒച്ച ഉയർത്തുകയും അവരുടെ നേരെ കാർക്കശ്യത്തോടെ തുപ്പുകയും ചെയ്തു. സ്ത്രീകൾ പോലും അവരുടെ ചെരിപ്പുകൾ അവരുടെ നേരെ എറിഞ്ഞു.

അയാൾ അടുത്തെത്തിയപ്പോൾ, റോമന്റെ മുഖം ഇരുണ്ടതും ദേഷ്യഭാവം നിറഞ്ഞതുമാണെന്ന് ബൻഹർ കണ്ടു. ജനക്കൂട്ടത്തിലേക്കു അയാൾ എറിഞ്ഞ നോട്ടങ്ങൾ ഭീഷണി നിറഞ്ഞതായിരുന്നു. അടുത്ത ഏതാനും മണിക്കൂറുകൾക്കുള്ളിൽ അയാളുടെ കയ്യിൽ അകപ്പെടുന്ന ഏത് യഹൂദനും ദുരിതം അനുഭവിക്കേണ്ടിവരും!

വലേറിയസ് വീട്ടിന്റെ മൂലയിലെത്തിയപ്പോൾ, അവനെ വ്യക്തമായി കാണാനായി ബൻഹർ കൈവരിക്കു മുകളിലൂടെ കൂടുതൽ മുന്നോട്ടു ചാഞ്ഞു. അങ്ങനെ ചെയ്യുന്നതിനിടെ, അവൻ കൈവെച്ചത് ഇളകി കിടന്നിരുന്ന ഒരു മേൽക്കൂരയുടെ ഓടിലായിരുന്നു. അവന്റെ കൈയുടെ സമ്മർദത്തിൽ അത് സ്ഥാനം തെറ്റി താഴേക്കു വീണുതുടങ്ങി.

ഭയത്തിന്റെ ഒരു മിന്നൽ ബൻഹറിന്റെ ശരീരത്തിലൂടെ പാഞ്ഞു. വീഴുന്ന ഓട് പിടിക്കാൻ അയാൾ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. തന്റെ മുഴുവൻ ശക്തിയോടെ അയാൾ നിലവിളിച്ചു.

കാവൽസേനയിലെ സൈനികർ മുകളിലേക്കു നോക്കി; അതേ നിമിഷം മറ്റൊരു ഓട് ഉദ്യോഗസ്ഥന്റെ മേൽ പതിക്കുകയും ചെയ്തു. അവൻ കുതിരപ്പുറത്ത് നിന്ന് തെറിച്ചുവീണു. മരിച്ചവനെപ്പോലെ നിലത്തേക്ക് കുഴഞ്ഞു വീണു.

സൈനികനിര ഉടൻ നിന്നു. കാവൽക്കാർ ചാടിയിറങ്ങി, തങ്ങളുടെ നേതാവിനെ പരിചകൾകൊണ്ട് മറച്ച് സംരക്ഷിക്കാൻ അവർ ശ്രമിച്ചു. മനഃപൂർവം ഓടു തള്ളിയിട്ടതായിട്ടാണ് കണ്ടുനിന്നിരുന്ന യഹൂദന്മാർ വിശ്വസിച്ചത്. കൈവരിക്കു മുകളിലൂടെ ഒരു കൈ അപ്പോഴും നീട്ടിപ്പിടിച്ച് നിൽക്കുന്ന ആ യുവാവിനെ ആവേശത്തോടെ അവർ അഭിനന്ദിച്ചു.

പെട്ടെന്നുയർന്ന അന്ധമായ രോഷത്തിൽ ജനങ്ങൾ മേൽക്കൂരയിലെ ഓടുകളും ഉണങ്ങിയ മൺപാളികളും പറിച്ചെറിയാൻ തുടങ്ങി.

കാഹളങ്ങൾ മുഴങ്ങി. ഉദ്യോഗസ്ഥരുടെ ആജ്ഞകൾ മുഴങ്ങി. യുദ്ധഘോഷം മുഴങ്ങി. വാളും പരിചയും കൊണ്ട് സൈനികർ ആക്രമണത്തിനായി മുന്നേറി. തെരുവിന്റെ ഇരുവശങ്ങളിലുമുള്ള വീടുകളിലേക്ക് അവർ ഇരച്ചുകയറി. എല്ലായിടത്തുനിന്നും നിലവിളികൾ ഉയർന്നു. പരിക്കേറ്റവരുടെ കരച്ചിലും പോരാട്ടത്തിനിടയിൽ കുടുങ്ങിയ കുട്ടികളുടെ ദുർബലമായ നിലവിളികളും അവിടെയാകെ നിറഞ്ഞു.

ബൻഹർ കൈവരിയിൽ നിന്ന് തിരിഞ്ഞുനോക്കിയപ്പോൾ തിർസാ തന്റെ അരികിൽ നിൽക്കുന്നതു കണ്ടു. അവളുടെ മുഖം ചാരനിറം പോലെ വിളറിയിരുന്നു. ഭയത്താൽ അവൾ ഒച്ച ഉയർത്താതെ നിലവിളിക്കുകയും അവന്റെ കൈയിൽ മുറുകെ പിടിക്കുകയും ചെയ്തു.

അവർ എന്താണ് ചെയ്യുക? അവൾ ഭയത്തോടെ ചോദിച്ചു.

തെരുവിലും വീടുകളിലും വർധിച്ചുകൊണ്ടിരുന്ന കലഹത്തിന്റെ ശബ്ദം ബൻഹർ ശ്രദ്ധിച്ചു. ഗ്രാറ്റസിന്റെ ദേഷ്യഭാവം നിറഞ്ഞ മുഖം അവന്റെ മനസ്സിൽ തെളിഞ്ഞു. അയാൾ മരിച്ചിട്ടില്ലെങ്കിൽ, അവന്റെ പ്രതികാരം എന്തായിരിക്കും? മരിച്ചുവെങ്കിൽ, ഗവർണറുടെ അംഗരക്ഷകരുടെ അതിക്രമം എത്ര വലുതായിരിക്കും?

ബൻഹർ വിറച്ചുപോയി. വീണ്ടും കൈവരിയിൽ നിന്നു താഴേക്ക് നോക്കി. കാവൽക്കാർ ആ റോമൻ ഉദ്യോഗസ്ഥനെ വീണ്ടും കുതിരപ്പുറത്ത് കയറാൻ സഹായിക്കുന്ന കാഴ്ച ആശ്വാസം നൽകി.

അദ്ദേഹത്തിനു ജീവനുണ്ട്. ബൻഹർ വിളിച്ചു പറഞ്ഞു. ഭയപ്പെടണ്ട. സംശയിച്ച പിഴവ് ഞാൻ അവരോട് പറയാം.

അപ്പോഴേക്കും നിൽക്കുന്നിടം ശക്തിയായി കുലുങ്ങി. വലിയ മരത്തടികൾ ഒടിഞ്ഞുവീഴുന്ന ഭയങ്കര ശബ്ദം. അതിനെത്തുടർന്ന് താഴെയുള്ള നടുമുറ്റത്ത് വേദനയും അമ്പരപ്പും നിറഞ്ഞ നിലവിളികൾ ഉയർന്നു.

ബൻഹർ സ്തംഭിച്ചുനിന്നു. അനേകം ആളുകൾ ഓടിയെത്തുന്ന ശബ്ദം കേട്ടു. കോപം നിറഞ്ഞ ശബ്ദങ്ങളും ജീവഭയത്തിൽ നിലവിളിക്കുന്ന സ്ത്രീകളുടെ കരച്ചിലും എല്ലായിടത്തും മുഴങ്ങിക്കൊണ്ടിരുന്നു.

റോമാക്കാർ അവനെ തേടിയെത്തുകയായിരുന്നു! വേട്ടയാടപ്പെടുന്ന ഒരാ




ളുടെ ഭയാനകമായ അനുഭവം അവനെ കീഴടക്കി.

തിർസാ ഭയത്തോടെ വിറച്ച് അവനോട് ചേർന്നുനിന്നു. അവളുടെ കണ്ണുകൾ ഭീതിയാൽ വിടർന്നിരുന്നു.

ബൻഹർഇതിന്റെ അർത്ഥമെന്താണ്?

അവൻ ഒന്നും പറയാനാകാതെ നിന്നു. ഭൃത്യന്മാരെ വെട്ടിക്കൊല്ലുകയായിരുന്നു.

അമ്മയോ?

പിതാവിന്റെ മരണശേഷം ഹൂർ കുടുംബത്തിലെ മുതിർന്നവൻ താനല്ലേ? തന്റെ ഉത്തരവാദിത്വം ഓർത്തുകൊണ്ട് ബൻഹർ താഴേക്ക് പടികൾ ഇറങ്ങി.

അവന്റെ ശബ്ദം പതറിയിരുന്നു. അമ്മയുടെ നിലവിളി ഉയർന്നു.

പടിക്കെട്ടിന്റെ താഴെയുള്ള വിശാലമായ മുറ്റത്ത് സൈനികർ നിറഞ്ഞിരുന്നു. വാളുകൾ വലിച്ചെടുത്ത് കൂടുതൽ സൈനികർ മുറികളിലേക്ക് വേഗത്തിൽ കയറുകയും പുറത്തേക്കിറങ്ങുകയും ചെയ്തു. തിരശ്ശീലകളും തകർത്ത വീട്ടുപകരണങ്ങളുടെ അവശിഷ്ടങ്ങളും നിലമെങ്ങും ചിതറിക്കിടന്നിരുന്നു. ഒരു മൂലയിൽ കുറെ സ്ത്രീകൾ മുട്ടുകുത്തി കരഞ്ഞുകൊണ്ടും കരുണയ്ക്കായി കൈകൂപ്പിക്കൊണ്ടും ഇരിക്കുകയായിരുന്നു. അവരിൽ നിന്ന് അൽപ്പം മാറി അവന്റെ അമ്മ നിന്നിരുന്നു. അവരുടെ വസ്ത്രങ്ങൾ കീറിയിരുന്നു. ഒരു സൈനികൻ അവരുടെ കൈകൾ ചേർത്തു പിടിച്ചിരുന്നു. ആ പിടിയിൽ നിന്നും അവർ കുതറിമാറുവാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

അമ്മേ! ബൻഹർ ഉറക്കെ വിളിച്ചുകൊണ്ട് അവരുടെ അടുക്കലേക്ക് എത്താൻ ശ്രമിച്ചു.

മൂന്ന് ചുവടുകൾ പോലും വയ്ക്കുംമുമ്പ്, ശക്തരായ രണ്ട് സൈനികർ ബൻഹറിനെ ബലമായി തള്ളിമാറ്റി.

അപ്പോൾ ആരോ ഉറക്കെ പറയുന്നതു കേട്ടു:

'അവനാണ്!'

ആ ശബ്ദം അവന് പരിചിതമായിരുന്നു. സൈനികരുടെ പിടിയിൽപ്പെട്ട അവൻ പെട്ടെന്ന് തിരിഞ്ഞുനോക്കി...

സൈനികരിലൊരാളുടെ ശബ്ദം കേട്ടപ്പോൾ അവന്റെ കണ്ണുകൾ സന്തോഷത്താലും ആശ്വാസത്താലും തിളങ്ങി.

ആ ശബ്ദം മെസ്സാലയുടേതായിരുന്നു.

ബാല്യകാലം മുതൽ ബൻഹറിന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്ന റോമാക്കാരൻ. വെറും പത്തൊൻപത് വയസ്സേ ഉണ്ടായിരുന്നുള്ളൂ എങ്കിലും, കുലീന കുടുംബത്തിൽ ജനിച്ചതിനാൽ മെസ്സാലയ്ക്ക് ഉയർന്ന പദവിയുണ്ടായിരുന്നു. കൊട്ടാരത്തിൽ മിക്ക ദിവസങ്ങളിലും അവൻ വരാറുണ്ടായിരുന്നു. ഇപ്പോൾ മെസ്സാല തന്നെ സഹായിക്കുമല്ലോ. അവർ സഹോദരന്മാരെപ്പോലെയല്ലായിരുന്നു? ബൻഹർ സുഹൃത്തിനുനേരെ കൈനീട്ടി, ആകാംക്ഷയോടെ അവന്റെ പേര് വിളിച്ചു.

എന്നാൽ മെസ്സാല ബൻഹറിനെ തണുത്ത ഭാവത്തിൽ നോക്കി. മുട്ടുവരെയെത്തുന്ന അയഞ്ഞ ഒരു അങ്കി ധരിച്ചിരുന്നതും അരയിൽ തൊങ്ങലുകളുള്ള ഒരു കയർകൊണ്ട് അത് കെട്ടിയിരുന്നതുമായിരുന്നു. ഇളം നീലനിറമുള്ള ഒരു മേലങ്കി അവന്റെ വിശാലമായ തോളുകളിൽ വിരിച്ചിട്ടുണ്ടായിരുന്നു. മുഖത്ത് ഗൗരവമായിരുന്നു. കനത്ത പുരികങ്ങൾക്കടിയിൽ അവന്റെ കണ്ണുകൾ തണുത്തതും അടഞ്ഞതുമായ ഭാവം പ്രകടിപ്പിച്ചു.

ഇവനാണോ ആക്രമി?

മെസ്സാലയുടെ അരികിലുണ്ടായിരുന്ന ഉദ്യോഗസ്ഥനോടു ചോദിച്ചു.

ഇവൻ യുവാവല്ലേ?

കൊല ചെയ്യാൻ ഒരാൾ വയസ്സാകണമെന്നുണ്ടോ?മെസ്സാല മറുപടി പറഞ്ഞു.

ഇവൻ ഇപ്പോൾ നിങ്ങളുടെ കയ്യിലുണ്ട്. അവരാണ് അവന്റെ അമ്മ; അതാണ് അവന്റെ സഹോദരി. എല്ലാവരും നിങ്ങളുടെ കസ്റ്റഡിയിലുണ്ട്.

ഒരു നിമിഷത്തേക്ക് ഒന്നും മനസ്സിലാകാതെ ബൻബർ ആ യുവ റോമാക്കാരനെ തുറിച്ചുനോക്കി.

മെസ്സാലാ! എന്നെ സഹായിക്കൂ!അവൻ നിലവിളിച്ചു. എന്റെ അമ്മയെയും സഹോദരിയെയും രക്ഷിക്കൂ! സംഭവിച്ചതെല്ലാം പിഴവായിരുന്നു. കൈ ജനൽപടിയിൽ വെച്ചപ്പോൾ ഇളകിയിരുന്ന ഓട് താഴേക്കു വീഴുകയായിരുന്നു.

മെസ്സാല പരിഹാസത്തോടെ ചിരിച്ചു.

ബൻഹറിന്റെ ഒരു വാക്കുപോലും കേട്ടില്ലെന്ന ഭാവത്തിൽ പുറംതിരിഞ്ഞു.

കലാപത്തിന്റെ കാറ്റ് വീശുകയാണ്. അവൻ പറഞ്ഞു. വളരെ വൈകുന്നതിന് മുമ്പേ അതിനെ തകർത്തുകളയൂ.

**ആ ശബ്ദം മെസ്സാലയുടേതായിരുന്നു.**

**ബാല്യകാലം മുതൽ ബൻഹറിന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്ന റോമാക്കാരൻ. വെറും പത്തൊൻപത് വയസ്സേ ഉണ്ടായിരുന്നുള്ളൂ എങ്കിലും, കുലീന കുടുംബത്തിൽ ജനിച്ചതിനാൽ മെസ്സാലയ്ക്ക് ഉയർന്ന പദവിയുണ്ടായിരുന്നു. കൊട്ടാരത്തിൽ മിക്ക ദിവസങ്ങളിലും അവൻ വരാറുണ്ടായിരുന്നു. ഇപ്പോൾ മെസ്സാല തന്നെ സഹായിക്കുമല്ലോ. അവർ സഹോദരന്മാരെപ്പോലെയല്ലായിരുന്നു? ബൻഹർ സുഹൃത്തിനുനേരെ കൈനീട്ടി, ആകാംക്ഷയോടെ അവന്റെ പേര് വിളിച്ചു.**

**എന്നാൽ മെസ്സാല ബൻഹറിനെ തണുത്ത ഭാവത്തിൽ നോക്കി.**

പിന്നിലേക്ക് നോക്കാതെ അയാൾ നടന്നു.

അവൻ മുന്നോട്ടേക്ക് ചാടി, തന്നെ പിടിച്ചിരുന്ന ആളുകളെ വലിച്ചുകൊണ്ട് ഉദ്യോഗസ്ഥന്റെ അടുത്തെത്തി.

പ്രഭോ,അവൻ പറഞ്ഞു, കുറഞ്ഞത് എന്റെ അമ്മയെയും സഹോദരിയെയും എങ്കിലും രക്ഷിക്കണം. അവർ യാതൊരു കുറ്റവും ചെയ്തിട്ടില്ല.

ഈ വാക്കുകൾ ഉദ്യോഗസ്ഥനെ സ്പർശിച്ചതുപോലെ തോന്നി.

ആ സ്ത്രീകളെ കൊണ്ടുപോകൂ, അദ്ദേഹം തന്റെ സൈനികരോട് കല്പിച്ചു. പക്ഷേ അവരെ ഉപദ്രവിക്കരുത്.

തുടർന്ന് ബൻഹറിനെ പിടിച്ചുനിന്നവരോട് അദ്ദേഹം പറഞ്ഞു: അവനെ ബന്ധിക്കുക. തെരുവിലേക്ക് കൊണ്ടുപോകുക. അവന് ലഭിക്കേണ്ട ശിക്ഷ ഇതുവരെ തീരുമാനിച്ചിട്ടില്ല.

ബൻഹർ അതിനെതിരെ ചെറുക്കുന്നുണ്ടെങ്കിലും അതൊന്നും ഫലപ്രദമായില്ല.

അവന്റെ അമ്മയെ അപ്പോഴും ശക്തമായി ചെറുത്തുനിൽക്കുന്നതിനിടെ ബലമായി കൊണ്ടുപോയി. ഭയന്നുവിറച്ച സഹോദരി കാവൽക്കാരോടൊപ്പം നിസ്സാഹയായി നടന്നു.

ബൻഹർ അവരെ ഓരോരുത്തരെയും അവസാനമായി നോക്കി, തല കുനിച്ചു. ആ നിമിഷം അവന്റെ മനസ്സിൽ കയ്പ് നിറഞ്ഞു. വീണ്ടും തല ഉയർത്തി, കൈകൾ കെട്ടാനായി നീട്ടിയപ്പോൾ, അവന്റെ കണ്ണുകൾ ദൃഢമായിരുന്നു; ചുണ്ടുകൾ കൂടുതൽ മുറുകിയിരുന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവൻ തന്റെ യുവത്വം ഉപേക്ഷിച്ച് ഒരു പുരുഷനായി മാറിയിരുന്നു.

മുറ്റത്ത് കാഹളം മുഴങ്ങി.

സൈനികർ ബൻഹറിനെ പിടിച്ചുകൊണ്ട് തകർന്നുകിടന്ന വടക്കൻ കവാടത്തിലേക്ക് വലിച്ചിഴയ്ക്കാൻ തുടങ്ങി.

പെട്ടെന്ന്, നിലത്ത് കിടന്നിരുന്ന ഒരു സ്ത്രീ എഴുന്നേറ്റ് ബൻഹറിന്റെ അടുത്തേക്ക് ഓടിവന്നു. അവൾ അവന്റെ കാൽമുട്ടുകളിൽ വീണുപിടിച്ചു. അവളുടെ കറുത്ത മുടി പൊടിയിൽ മൂടപ്പെട്ടിരുന്നു; കണ്ണുനീർ കവിളുകളിലൂടെ ഒഴുകി. അവൾ അവനെ നോക്കി, പക്ഷേ ഒരു വാക്കുപോലും പറയാൻ കഴിഞ്ഞില്ല.

'അംറാ, ദൈവം നിന്നെ സഹായിക്കട്ടെ,'അവൻ ശാന്തമായി പറഞ്ഞു. കഴിയുമെങ്കിൽ ഇവിടെ നിന്ന് രക്ഷപ്പെടൂ. തിർസായ്ക്കും എന്റെ അമ്മയ്ക്കുമായി ജീവിക്കൂ. ഞാൻ തിരികെ വരും.'

ഒരു സൈനികൻ അവനെ തള്ളിമാറ്റി അടിമസ്ത്രീയെ പിടിക്കാൻ ശ്രമിച്ചു. പക്ഷേ അവൾ ചാടിയെഴുന്നേറ്റ് കവാടം കടന്ന് തെരുവിലേക്ക് ഓടി.

ഉദ്യോഗസ്ഥൻ വിളിച്ചുപറഞ്ഞു. അവൾ വിശന്ന് ചത്തുപോകും. ഈ മതിലുകൾക്കുള്ളിൽ ജീവനുള്ള ഒന്നും ശേഷിക്കാതിരിക്കാൻ നോക്കുക. ഇതെല്ലാവർക്കും ഒരു പാഠമാകട്ടെ.'

റോമൻ സൈനികപ്പാളയത്തിന്റെ ആസ്ഥാനമായ അന്റോണിയ കോട്ടയിലേക്ക് തടവുകാരനെ കൊണ്ടുപോകാൻ അയാൾ സൈനികർക്ക് സൂചന നൽകി....

തൊട്ടടുത്ത ദിവസം.

റോമൻ സൈനികസംഘം ബൻഹറിന്റെ കൊട്ടാരത്തിലെത്തി. അവർ കവാടങ്ങൾ വലിച്ചടച്ചു. താഴിട്ടു പൂട്ടി. മെഴുകുകൊണ്ട് മുദ്രവെച്ചു. ലാറ്റിൻ ഭാഷയിൽ ഒരു അറിയിപ്പ് ആണിയടിച്ച് ഉറപ്പിച്ചു.

'ഇത് ചക്രവർത്തിയുടെ സ്വത്താണ്.'

(തുടരും)

## നൂറു വർഷം മുമ്പ്

**ആഗസ്റ്റ് 1**

കുടിയാൻ ബില്ലിനെയും ധർമ്മസ്ഥാപന ബില്ലിനെയും പറ്റി ആക്ഷേപിക്കാനും അവ പാസ്സാക്കാതിരിക്കാൻ ഉള്ള മാർഗ്ഗങ്ങൾ ആലോചിക്കാനും വേണ്ടി മലബാർ ജന്മിമാർ ഒറ്റപ്പാലത്തെ പൂമുള്ളി മന വകയായുള്ള മാത്തൂർ മനയിൽ യോഗം ചേർന്നു.

**ആഗസ്റ്റ് 3**

മലബാർ ലഹള സംബന്ധിച്ച് അറസ്റ്റ് ചെയ്ത മുക്രി അഹമ്മദിനെ തൂക്കി കൊല്ലാൻ തെക്കെ മലയാളം സെഷൻസ് കോടതി ജഡ്ജി വിധി കൽപിച്ചു.

**ആഗസ്റ്റ് 14**

മലബാർ കുടിയാൻ ബില്ലിനെക്കുറിച്ചു ചർച്ച ചെയ്യാൻ ഏങ്ങണ്ടിയൂരിലെ കുടിയന്മാർ യോഗം ചേർന്നു.

**ആഗസ്റ്റ് 17**

തിരുവിതാംകൂറിന്റെ രാഷ്ട്രീയ സമ്മേളനത്തിന്റെ രണ്ടാം ദിവസത്തിൽ രാജഭക്തി പ്രമേയവും തിരുവിതാംകൂറിലെ വർത്തമാനപ്പത്ര റഗുലേഷൻ ബില്ല് റദ്ദ് ചെയ്യാനുള്ളതുമായ പ്രമേയം പാസ്സാക്കി.


## പുസ്തകവിചാരം

**റെജി കെ.എസ്.**

# ഉല്പത്തിയുടെ പുനർജ്ജനി

(നോവൽ )

**പ്രൊഫ.കോശി തലയ്ക്കൽ**




പ്രസാധകർ :
പരിധി പബ്ലിക്കേഷൻസ്,
തിരുവനന്തപുരം.
വില: 675 രൂപ

ബൈബിളിലെ ഉല്പ്പത്തി പുസ്തകം ആരംഭിക്കുന്നത് ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന വാകൃത്തിലും. അവസാനിക്കുന്നത് യൊസേഫ് നൂറ്റിപ്പത്ത് വയസ്സുള്ളവനായി മരിച്ചു. അവർ അവന് സുഗ ന്ധവർഗ്ഗം ഇട്ട് അവനെ മിസ്രയീമിൽ ഒരു ശവപ്പെട്ടിയിൽ വച്ചു എന്ന വാ കൃത്തിലുമാണ്. സൃഷ്ടിയിൽ ആരംഭിക്കുകയും മരണത്തിൽ അവസാനി ക്കുകയും ചെയ്യുന്ന ബൈബിളിലെ ഉല്പ്പത്തി പുസ്തകം ആദരണീയനായ കോശി തലയ്ക്കൽ സാറിൻറെ പ്രതിഭയിലൂടെ, ഭാവനയിലൂടെ പുനർജ്ജ നിക്കുകയാണ് ഈ നോവലിൽ. ബൈബിളിലെ ഉല്പത്തി പുസ്തകത്തിൽ നമ്മൾ വായിച്ചിട്ടില്ലാത്ത കഥകളും, കഥാപാത്രങ്ങളും അവരുടെ ആന്ത രിക സംഘർഷങ്ങളുമൊക്കെ അതീവ ചാരുതയോടുകൂടി കോശി തലയ്ക്കൽ സർ നമുക്ക് വേണ്ടി സൃഷ്ടിച്ചിരിക്കുന്നു.

ഉല്പത്തിയുടെ പുനർജ്ജനി ആരംഭിക്കുന്നത് അബ്രഹാമിന്റെ പിതാവായ തേരഹിൽ നിന്നാണ്.ദേവന്മാരുടെ വിഗ്രഹങ്ങളുടെ കച്ചവടമായിരുന്നു അ യ്യാളുടെ തൊഴിൽ. അവിടെ നിന്നാരംഭിച്ച് അബ്രഹാമിന്റെയും സാറയുടെയും സന്തതി പരമ്പരകളിലൂടെ കഥ യോസേഫിൽ അവസാനിക്കുന്നു. ബൈബി ളിൽ, യോസേഫിന്റെ മൃതശരീരം എന്നെങ്കിലും കനാൻ നാട്ടിലേക്ക് കൊണ്ട് പോകാം എന്ന പ്രതീക്ഷയിൽ ശവപ്പെട്ടിയിൽ സൂക്ഷിക്കുന്നിടത്ത് കഥ അ വസാനിക്കുന്നെങ്കിൽ ഉല്പത്തിയുടെ പുനർജ്ജനിയിൽ അത് അവസാനി ക്കുന്നത് നാല്പ്പത് വർഷം നീണ്ട മരുഭൂയാത്രയിലെ അലച്ചിലിനും പ്രതി സന്ധികൾക്കുമിടയിൽ തങ്ങൾ നിധിപോലെ സൂക്ഷിച്ച യോസേഫിന്റെ അസ്ഥികൾ, യോസഫിന്റെ ആഗ്രഹപ്രകാരം അയ്യാളുടെ പൂർവ്വ പിതാക്ക ന്മാരുടെ മണ്ണിൽ നിക്ഷേപിക്കുമ്പോഴാണ്.

ബൈബിളിനെ ആധാരമാക്കിക്കൊണ്ട് ധാരാളം കഥകളും നോവലുകളും ലോകസാഹിത്യത്തിലും മലയാള സാഹിത്യത്തിലും ഉണ്ടായിട്ടുണ്ട്. ബൈബി ളിൽനിന്ന് തികച്ചും വ്യത്യസ്തമായി ക്രിസ്തുവിന്റെ ആന്തരിക സംഘർഷ ങ്ങളെ അവതരിപ്പിച്ച Nikoz Kazant Zakis ന്റെ ക്രിസ്തുവിന്റെ അന്ത്യ പ്രലോഭ നത്തിന്റെ വഴിയോ ക്രിസ്തുവിനെ ഒരു സാധാരണ മനുഷ്യനായി അവത രിപ്പിച്ച Jose SaramagobpsS The Gospel According to Jesus Christന്റെ വ ഴിയോ അല്ല ഇവിടെ എഴുത്തുകാരൻ ഉല്പത്തിയുടെ കഥ പറയാൻ സ്വീക രിക്കുന്നത്.

ബൈബിളിലെ മൂല കഥയിൽ ഉറച്ചു നിന്നുകൊണ്ട് തന്നെ ഉല്പ്പത്തി പുസ്ത കത്തിലെ കഥാപാത്രങ്ങളുടെ ജീവിതത്തിൽ ബൈബിളിലെ ഉല്പത്തി കഥ കൾക്കപ്പുറം എന്ത് സംഭവിച്ചുവെന്ന് ഭാവനയിലൂടെ എഴുത്തുകാരൻ കണ്ടെത്താൻ ശ്രമിക്കുകയാണ്. ബൈബിളിൽ യാക്കോബ് തന്റെ മക്കളെ അനുഗ്രഹിക്കുമ്പോൾ നഫ്താലിയെക്കുറിച്ച് പറയുന്നത് നഫ്താലി സ്വ തന്ത്രയായി നടക്കുന്ന പേടമാൻ, അവൻ ലാവണ്യ വാക്കുകൾ സംസാരി ക്കുന്നു എന്ന് മാത്രമാണ്. പക്ഷേ കോശി തലയ്ക്കൽ സാറിൻറെ നഫ്താലി, വിഹായസ്സിലെ പറവകളേയും സൂര്യചന്ദ്രന്മാരെയും, ഉദായാസ്തമയങ്ങ ളെയും നക്ഷത്ര രാശികളെയും കുറിച്ച് സംസാരിക്കുന്ന സ്വർണ്ണനാവുകാ രൻ മാത്രമല്ല എഴുത്തുകാരൻ കൂടിയാണ്. പൊട്ടക്കിണറ്റിൽ നിന്നും ഈജി പ്തിന്റെ ഭരണാധികാരിയായ തൻറെ അനുജൻറെ ജീവിത കഥ രണ്ട് തു കൽചുരുളുകളിലെഴുതി ഒറ്റയ്ക്ക് അനുജൻറെ കൊട്ടാരത്തിലെത്തി അയ്യാൾ അനുജന് സമ്മാനിക്കുന്നുണ്ട്. യിസ്ഹാക്കിനെ അബ്രഹാം ബലിയർപ്പിക്കാൻ കൊണ്ടുപോകുമ്പോൾ ബൈബിളിൽ അബ്രഹാം തൻറെ മകനെ കൈകാ ലുകൾ ബന്ധിച്ച് യാഗപീഠത്തിന്മേൽ കിടത്തി എന്നാണ് പറയുന്നത്. പക്ഷേ ഈ നോവലിലെ യിസ്ഹാക്ക് അപ്പൻറെ മനസ്സറിഞ്ഞ് അപ്പന് വേണ്ടി സ്വ മനസ്സാലെ യാഗ പീഠത്തിൽ കയറിക്കിടക്കുകയാണ്. ക്രിസ്തുവിന്റെ കുരി ശുമരണത്തിന്റെ നിഴലായി യിസ്ഹാക്കിന്റെ യാഗത്തെ ബൈബിൾ വ്യാ ഖ്യാതാക്കൾ അവതരിപ്പിക്കാറുണ്ട്.അങ്ങിനെയെങ്കിൽ സ്വമനസ്സാലെ ക്രി സ്തു കുരിശുമരണം വരിച്ചു എന്ന വ്യാഖ്യാനത്തോട് ചേർന്ന് നിൽക്കുന്ന താണ് നോവലിലെ കഥാപാത്ര സൃഷ്ടി.

ഈ പുസ്തകത്തിന്റെ രചനയ്ക്ക് വേണ്ടി കോശി തലയ്ക്കൽ സാർ നട ത്തിയ ഗവേഷണത്തിന്റെ ആഴം ഈ പുസ്തകം വായിക്കുന്ന ആർക്കും ബോധ്യമാവും. ഓരോ കാലത്തും ഭരിച്ചിരുന്ന ഫറവോമാരുടെയും മറ്റ് ഭര ണാധികാരികളുടെയും പേരുകൾ, കനാൻ നാട്ടിലെയും ഈജിപ്തിലേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ,വസ്ത്രധാരണ രീതികൾ ഭക്ഷ്യ വസ്തു ക്കൾ,പാനീയങ്ങൾ, വ്യത്യസ്ഥതരം മരങ്ങളും കൃഷി തോട്ടങ്ങളും, നിര ന്തരം യാത്ര ചെയ്യുകയും വ്യത്യസ്ഥ ഇടങ്ങളിൽ കൂടാരമടിച്ച് താമസിക്കു കയും ചെയ്ത മനുഷ്യരുടെ കൂടാരങ്ങൾക്കുള്ളിലെ ജീവിതവുമൊക്കെ സാർ ബൈബിളിനേക്കാൾ വിശദമായി ഈ നോവലിൽ രേഖപ്പെടുത്തിയിരിക്കുന്നു. യാക്കോബിന്റെ ഇരട്ട സഹോദരനായ ഏശാവ് എങ്ങിനെ മരിച്ചു എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ പുസ്തകത്തി ന്റെ ക്ലൈമാക്സ് എന്ന് തന്നെ പറയാവുന്ന ഭാഗം,യാക്കോബിനെ അട ക്കാൻ കൊണ്ടുവരുമ്പോൾ മാക്പേല ഗുഹയ്ക്ക് സമീപം നടക്കുന്ന സം ഘർഷമാണ്. ആ സംഘർഷത്തിൽ എശാവ് കൊല്ലപ്പെടുന്നു.ബൈബിളിൽ രേഖപ്പെടുതിയിട്ടില്ലാത്ത ഈ കഥ രേഖപ്പെടുത്തിയിരിക്കുന്നത് യഹൂദരുടെ വിശുദ്ധ ഗ്രന്ഥമായ തോറയുടെ വ്യാഖ്യാന ഗ്രന്ഥമായ ഠമഹാൗിറൽ ആണ്. Talmundന് രണ്ട് വേർഷൻ ഉണ്ട്, ജറുസലേം വേർഷനും ബാബിലോണി യൻ വെർഷനും, അതിൽ ബാബിലോണിയൻ വെർഷൻ ആണ് പ്രൊഫ. കോശി തലയ്ക്കൽ ഈ കഥയ്ക്ക് വേണ്ടി അവലംബിക്കുന്നത്.

ഈ പുസ്തകത്തിലെ ഭാഷയും ശൈലീ പ്രയോഗങ്ങളുമൊക്കെ ബൈബി ളിനോട് ചേർന്ന് നിൽക്കുന്നതാണ്. ബൈബിളിലെ പല വാകൃങ്ങളും അ തുപോലെ തന്നെ ഈ പുസ്തകത്തിൽ ഉപയോഗിച്ചിട്ടുമുണ്ട്. ഈ നോവ ലിൽ പ്രണയം വർണ്ണിക്കുന്ന ഇടങ്ങളിലെല്ലാം കോശി തലയ്ക്കൽ സാറിലെ കവിയുടെ കയ്യൊപ്പ് ഉണ്ട്. സാറായുടെ ആവശ്യപ്രകാരം അവളുടെ ഈജി പ്തുകാരിയായ ദാസി ഹാഗാറിനെ അബ്രാം പ്രാപിക്കുന്ന രംഗം എഴുത്തു കാരൻ ആരംഭിക്കുന്നത് ഇങ്ങിനെയാണ് അബ്രാം അവളെ മെല്ലെ പു ണർന്നു. ഒരു ഇളം മുന്തിരി വള്ളിയെന്ന പോലെ. തന്റെ ബലിഷ്ടമായ കര ങ്ങൾക്കുള്ളിൽ മിസ്രയീമിന്റെ സൗന്ദര്യം വീർപ്പുമുട്ടി. മാതളപ്പഴം പോ ലെയുള്ള ചുണ്ടുകൾ അയ്യാൾ മുത്തിമുത്തിക്കുടിച്ചു. സുഗന്ധവർഗ്ഗം ചേർ ത്ത വീഞ്ഞും മാതളപ്പഴത്തിന്റെ ചാറും അവർ പകർന്നു.

എടുത്ത് പറയേണ്ട മറ്റൊരു കാര്യം ഈ പുസ്തകത്തിലെ സ്ത്രീ കഥാ പാത്രങ്ങളുടെ ചിത്രീകരണമാണ്. അവർ നിശ്ശബ്ദസാന്നിധ്യമോ കേവലം പുരുഷന്മാരുടെ നിഴലുകളോ അല്ല. വർഷങ്ങൾ കാത്തിരുന്നു കിട്ടിയ മകനെ അബ്രഹാം ബലിയർപ്പിക്കാൻ കൊണ്ട് പോയതിനെപ്പറ്റിയുള്ള സാറയുടെ പ്രതികരണത്തെക്കുറിച്ച് ബൈബിൾ ഒന്നും പറയുന്നില്ല. പക്ഷേ ഭൃത്യ നായ ഏലയാസറിൽ നിന്ന് കാര്യങ്ങൾ മനസ്സിലാക്കിയ നോവലിലെ സാ റയ്ക്ക് അബഹാമിനോട് പൊറുക്കാൻ കഴിയുന്നില്ല. സ്വന്തം കുടുംബത്തെ തള്ളിക്കളഞ്ഞിട്ട് എന്ത് യാഗം, എന്ത് അനുഷ്ഠാനം' എന്നാണവർ ചോദി ക്കുന്നത്. ഈ ആയുസ്സിൽ തൻറെ ഭർത്താവ് തൻറെ മുഖം കാണില്ല എന്ന് പറഞ്ഞിട്ടാണ് അവർ ഹെബ്രോനിലേക്കു പോകുന്നത്. വിവരം അറിയുന്ന അബ്രഹാം ഭാര്യയെക്കുറിച്ച് പറയുന്നത് സാറ ഉരുക്കാണ്, ഉരുക്കിനേക്കാൾ കഠിനമാണ്, വാക്കിന് മാറ്റമില്ലാത്തവൾ. സാറയുടെ മരണ ശേഷമാണ് അ ബ്രഹാം പിന്നെ സാറയെ കാണുന്നത്. സാറയെപ്പോലെതന്നെ വ്യക്തിത്വ മുള്ള സ്ത്രീകളാണ് റാഹേലും, ലേയയും, ഹാഗാറും, താമാറുമൊക്കെ.

ക്രിസ്തു തൊട്ടപ്പോൾ വെള്ളം വീഞ്ഞായതുപോലെ, ബൈബിളിലെ പല കഥാപാത്രങ്ങളും കോശി തലയ്ക്കൽ സാറിന്റെ ആഖ്യാന മികവിൽ കൂടു തൽ തിളക്കവും വീര്യവും ലഭിക്കുന്ന കഥാപാത്രങ്ങളായി ഈ പുസ്തക ത്തിൽ മാറുന്നുണ്ട്. എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയ രണ്ടു ക ഥാപാത്രങ്ങൾ എശാവും ലേയയുമാണ്. രണ്ടാമൂഴത്തിലെ ഭീമനെപ്പോലെ, ഇനി ഞാനുറങ്ങട്ടെ എന്ന നോവലിലെ കർണ്ണനെപ്പോലെ ഏശാവിനെ ന മ്മൾ സ്നേഹിച്ചു പോകും. സ്വസഹോദരനാൽ ചതിക്കപ്പെട്ട് ജ്യേഷ്ഠാവകാ ശവും അനുഗ്രഹങ്ങളും നഷ്ടപ്പെടുന്ന ഏശാവിന്റെ തല , സഹോദര പൌത്ര നാൽ ഛെദിക്കപ്പെട്ട് അനുജൻറെ മൃതശരീരത്തിന് മുന്നേ മക്പേല ഗുഹ യിലേക്ക് ഉരുണ്ട്പോകുമ്പോൾ മരണത്തിലൂടെയെങ്കിലും അവന് നഷ്ടപ്പെട്ട ജ്യേഷ്ഠാവകാശം തിരിച്ചുകിട്ടിയത്പോലെ നമുക്ക് തോന്നിപ്പോകും. അത് പോലെ തന്നെയാണ് ലേയയുടെ പാത്രസൃഷ്ടിയും. റാഹേലിന്റെ സൗന്ദ ര്യത്തിൽ മയങ്ങിപ്പോവുന്ന യാക്കോബ് യൗവ്വന കാലത്തൊരിക്കലും ലേയ യുടെ സ്നേഹം തിരിച്ചറിയുന്നില്ല. എങ്കിലും ക്ഷമയോടെ കാത്തിരിക്കുന്ന ലേയയുടെ അരികിലേക്ക് യാക്കോബിന്റെ സ്നേഹം തിരികെയെത്തുന്ന നിമിഷങ്ങൾ ഈ പുസ്തകത്തിലൂടെ വായിച്ചറിയുമ്പോൾ ഏശാവിനെപ്പോ ലെ ലേയയേയും നമ്മൾ വല്ലാതെ ഇഷ്ടപ്പെട്ടു പോവും.

സമകാലിക പ്രസക്തിയുള്ള പല വിഷയങ്ങളും ഈ പുസ്തകത്തിൽ ന മുക്ക് വായിച്ചെടുക്കാം. വാർദ്ധകൃത്തിലെ മടുപ്പിക്കുന്ന ഏകാന്തത എന്തെന്ന റിയണമെങ്കിൽ ഈ പുസ്തകത്തിലെ യിസ്ഹാക്കിൻറെ വാർദ്ധക്യകാല ജീവിതം ശ്രദ്ധിച്ചാൽ മതി.കോശി തലയ്ക്കൽ സാറിന് ഏറെ പ്രിയപ്പെട്ട ക വിതയും മദ്യവർജ്ജന ആശയങ്ങളുമൊക്കെ ഈ പുസ്തകത്തിലും സമ ർത്ഥമായി സന്നിവേശിപ്പിച്ചിട്ടുണ്ട്.

ഉല്പത്തിയുടെ പുനർജ്ജനി, ബൈബിൾ എന്ന പളുങ്ക് നദിയിൽ നിന്നും കോശി തലയ്ക്കൽ സാർ കോരിയെടുത്ത ഒരു കൈക്കുമ്പിൾ വെള്ളമാണ്. സൂക്ഷിച്ചു നോക്കിയാൽ ഇതിൽ മനുഷ്യ ജീവിതത്തെ ചൂഴ്ന്നു നില്ക്കുന്ന ഹെർമ്മോന്യ മഞ്ഞുപോലെ സുന്ദരമായ നന്മകളും, രക്താംബരം പോലെ ചുവന്ന തിന്മകളും, മനുഷ്യ ജീവിതത്തിലെ സങ്കീർണ്ണതകളും, നിസ്സഹായ തകളും, ഗിലെയാദിലെ വിശേഷ തൈലത്തിന്റെ സുഗന്ധമുള്ള പ്രണയ വും കാണാം.

*ചാൾസ് കിംഗ്സ്ലിയുടെ*
*ലോസ്റ്റ് ഡോൾ എന്ന കവിതയുടെ സ്വതന്ത്ര പരിഭാഷ*

### നഷ്ടപ്പെട്ട പാവ

ഒരിക്കൽ എനിക്ക് ഒരു കുഞ്ഞുപാവ ഉണ്ടായിരുന്നു,
ലോകത്തിലെ ഏറ്റവും സുന്ദരിയായ പാവ.
അവളുടെ കവിളുകൾ ചുവപ്പും വെളുപ്പും കലർന്നതായിരുന്നു,
അവളുടെ മുടി മനോഹരമായി ചുരുണ്ടുകിടന്നിരുന്നു.
പക്ഷേ, ഒരു ദിവസം പുൽമേട്ടിൽ കളിക്കുമ്പോൾ,
എന്റെ പ്രിയപ്പെട്ട കുഞ്ഞുപാവയെ എനിക്ക് നഷ്ടമായി.
ഒരാഴ്ചയിലേറെ ഞാൻ അവളെ ഓർത്ത് കരഞ്ഞു,
എന്നാൽ അവൾ എവിടെയാണെന്ന്
എനിക്ക് കണ്ടെത്താനായില്ല .

ഒരു ദിവസം വീണ്ടും പുൽമേട്ടിൽ കളിക്കുമ്പോൾ,
എന്റെ ആ കുഞ്ഞുപാവയെ ഞാൻ കണ്ടെത്തി.
അവൾ ആകെ മാറിപ്പോയെന്ന് എല്ലാവരും പറഞ്ഞു,
കാരണം അവളുടെ ചായമെല്ലാം മാഞ്ഞുപോയിരുന്നു.
പശുക്കൾ ചവിട്ടിയതുകൊണ്ട് അവളുടെ
കൈകൾ ഒടിഞ്ഞുപോയിരുന്നു,
അവളുടെ മുടിയും ഒട്ടും ചുരുണ്ടിരുന്നില്ല.
എന്നിരുന്നാലും, പഴയ സ്നേഹത്തിന്റെ പേരിൽ,
എനിക്ക് ഇന്നും അവളാണ്
ലോകത്തിലെ ഏറ്റവും സുന്ദരിയായ പാവ.

**പുസ്തകവിചാരം**

# കർത്തവ്യകർമ്മത്തിന്റെ സാക്ഷ്യപത്രങ്ങൾ

**– വി.ഐ.ജോൺസൺ**



പ്രസാധകർ :
ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം.
വില: 190 രൂപ

*ജോർജ് തഴക്കര സമ്പാദനം നിർവ്വഹിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ഭാഷ സാഹിത്യവും നവോത്ഥാനവും' എന്നപ്രഭാഷണസമാഹാരത്തിന്റെ വായനാനുഭവം*

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏ.ആർ. രാജരാജവർമ്മ എഴുതിയ ഒരു ലേഖനമാണ് 'ആധുനികമലയാളഭാഷ'. മലയാളികളുടെ സാമൂഹിക നില കാലത്തിനൊപ്പം പുരോഗമിച്ചിട്ടുണ്ടെങ്കിലും മലയാളഭാഷയുടെ അവസ്ഥ പരിതാപകരമാണെന്ന അഭിപ്രായമാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. മലയാളഭാഷയുടെ അഭിവൃദ്ധി മലയാളികളുടെ ഉത്തരവാദിത്വമാണ് എന്നോർമ്മിപ്പിക്കുന്ന അദ്ദേഹം അതിനായി ഉപദേശിക്കുന്ന മാർഗ്ഗങ്ങളിലൊന്ന് പ്രസംഗങ്ങളാണ്.

'ഇംഗ്ലീഷിലാണെങ്കിൽ പ്രസംഗിക്കാം. മലയാളത്തിൽത്തന്നെ വേണമെങ്കിൽ എനിക്ക് കഴിയുകയില്ല' എന്ന മനോഭാവമാണ് പല മലയാളികൾക്കും എന്ന് നിരീക്ഷിക്കുന്ന അദ്ദേഹം 'തമിഴ് രാജ്യത്തിലും മറ്റും പല വിധത്തിലുള്ള യോഗ്യതകളും തികഞ്ഞ മാന്യന്മാർ സ്വദേശഭാഷയിൽ പ്രസംഗിക്കുന്നത് തങ്ങളുടെ കർത്തവ്യകർമ്മവും അഭിമാനഹേതുവും ആയിട്ടാണ് ഇക്കാലത്ത് കരുതിവരുന്നത്' എന്ന് പ്രശംസ ചൊരിയുന്നുമുണ്ട്.

ഭാഷയുടെ അഭിവൃദ്ധി മാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതാണ് സഭകളിലും മറ്റുമുള്ള പ്രസംഗങ്ങൾ എന്നുള്ളതിനാൽ സ്വഭാഷയിൽ സ്നേഹമുള്ള മലയാളികൾ മലയാളത്തിൽത്തന്നെ പ്രസംഗിക്കണം എന്നാവശ്യപ്പെടുന്ന ഏ.ആർ. പല വേദികളിലും പ്രസംഗിച്ച് മാതൃക കാണിച്ചിട്ടുമുണ്ട്. പ്രബന്ധസംഗ്രഹം എന്ന കൃതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നാട്ടുഭാഷാവിദ്യാഭ്യാസം, സഭോദ്ദേശ്യസിദ്ധി എന്നിവ നല്ല പ്രസംഗങ്ങൾ ആശയപരമായും ഭാഷാപരമായും നൽകുന്ന സംഭാവനകൾക്കുള്ള ഉദാഹരണങ്ങളാണ്.

'ഭാഷ സാഹിത്യവും നവോത്ഥാനവും' പത്ത് പ്രഭാഷണങ്ങളുടെ സമാഹാരമാണ്. വിവിധ വേദികളിൽ നേരിട്ടുകേട്ട പ്രസംഗങ്ങൾ സമ്പാദകൻ കൂടിയായ ജോർജ് തഴക്കരയാണ് ലിഖിതരൂപത്തിൽ പകർത്തിയിട്ടുള്ളത്. പ്രഭാഷണങ്ങളിൽ ആറെണ്ണം ഏ.ആർ. രാജരാജവർമ്മയെക്കുറിച്ചുള്ളതാണ്. ശേഷിക്കുന്നവയിൽ മൂന്നെണ്ണം നവോത്ഥാനത്തെയും ഒരെണ്ണം ഭരണഭാഷയെയുമാണ് പരാമർശിക്കുന്നത്. സമാഹരണത്തിന്റെ പ്രസക്തി വിശദീകരിക്കുന്ന ആമുഖവും ഏ.ആറിന്റെ ജീവിതം വിവരിക്കുന്ന അനുബന്ധവും ഉള്ളടക്കത്തിന്റെ ഭാഗമായുണ്ട്. പ്രഗത്ഭരാണ് എല്ലാ പ്രഭാഷകരുമെന്നതിനാൽ ചിന്തയ്ക്ക് ഒരു നല്ല വിരുന്നുശാലതന്നെയാണ് സമ്പാദകൻ ഒരുക്കിയിട്ടുള്ളത്.

മലയാളഭാഷ കേരളപാണിനിയുടെ കാലത്തും അതിനുശേഷവും എന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പ്രഭാഷണം രാജരാജവർമ്മയുടെ എന്നപോലെ പ്രഭാഷകന്റെയും ഭാഷാസ്നേഹവും പ്രതിഭയും വെളി പ്പെടുത്തുന്നതാണ്. കുമാരനാശാനും പ്രൊഫ.ജോസഫ് മുണ്ടശ്ശേരിയും ചെയ്തതുപോലെ അദ്ദേഹം ഏ.ആറിന്റെ സംഭാവനകളെ വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്യുന്നു.

മലയാളഭാഷയുടെ പൂർവ്വകാലചരിത്രത്തിന്റെ വിശകലനവും വളർച്ചയ്ക്കുള്ള വഴികൾ സംബന്ധിച്ച അന്വേഷണവും പ്രഭാഷണത്തെ മികവുള്ളതാക്കുന്നു. അനാരോഗ്യത്തെ സാരമാക്കാതെ മാവേലിക്കരയിലെ ത്തി ഏ.ആറിനോടുള്ള ആദരവ് പ്രകാശിപ്പിച്ച ഇ.എം.എസ് വിഷയാവതരണത്തിൽ പുലർത്തിയ സമഗ്രതയും ശ്ലാഘനീയമാണ്.

ഡോ.നടുവട്ടം ഗോപാലകൃഷ്ണന്റെ 'ഏ.ആർ.രാജരാജവർമ്മ മലയാളത്തിന്റെ തമ്പുരാൻ', ഡോ. പ്രസന്നരാജന്റെ 'മലയാളഭാഷ നവോത്ഥാനവും ഏ.ആർ. രാജരാജവർമ്മയും', പ്രൊഫ.നബീസ ഉമ്മാളിന്റെ 'മഹാനുഭാവനായ ഏ.ആർ. രാജാരാജവർമ്മ', ഡോ. സ്കറിയാ സക്കറിയായുടെ 'ജനാധിപത്യത്തിന്റെ ആവിഷ്കാരമാണ് ഭാഷ' എന്നിവ മലയാളഭാഷയ്ക്കും സാഹിത്യത്തിനും രാജരാജൻ നൽകിയിട്ടുള്ള സംഭാവനകൾ ഗവേഷണാത്മകമായി അവതരിപ്പിക്കുന്ന പ്രഭാഷണങ്ങളാണ്. മികച്ച മാതൃകകളെന്ന നിലയ്ക്കും എല്ലാ പ്രഭാഷണങ്ങളും ആകർഷകങ്ങളാണ്.

ശൈലിയിലും സമീപനത്തിലും വ്യത്യസ്തത പുലർത്തുന്നതാണ് ബാലചന്ദ്രൻ വടക്കടത്തിന്റെ 'കോളജ് അദ്ധ്യാപകർ ഏ. ആറിനെ ക്ലാസ്സ്മുറികളിൽ തളച്ചിട്ടു' എന്ന പ്രഭാഷണം. പുതുചിന്തകളുടെ ഞാറ്റടിയായി പ്രഭാഷണവേദിയെ സങ്കല്പിക്കുന്ന അദ്ദേഹം മൗലികതയുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ച് കേൾവിക്കാരെ പ്രകോപിപ്പിക്കുവാനും മടിക്കുന്നില്ല. നവോത്ഥാനസങ്കല്പങ്ങളെയും ചരിത്രത്തെയും മുൻനിർത്തിയുള്ളവയാണ് ഡോ.എം.ജി.എസ്. നാരായണന്റെ 'കേരളനവോത്ഥാനം', ഡോ.ഡി.ബാബു പോളിന്റെ 'ആറു പതിറ്റാണ്ടു പിന്നിട്ട കേരളം', 'ഡോ. സുനിൽ പി. ഇളയിടത്തിന്റെ' നവോത്ഥാനഭാവന' എന്നീ പ്രഭാഷണങ്ങൾ.

ശൈലിയിലും ഉള്ളടക്കത്തിലും മികവ് പുലർത്തുന്ന പ്രഭാഷണങ്ങൾ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ചരിത്രാവതരണത്തിൽപ്പോലും പ്രതിഫലിക്കുമെന്നതിനും ഉദാഹരണങ്ങളാണ്.

ഡോ. എഴുമറ്റൂർ രാജരാജവർമ്മയുടെ 'ഭാഷയും ഭരണഭാഷയും' വ്യത്യസ്തമായ ഒരു വിഷയത്തിന്റെ വളരെ വ്യക്തതയുള്ള അവതരണമാണ്. ഭരണഭാഷയായി അംഗീകരിക്കപ്പെട്ടുവെങ്കിലും അർഹിക്കുന്ന സ്ഥാനം നേടുവാൻ മലയാളം പിന്നിടേണ്ട കടമ്പകൾ വിശദീകരിക്കുന്ന പ്രഭാഷകൻ പ്രാദേശിക ഭാഷകളിലൂടെയാണ് ലോകത്തെല്ലായിടത്തും വികസനവും ക്ഷേമവും യാഥാർത്ഥ്യമായിട്ടുള്ളത് എന്ന ചരിത്രവും വ്യക്തമാക്കിയിട്ടുണ്ട്.


പലപ്പോഴും കേട്ടുമറക്കുക എന്നതാണ് മികച്ച പ്രഭാഷണങ്ങളെപ്പോലും കാത്തിരിക്കുന്ന ദുര്യോഗം.എന്നാൽ അക്ഷരങ്ങളിലേക്ക് പകർത്തപ്പെടുമ്പോൾ വീണ്ടുംവീണ്ടും പരിചയപെടുവാനുള്ള സാദ്ധ്യത സാക്ഷാത്കരിക്കപ്പെടുകയാണ്. ലിഖിതരൂപമാർജ്ജിക്കുന്ന വാങ്മയം ശിലയിലെ അങ്കനം പോലെ ശാശ്വതത്വം സ്വന്തമാക്കുകയാണ്. കേൾക്കാൻ അവസരം കിട്ടാതെ പോയവർക്കും പ്രഭാഷണം പരിചയപ്പെടുത്തുന്നതിലൂടെ ആശയപ്രചാരണം വ്യാപകമാക്കാനും പകർത്തിയെഴുതുന്നതിലൂടെ സാധിക്കും. തികഞ്ഞ ക്ഷമയും സമർപ്പണഭാവവും ആവശ്യമായ കൃത്യമാണ് പ്രസംഗങ്ങളുടെ രേഖപ്പെടുത്തൽ. ഇക്കാര്യത്തിൽ മുൻനിരയിൽ സ്ഥാനമാർജ്ജിച്ചിട്ടുള്ള ആളാണ് നൂറുക്കണക്കിന് പ്രസംഗങ്ങൾ പകർത്തി എഴുതിയിട്ടുള്ള ജോർജ് തഴക്കര.

അച്ചടിക്കപ്പെടതെ സ്വാകാര്യശേഖരത്തിന്റെ ഭാഗമായി ശേഷിക്കുക എന്ന വിധിയാണ് മിക്കപ്പോഴും പ്രഭാഷണങ്ങളുടെ ലിഖിതരൂപങ്ങൾക്കുണ്ടാകുന്നത്. അതിൽനിന്ന് വ്യത്യസ്തമായി ഭാഷ,സാഹിത്യം നവോ ത്ഥാനം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പത്ത് പ്രഭാഷണപാഠങ്ങളുടെ സമാഹാരം പ്രസിദ്ധീകരിച്ച കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കർത്തവ്യകർമ്മമാണ് നിർവ്വഹിച്ചിട്ടുള്ളത്. സമ്പാദകനായ ശ്രീജോർജ് തഴക്കരയ്ക്കും ചീഫ് എഡിറ്റർ ഡോ. എം സത്യൻ, എഡിറ്റർ ശ്രീമതി സ്മിത ഹരിദാസ് എന്നിവർക്കും നന്ദി അർപ്പിക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായിക്കൂടി സന്തോഷം നൽകുന്ന കാര്യമാണ് ഭാഷ സാഹിത്യവും നവോത്ഥാനവും എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണം. ഏ.ആർ. രാജരാജവർമ്മയുടെ ഫോട്ടോ ആണ് കവർചിത്രം എന്നതും അദ്ദേഹത്തെക്കുറിച്ചുള്ള ഏഴ് രചനകൾ ഉള്ളടക്കത്തിന്റെ ഭാഗമാണെന്നതുമാണ് കാരണം.

ലിഖിതരൂപമാർജ്ജിച്ചിട്ടുള്ള നാല് പ്രഭാഷണങ്ങൾ നേരിട്ടു കേൾക്കാൻ കഴിഞ്ഞതും പുസ്തകത്തിന്റെ പ്രകാശനം ഏ.ആറിന്റെ 108ാം ചരമവാർഷികദിനാചരണത്തിന്റെ ഭാഗമായി ശാരദാമന്ദിരത്തിൽ സംഘടിപ്പിക്കുവാൻ സാധിച്ചതും എടുത്തുപറയേണ്ട കാര്യങ്ങളാണ്. വാസ്തവത്തിൽ ഏ. ആർ .പരാമർശിച്ച കർത്തവ്യകർമ്മം എന്ന സങ്കല്പം പ്രസ്ഥാനങ്ങൾക്ക് മാത്രമല്ല വ്യക്തികൾക്കും ജീവശ്വാസമാകേണ്ട ഒന്നാ ണ്. ഭാഷാസേവനമായിരുന്നു രാജരാജന് കർത്തവ്യകർമ്മം. അദ്ദേഹം മലയാളഭാഷയ്ക്ക് നൽകിയ സംഭാവനകൾ അനുസ്മരിക്കുവാൻ ഭാഷ സാഹിത്യവും നവോത്ഥാനവും എന്ന കൃതിയിലൂടെ അവസരമൊരുക്കുന്ന ശ്രീ.ജോർജ് തഴക്കരയ്ക്കും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനും ഒരിക്കൽകൂടി സ്നേഹാഭിവാദ്യങ്ങൾ!


ഗുരു നിത്യചൈതന്യയതി
ജന്മശതാബ്ദി സ്മരണിക
**യതിജ്ഞാനസരണി**
**150ൽപരം എഴുത്തുകാരുടെ പ്രൗഢലേഖനങ്ങൾ**
**ഗുരു നിത്യയെക്കുറിച്ച് ഉത്തമ റഫറൻസ് ഗ്രന്ഥം**




അന്വേഷണങ്ങൾക്ക്
കാലടി മുരളി + 9745835946

# ആഗസ്റ്റ്

### ജനനം



01 കുറ്റിപ്പുഴ കൃഷ്ണപിള്ള (1900)
വി.കെ.നാരായണഭട്ടതിരി (1880)
പി.മനോഹരൻ (1953)
02 സി.എൽ.ആന്റണി (1913)
കിളിമാനൂർ രമാകാന്തൻ (1938-2009)
03 കെ.എൻ.ദാമോദരൻ (1909)
എം.ശേഷഗിരിപ്രഭു (1855)
05 പി.സി.കോരുത് (1910)

06 തായാട്ട് ശങ്കരൻ (1926-1985)
07 ടി.ആർ.നായർ (1907)
08 എം.ആർ.ബി (1908)
09 കടത്തനാട്ട് ഉദയവർമരാജ (1865)
പൗലോസ് മാർ ഗ്രിഗോറിയോസ് (1922)
12 കെ.ബാലകൃഷ്ണൻ (1924)
13 പി.എസ്.അനന്തനാരായണശാസ്ത്രി (1895)
ഡോ.പി.കെ.ആർ.വാര്യർ (1921-2011)



14 ഏകലവ്യൻ (മാത്യു കെ.എം) 1936-2012
എ.വി.ശ്രീകണ്ഠപ്പൊതുവാൾ (1910)
15 പി.എ.മുഹമ്മദ് കോയ (1922)
18 പി.നരേന്ദ്രനാഥ് (1934)
19 പി.കൃഷ്ണപിള്ള (1906-1948)
20 രാജീവ്ഗാന്ധി (1944)
ഡോ.ടി.ഭാസ്കരൻ (1920-2010)
21 ബ്രഹ്മാനന്ദ ശിവയോഗി (1852)
എ.ഡി.ഹരിശർമ്മ (1893)
ആഗമാനന്ദൻ (1896)
22 സഹോദരൻ അയ്യപ്പൻ (1889)
ജി.കുമാരപിള്ള (1923)



കൈക്കുളങ്ങര രാമവാര്യർ (1832)
പ്രൊഫ.എസ്.ഗുപ്തൻനായർ (1919-2006)
23 കെ.പി.നാരായണപിഷാരോടി (1909-2003)
25 ഡോ.കെ.ഭാസ്കരൻനായർ (1913)
പ്രൊഫ.കെ.പി.അപ്പൻ 1936-2008
26 ചെറുകാട് (ഗോവിന്ദപിഷാരോടി) 1914
സി.ആർ.കേശവൻവൈദ്യൻ (1904)
28 വെട്ടം മാണി (1921)
കുറ്റിപ്പുറത്ത് കേശവൻനായർ (1982)
31 കോവുണ്ണി നെടുങ്ങാടി (1830)



**1947 ആഗസ്റ്റ് 13**
തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരുന്നതായുള്ള പ്രമാണത്തിൽ ചിത്തിര തിരുനാൾ മഹാരാജാവ് ഒപ്പുവച്ചു. സ്വാതന്ത്ര്യം പ്രമാണിച്ച് സംസ്ഥാനത്തുനിന്ന് മദിരാശി സർക്കാർ ആറായിരത്തി എഴുനൂറ് തടവുകാരെ വിട്ടയച്ചു. ഇതിൽ 209 പേർ കമ്യൂണിസ്റ്റ് തടവുകാരായിരുന്നു.

**1947 ആഗസ്റ്റ് 14**
കൊച്ചിയിൽ ഉത്തരവാദ ഭരണം ഏർപ്പെടുത്തിക്കൊണ്ട് നിയമസഭയ്ക്ക് കൊച്ചി മഹാരാജാവ് സന്ദേശമയച്ചു. അരമനക്കാര്യം, ദേവസ്വം, പോലീസ് ജയിൽ, പട്ടാളം എന്നിവയൊഴിച്ച് മറ്റെല്ലാ വകുപ്പുകളും ജനകീയ മന്ത്രിമാരുടെ ഭരണത്തിന് വിട്ടുകൊടുത്തിരിക്കുന്നതായി സന്ദേശത്തിൽ പറയുന്നു. അവസാനത്തെ ദിവാൻ കെ.പി.കരുണാകരമേനോൻ രാജിവച്ചു.
ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ആക്ട് അനുസരിച്ചുള്ള ഇന്ത്യാ, പാകിസ്ഥാൻ എന്നിങ്ങനെ രണ്ടു രാജ്യങ്ങൾ നിലവിൽ വന്നു. പാക്കിസ്ഥാൻ സ്വതന്ത്ര രാജ്യമായി. മൗണ്ട് ബാറ്റൺ പ്രഭു ഉദ്ഘാടനം നിർവ്വഹിച്ചു.

**ആഗസ്റ്റ് 15**
ആഗസ്റ്റ് 14ന് രാത്രി 12 മണിക്ക് ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യ സ്വതന്ത്രാധികാരം ഏറ്റുവാങ്ങി.
പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒന്നാമത്തെ സ്വതന്ത്ര ഇന്ത്യൻ ഡൊമിനിയൻ മന്ത്രിസഭ അധികാരമേറ്റു. നെഹ്റു റേഡിയോ പ്രഭാഷണത്തിലൂടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഭരണഘടനാ നിർമ്മാണസഭാ യോഗത്തിൽ മൗണ്ട് ബാറ്റൺ പ്രസംഗിച്ചു.

**ആഗസ്റ്റ് 16**
ഇന്ത്യാ- പാക്കിസ്ഥാൻ വിഭജനത്തെ തുടർന്ന് വിഭജിക്കപ്പെട്ട പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ മാറാൻ തുടങ്ങി. വൻ തോതിൽ ഹിന്ദു- മുസ്ലീം കലാപം പൊട്ടിപ്പുറപ്പെട്ടു.
പാക്കിസ്ഥാൻ കാശ്മീരിൽ ആക്രമണം നടത്തി. കാശ്മീരിന്റെ ചില ഭാഗങ്ങൾ പാക്കിസ്ഥാൻ കൈവശപ്പെടുത്തി.

**ആഗസ്റ്റ് 18**
ആഗസ്റ്റ് 15ന്റെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ നിന്ന് വിട്ടുനിന്ന ഗാന്ധിജി വർഗീയാസ്വാസ്ഥ്യം നിലനിൽക്കുന്ന കൽക്കത്തയിൽ മുസ്ലീങ്ങളുടെ പെരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

### ചരമം



01 ടി.രാമലിംഗംപിള്ള 1880
എം.ആർ.ഡി.ദത്തൻ 2006
കെ.എം.മാത്യു (1917-2010)
02 റഹ്മാൻ വാടാനപ്പള്ളി (1945-2011)
വി.ദക്ഷിണാമൂർത്തി (1919-2013)



03 ചിന്മയാനന്ദ സമാധി
ആർ.രാമചന്ദ്രൻ (1923-2005)
കാവാലം നാരായണക്കുറുപ്പ് (1929-2006)
04 പോൾ ചിറയ്ക്കരോട് (2008)
05 നൂറനാട് ഹനീഫ (1935-2006)
06 എസ്.കെ.പൊറ്റെക്കാട്ട് (1913-1982)
ഭരത് മുരളി (1954-2009)
07 കുട്ടമത്ത് കുന്നിയൂർ കുഞ്ഞുക്കൃഷ്ണക്കുറുപ്പ് (1880-1943)
09 കെ.സുരേന്ദ്രൻ (1922-1997)
11 പകൽക്കുറി ഗോപിനാഥൻ നായർ (1938-1996)
ഡോ.ടി.ഭാസ്കരൻ (1929-2010)
രാമചന്ദ്രൻ വടക്കേടത്ത് (1928-2012)
13 ഞെരളത്ത് രാമപ്പൊതുവാൾ (1916-1996)
നിർമ്മലാനന്ദയോഗി (1925-2007)



14 വള്ളംകുളം പി.ജി.പിള്ള (1926-1998)
15 എൻ.പി.മന്മഥൻ (1914-1994)
കലാമണ്ഡലം കൃഷ്ണൻനായർ (1914-1990)
16 സി.അച്യുതമേനോൻ (1913-1991)
വി.എം. കുട്ടിക്കൃഷ്ണമേനോൻ (1907-1995)
ശ്രീരാമകൃഷ്ണപരമഹംസൻ (1836-1886)
17 ഡോ.സി.പി.ശിവദാസൻ (1940-2010)
18 വൈക്കത്ത് പാച്ചുമൂത്തത് (1814-1882)
പ്രൊഫ.സി.അയ്യപ്പൻ (1949-2011)
19 കടവനാട് കുട്ടിക്കൃഷ്ണൻ (1925-1992)
എ.കെ.ടി.എം.വാസുദേവൻ നമ്പൂതിരിപ്പാട് (1967)
20 കുഞ്ഞിരാമൻ മേനോൻ (എം.ആർ.കെ.സി) 1882-1939
പി.വി.കൃഷ്ണൻനായർ (1911-1973)
22 യു.ആർ.അനന്തമൂർത്തി (1932-2014)
23 ആർച്ച് ഡീക്കൻ ഉമ്മൻ (1830-1904)



വക്കം അബ്ദുൾ ഖാദർ (1912-1976)
ഡോ.അയ്യപ്പപ്പണിക്കർ (1930-2006)
24 എം.എസ്.മേനോൻ (1925-1998)
26 ടി.സി.ജോൺ (1949-2013)
27 ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (1857-1916)
ടി.പി.ബാലകൃഷ്ണൻനായർ (1923-1993)
കെ.ടി.രാമവർമ്മ (1931-1993)
വി.എസ്.ആൻഡ്രൂസ് (1872-1969)
കെ.എസ്.നമ്പൂതിരി (1936-2008)
28 കെ.പി.ഉറുമീസ് (1913-1993)
29 വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902-1980)
വയലാ വാസുദേവൻപിള്ള (1945-2011)
30 വിദ്വാൻ കെ.പ്രകാശം (1909-1979)
എം.എ.കൽബുർഗി (1930-2015)
31 പൂച്ചാലി ഗോപാലൻ (2000)

05 കലാകൗമുദി വാരിക തുടക്കം (1975)
06 ഹിരോഷിമ ദിനം (1945)
09 നാഗസാക്കി ദിനം (1945)
15 സ്വാതന്ത്ര്യദിനം
ചിന്താ വാരിക തുടക്കം (1963)
കുങ്കുമം വാരിക തുടക്കം (1965)
16 സമസ്ത കേരള സാഹിത്യപരിഷത്ത്
ത്രൈമാസികം തുടക്കം (1932)
17 കൊല്ലവർഷാരംഭം
സാഹിത്യഅക്കാദമി ചിത്രശാല തുടക്കം (1995)
എക്സ്പ്രസ് ദിനപത്രം തുടക്കം (1944)
18 എസ്.ടി.റെഡ്യാർ പ്രസ് തുടക്കം (1886)
20 മലബാർ കലാപം തുടക്കം (1921)
21 തിരുവോണം
23 ദേശീയ ബഹിരാകാശദിനം
25 നബിദിനം
26 തിരുവോണം
26 പൂർണ്ണാ പബ്ലിക്കേഷൻസ് തുടക്കം (1966)
28 ശ്രീനാരായണ ഗുരു ജയന്തി, അയ്യൻകാളി ജയന്തി
29 ലോക കായികദിനം
ഡി.സി.ബുക്സ് തുടക്കം (1974)
തിരുവിതാംകൂർ സർവ്വകലാശാല
കേരളസർവ്വകലാശാലയായി (1957)
30 ആറന്മുള വള്ളംകളി